വസ്തുപ്രവസ്തുവിൻെറ ശരിയായ രൂപം അനുവാചകക്കു നൽകുകയാണല്ലോ ഉപമയുടെ മൗലികമായ ഉദ്ദേശം. നമുക്കു് നിത്യപരിചയമുള്ള വസ്തുക്കളെ ഉപമാന വസ്തുക്കളാക്കുകയാണെങ്കിൽ അതിനു് കൂടുതൽ ആസ്വാദ്യതയും ആകർഷകത്വവും ലഭിക്കുമെന്നുള്ളതിനു് രണ്ടുപക്ഷമില്ല. പ്രാചീന മലയാളസാഹിത്യകൃതികളിലേയ്ക്കു് നമ്മുടെ ശ്രദ്ധയെ തിരിച്ചുവിടുകയാണെങ്കിൽ അകൃത്രിമവും, അനവദ്യസുന്ദരവും ആയ നിരവധി ഉപമകൾ കാണുവാൻ കഴിയും. പഴയ ഗ്രാമീണഗാനങ്ങൾ, നാടോടിപ്പാട്ടുകൾ, ഇവയിൽ ധാരാളം ഉദാഹരണങ്ങൾ നമുക്കു ദൃശ്യമാകും.

ക്രിസ്തുവർഷം 11-ം 12-ം നൂററാണ്ടുകൾക്കിടയ്ക്കു് നിർമ്മിച്ചതായി കരുതപ്പെടുന്ന "വടക്കൻ പാട്ടുകളിൽ" മുൻപറഞ്ഞ രീതിയിലുള്ള ധാരാളം ഉപമകൾ കണ്ടെത്തുവാൻ കഴിയും. പുരാതന കേരളത്തിൻെറ ഇരുട്ടറകളിലേയ്ക്കു് വടക്കൻപാട്ടുകളാകുന്ന ദീപശിഖയോടെ പ്രവേശിക്കുന്ന ഒരാൾക്കു്, അക്കാലത്തെ സാമുദായികസ്ഥിതി, ഭരണവ്യവസ്ഥ, ആചാരം, ഭാഷ, തൊഴിൽ എന്നിവയെക്കുറിച്ചുള്ള ഒരു സമഗ്രചരിത്രം ലഭ്യമാകും. മലയാളസാഹിത്യഭണ്ഡാഗാരത്തിലെ അമൂല്യരത്നങ്ങളിലൊന്നായ പ്രസ്തുത ഗ്രന്ഥത്തിലെ ഉപമകൾക്കു് മലയാളത്തിലെ മറേറതൊരു സാഹിത്യകൃതിയിലുള്ള ഉപമകളേക്കാളും സൌന്ദര്യവും അകൃത്രിമത്വവും, ആസ്വാദ്യതയും കൂടുതലുണ്ടെന്നുള്ള കാര്യത്തിൽ തർക്കമില്ല. പൂർവ്വ കവിസങ്കേതങ്ങളെ തികച്ചും തിരസ്കരിച്ചുകൊണ്ടുള്ള ഒരു നവീന പന്ഥാവാണു് പ്രസ്തുത കൃതിയിൽ അവലംബിച്ചുകാണുന്നതു്. വടക്കൻപാട്ടിലെ ഏതാനും ചില ഉപമകളെ നമുക്കൊന്നു പരിശോധിക്കാം.

> "കുന്നത്തെക്കൊന്നയും പൂത്തപോലെ
> ഇളമാവിൻ തയ്യുതളിർത്തപോലെ
> കരുതോലയായതിൻ വർണ്ണംപോലെ
> കുന്നിക്കുരുവിൻെറ വർണ്ണംപോലെ"

വടക്കൻപാട്ടുകളിലുള്ള ഒരു സ്ത്രീവർണ്ണനയാണു് മുകളിൽ കൊടുത്തിരിക്കുന്നതു്. 'തച്ചോളിയോമനക്കുഞ്ഞിച്ചന്തു" വിവാഹം കഴിച്ച താഴത്തുമാത്തിലെ മാതുവിനെ" കുളക്കടവിൽവച്ചു് ഒരു 'കണ്ടർമേനോൻ' കാണുന്നതാണു് സന്ദർഭം. കുന്നത്തെക്കൊന്ന പൂത്തപോലുള്ള ആകാരകാന്തിയും ഇളമാവിൻ തയ്യിൻെറ തളിരിനു സമമായ മൃദുലതയും, കരുതോലയുടെയും കുന്നിക്കുരുവിൻെറയുംപോലുള്ള നിറവും (സ്വർണ്ണവർണ്ണം)വയനാടൻ മഞ്ഞൾ മുറിച്ചവിധത്തിലുള്ള ആകാരസുഷമയും ഒത്തുചേർന്ന ഒരു വിശ്വവശ്യഗാത്രതന്നെയാണു് കഥാനായിക.

നോക്കൂ! ഈ മാലോപമയിൽ പ്രയോഗിച്ചിരിക്കുന്ന ഉപമാനങ്ങൾ അന്നത്തെ ചുററുപാടിൽ

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

സുലഭവും, പണ്ഡിതപാമരഭേദമെന്യേ സുപരിചിതവും ആയ വസ്തുക്കളായിരുന്നു. കൊന്നപ്പൂവും, കുരുത്തോലയും ഇളമാവിൻതയ്യിന്റെ തളിരും, കുന്നിക്കുരുവും തനികേരളീയംതന്നെ. സാധാരണ നമ്മുടെ ദൃഷ്ടിയിലാണെങ്കിൽ കേരളീയവനിതകൾ "ശരദഭ്രശുഭ്രസുഷമയും;" "കാളാംബുദാളീകളബ്രഹളതമശ്യാമള കളേബരയും;" "കോകിലാളീകളകളമുരളീകാഹളിയും; ആയിട്ടുള്ളവരാണല്ലോ! ഇതിൽനിന്നും എത്ര വ്യത്യസ്ഥരാണ് വടക്കൻപാട്ടിലെ സ്ത്രീകൾ. മുകളിൽ കൊടുത്തിരിക്കുന്ന ഉപമയിൽ ഒരു കുലീനയുവതിയുടെ സ്വഭാവംകൂടി അന്തർലീനമായിരിക്കുന്നത്, ശ്രദ്ധിച്ചാൽ, സൂക്ഷ്മദൃക്കുകൾക്കു കാണാൻകഴിയും.

മറെറാരു സ്ത്രീവർണ്ണന നോക്കാം.

"ആദിത്യചന്ദ്രനെക്കണ്ടപോലെ
പൊൻവാളും തട്ടുപ്രഞ്ഞ നീട്ട്യപോലെ,"

ആദിത്യചന്ദ്രന്മാരുടെ ശോഭയും പൊൻവാളിന്റേതുപോലുള്ള ശരീരകാന്തിയും സമഞ്ജസമായി സമ്മേളിക്കുന്ന ഒരു സമ്മോഹനവിഗ്രഹം തന്നെയാണ് ഈ സ്ത്രീഗാത്രം. ആദിത്യന്റെ പ്രഭയും, ചന്ദ്രന്റെ കുളുർമ്മയും ഒത്തുചേർന്ന ശരീരകാന്തിയും, 'പൊൻവാളുകം' തട്ടിനീട്ടിയതുപോലുള്ള ശരീരവടിവും ഒത്തുചേർന്ന അവളുടെ ഒരു വർണ്ണചിത്രംകൂടി നമുക്കു ലഭിക്കുന്നുണ്ട്.

ഇതിൽനിന്നും വളരെയധികം വിഭിന്നമായ ഉപമകളൊന്നും വടക്കൻപാട്ടിന്റെ കർത്താക്കൾ ഉപയോഗിച്ചുകാണുന്നില്ല.

"പൊൻപണം മിന്നുംപോലെയും"; "മുററത്തെ കൊന്ന പൂത്തപോലെയും"; "ആദിത്യചന്ദ്രരെക്കണ്ടപോലെയും"; "കുന്നിക്കുരുവിന്റെയും കുരുത്തോലയുടെയും വർണ്ണം പോലെയും"; "വയനാടൻ മഞ്ഞൾമുറിച്ചപോലെയും"; പൊൻവാളും തട്ടപ്രഞ്ഞ നീട്ട്യപോലെയും" ആണ് വടക്കൻ പാട്ടിലെ മിക്കസ്ത്രീകളും. എല്ലാം ഒരേ അച്ചിൽ വാർത്തവർ.

"മാനും കലയും കിടയ്ക്കുംവണ്ണം
കരിങ്കന്നിണവെട്ടിക്കിടയ്ക്കുംവണ്ണം
കാററത്തുപഞ്ഞി പറക്കുംവണ്ണം".

എന്നിങ്ങനെയാണ് ഒരങ്കംവെട്ടലിനെവർണ്ണിക്കുന്നത്. ചെറിയ ആരോമുണ്ണിയുടെ പാട്ടുകഥയിൽ" ചെറിയ ആരോമുണ്ണിയും ചന്തുവും തമ്മിലുള്ള അങ്കമാണ് പ്രകൃതം. ചതിയനും ഉന്നതാകാരനുമായ ചന്തുവിനെ കലമാനിനോടും, ശാന്തപ്രകൃതനും ബാലനുമായ ആരോമുണ്ണിയെ മാനിനോടും ഉപമിച്ചിരിക്കുന്ന കവിയുടെ ഔചിത്യബോധം പ്രശംസാർഹംതന്നെ. ആരോമുണ്ണി അനാഗതശ്മശ്രുവും, ചന്തു പ്രൗഢവയസ്കനും ആണെങ്കിലും അവരുടെ സമനില "കരിങ്കന്നിണവെട്ടിക്കിടയ്ക്കും വണ്ണം" എന്ന ഉപമയിൽനിന്നും ധ്വനിക്കുന്നു. യുദ്ധത്തിലുള്ള വാശിയും തുല്യശക്തിയും, ശൌര്യവുംകൂടി ഈ ഉപമയിൽ നിന്നു മനസ്സിലാക്കാം. "കാററത്തു പഞ്ഞിപറക്കും പോലെ" എന്ന ഉപമയിൽനിന്നും യോഗിപ്രതിയോഗികളുടെ സാമർത്ഥ്യവും ആവേശവും മനസ്സിലാക്കാം. കാററിൽ പഞ്ഞി പറക്കുന്നത് വളരെ വേഗത്തിലാണല്ലോ. ഭൂമിയിൽനിന്നും ഉയർന്ന് ചാടി അങ്കം വെട്ടുന്നതിനുള്ള സാമർത്ഥ്യവും നമുക്കു മനസ്സിലാക്കാം. മാത്രമല്ല അതിനുള്ള അവരുടെ ശരീരലാഘവംകൂടി ഈ ഔപമ്യത്തിൽനിന്നും നമുക്ക് നിഷ്പ്രയാസം മനസ്സിലാക്കാം.

"എളമീൻ കടലീന്നു ചാട്ടംപോലെ"യാണ് ചെറിയ ആരോമുണ്ണി മതിൽചാടുന്നത്. ആരോമുണ്ണിയുടെ പ്രായം, ചൊടി, വേഗം, ശൌര്യം എന്നീ ഗുണഗണങ്ങൾ എത്ര ചിന്താബന്ധുരവും വിമർദ്ദഹൃദ്യവും ആയ രീതിയിലാണ് ഈ ഉപമയിൽ നിബന്ധിച്ചിരിക്കുന്നത്.

ചന്തുവും ആരോമുണ്ണിയും തമ്മിലുള്ളഅങ്കത്തിൽ ചന്തുതളർന്നു. ചന്തുവിന്റെ ഭാര്യ "കുഞ്ഞുണ്ണൂലി" കൊടുത്ത "അഞ്ഞാഴിനീരും" ചന്തുകുടിച്ചു. "നാഡികൾക്കൊക്കെ ബലംവന്നതിനുശേഷമുള്ള അങ്കത്തെ കവി വർണ്ണിക്കുന്നു.

"ബാലിസുഗ്രീവന്റെ യുദ്ധംപോലെ
നിലത്തിറങ്ങിയിടിവെട്ടുംപോലെ
ലോകങ്ങളൊക്കവേ വിറച്ചുപോയി."



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ഒന്നാമത്തെ ഉപമ അങ്കംവെട്ടലിലുള്ള ശൌര്യ്യവീര്യ്യപരാക്രമങ്ങളെ എടുത്തുകാണിക്കുന്നു. ബാലിസുഗ്രീവന്മാരുടെ പരസ്പരശത്രുത്വം വളരെ പഴക്കം ഉള്ളതുപോലെതന്നെ ചന്തുവിന്റേയും, ആരോമുണ്ണിയുടേയും വൈരവും ഏറെ പഴക്കം ഉള്ളതാണ്. എത്ര സരസമായ ഉപമ! രണ്ടാമത്തെ ഉപമയിൽ ചുരികകളും പരിചകളും തമ്മിലുള്ള സംഘട്ടനത്തിൽനിന്നും ഉടലെടുക്കുന്ന ചടചടാരവവും, ഘോഷനിർഘോഷങ്ങളും, ആയുധങ്ങളിളക്കുമ്പോഴുണ്ടാകുന്ന പ്രോജ്ജ്വലപ്രഭയും കവി ഭംഗ്യന്തരേണ വ്യഞ്ജിപ്പിക്കാൻശ്രമിക്കുന്നു. സമരാന്തരീക്ഷത്തിന്റെ ഗാംഭീര്യ്യവും, രംഗത്തിന്റെ ഭീകരതയും ശകലവും ചോർന്നുപോകാതെ ഉപമ പ്രയോഗിച്ച് സഹൃദയാനന്ദം വരുത്തിയിരിക്കുന്ന കവിയുടെ പ്രതിഭാശക്തിയും, നിരീക്ഷണനൈപുണ്യവും ശ്ലാഘനീയംതന്നെ.

പുത്തൂരംവീട്ടിലെ ആരോമൽചേവകർ അരിങ്ങോടരുടെ തലയറുത്തിട്ടതു് "കറികരിഞ്ചേമ്പിൻ തണ്ടറപോലെ"യാണ് "അത്ഭുതവിക്രമധിക്കൃതശക്രപരാക്രമനാ"യ ചേവകരുടെ സാന്നിദ്ധ്യത്തിൽ ദുഷ്കൃത്യൈക പടുവും, കുടിലതയുടെയും വഞ്ചനയുടേയും മൂർത്തീകരണവും ആയ അരിങ്ങോടർ വെറും കറിക്കുള്ള ഒരു "കരിഞ്ചേമ്പിൻ" തണ്ടത്രേ. അരിങ്ങോടരുടെ അധമത്വവും ചേവകരുടെ ഔന്നത്യവും ഇതിൽനിന്നും വ്യക്തമാകുന്നതോടൊപ്പം ചുരികയുടെ മൂർച്ചയും ചേവകരുടെ അങ്കവൈദഗ്ദ്ധ്യവും കരതലാമലകംപോലെ കവി നമുക്ക് ഈ ഉപമയിൽ കൂടി കാണിച്ചുതന്നിരിക്കുന്നു.

ഇങ്ങനെ വടക്കൻപാട്ടുകളിലെ ഉപമകൾ ഒന്നൊന്നായി പരിശോധിക്കാൻ സ്ഥലപരിമിതി അനുവദിക്കുന്നില്ല.

"തൊണ്ണൂറാൻ ചെത്തിയങ്ങ് എറിഞ്ഞപോലെ" തലകൾ വെട്ടിഎറിയുന്നതും "ഇരുട്ടത്തിടിവാളു മിന്നുംപോലെ" വാളിളക്കുന്നതും; "എളമുളപൊട്ടിയലറും പോലെ"കരയുന്നതും; "കാട്ടിലിളമാൻ ചാടുമ്പോലെ" വീരന്മാർ ചാടുന്നതും; "പൂപ്പോലെയുള്ള" ചോറിൽ "മഴവെള്ളംപോലുള്ള നെയ്യൊഴിച്ചു്; "മഞ്ഞുവെള്ളംപോലെ നനച്ച്" "പൊൻപോലെ"യുള്ള നാലുകറികളോടുകൂടി ആഹാരം കഴിക്കുന്നതും; "മഴക്കാറിൽ ചന്ദ്രൻ ഉദിച്ചുവന്നും" കാമുകന്മാർ ഇരുട്ടിൽ പതുങ്ങി നില്ക്കുന്നതും; "പരുന്തുപോലെ" പാറുന്നകൊടിമരം വെട്ടുന്നതും; "കാഞ്ഞിരക്കൊള്ളികത്തിക്കരിഞ്ഞപോലെ"യുള്ള സുന്ദരികളുടെ കണ്ണുകളിൽനിന്നും "ആലിൻപഴംപോലുള്ള" കണ്ണീർകണങ്ങൾ വീഴുന്നതും, 'കുലവെട്ടിയവാഴയിൽ പിണ്ടിപോലെ' പട്ടാളക്കാർ ചത്തുകിടക്കുന്നതും; പോത്തും "കലയും ചെറുക്കും വന്നും അങ്കം പൊരുതുന്ന സമരശൂരന്മാർ "വലിയിടിവെട്ടുംപോലെ" വാളിളക്കുന്നതും നിങ്ങൾക്കു വടക്കൻപാട്ടുകളിൽ ധാരാളം കാണാം.

മുകളിൽ കൊടുത്തിട്ടുള്ളതിൽ നിന്നും വ്യത്യസ്ത രീതിയിലുള്ള ഉപമകളും കാണാം.

"കാരിരുൾക്കൊത്ത മുടിയും; പഞ്ചമിച്ചന്ദ്രനോടൊത്ത നെററിയും; തത്തമ്മച്ചുണ്ടും, പവിഴപ്പല്ലും, കണ്ണാടിക്കൊത്ത കവിളും; ശംഖു കടഞ്ഞെടുത്ത കഴുത്തും; ചെപ്പു കടഞ്ഞ കരുമുഖവും ആലിലയ്ക്കൊത്ത വയറും; ആമയോടൊത്ത പുറവടിവും; കാരിരുൾക്കൊത്ത തുടയും, കാലും," ചില ഭാഗങ്ങളിൽ കാണാമെങ്കിലും അവയത്ര സുലഭമല്ല.

വടക്കൻപാട്ടിലെ ഉപമകൾ പരിശോധിക്കുന്ന ഒരാൾക്കു് കവി അലങ്കാരത്തിനുവേണ്ടി ഉപമയെ തിരുകി കയററിയിരിക്കുന്ന ഒരു പ്രതീതി ഒരിക്കലും ഉണ്ടാകുകയില്ല. അത്രയ്ക്കു് സ്വാഭാവികതയും, സഹൃദയരസികത്വവും അവയ്ക്കുണ്ടു്. "മലയാളത്തിലെ ഏതുമഹാകവിയുടേയും ഉപമയോടും തോളുരുമ്മിനില്ക്കാൻ തലയെടുപ്പുള്ള ഉപമകൾ ഗ്രാമീണരുടെ ഇടയിൽ പ്രചാരത്തിലിരുന്നുവെന്നു് തച്ചോളി പ്പാട്ടുകൾ തെളിയിക്കുന്നു." ഗ്രാമീണരുടെ ഉപമകൾ (മല



MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# സന്ദേശം.

(C. R. Sadasivan Nair—III B. Sc.)

അംബരപ്പൂനിരവാടികയിലൊരു
ചെമ്പനീർത്താരമുദിച്ചു.
ചന്ദനച്ചാറിലലിഞ്ഞുയിർക്കൊണ്ടൊരു
മന്ദാനിലനും ചരിച്ചു.
പൊന്നിണധാരയിൽ മുങ്ങിക്കുളിച്ചൊരു
ചെമ്മുകിൽ ദൂരെക്കുതിച്ചു.
അന്തിമയങ്ങിയ ചക്രവാളത്തിൻെറ-
യന്തികത്തിങ്കലൊളിച്ചു.
വെന്തുനീറുന്നൊരു ചിന്തയിലെൻമന-
ച്ചെന്താരിളം മരവിച്ചു.
ഭൂതകാലത്തിൻെറ രോമാഞ്ചിതക്കുളിർ
വാതമതിലങ്കുരിച്ചു.
എന്നന്തരാത്മാവിലൊട്ടിപ്പിടിച്ചൊരു
'സന്ദേശ'മാരോയുരച്ചു.
"ഓമനിച്ചെത്രനാൾ നിന്നെയെൻ പൂവന-
ത്തുമണിമാളികയിങ്കൽ
എന്നകത്താരിൽ നിന്നൂറിയുതിർന്നുള്ള
പുന്നാരപ്പാട്ടെത്രപാടി
പൊന്നലർവാടിയിലെങ്കരവും പേറി-
യന്നൊക്കെയെത്രനാൾ പോക്കി
നിന്നകമൊന്നിലും നോവിച്ചിടാതെ ഞാ-
നന്നുനിന്നന്തികേ വാണു.
നിൻഹൃദയത്തുടിപ്പോരോന്നിലുമെത്ര
പൊൻപ്രഭയാർന്നിരുന്നില്ലാ?
പൊഞ്ചുണ്ടതിക്കുമപ്പൂപുഞ്ചിരിയ്ക്കെൻെറ
നെഞ്ചെത്രമോഹിച്ചതില്ലാ?
നിന്നെ നീയായിട്ടു കാണുവാനെന്നക-
മെത്രയ്ക്കുമേൽ കൊതിച്ചീലാ?
നിൻദാസവൃത്തിയിലെൻ കൈകളെത്രയ്ക്കു-
മന്ദിച്ചവശമായില്ലാ?
നിന്നെയുയർത്തുവാനെന്നെയറിയുവാൻ
എന്തൊക്കെയാചരിച്ചില്ലാ?
ചാരിത്ര്യസംശുദ്ധിയാർന്നൊരെൻ ജീവനും
പാരം സമർപ്പിച്ചു നിന്നിൽ.
ഞാൻ നിൻെറ മാത്രമായില്ലാശ വേറെയാ-
'യാനന്ദനിർവൃതി'—മാത്രം
.... .... .... .... .... .... .... .... .... .... .... .... ....
എങ്കിലും ജീവിതം കാമിച്ച നിന്നകം
തങ്കക്കിനാവുകൾ കണ്ടു.
.... .... .... .... .... .... .... .... .... .... .... .... ....
മറ്റൊക്കെമാറി നീയെന്നരികിൽ നിന്നു
തപ്പിത്തടഞ്ഞിവിടെത്തി.
'ജീവിത'മെന്തെന്നറിഞ്ഞപ്പോഴെന്തുനിൻ
നാവിന്നുയരാതിരിപ്പൂ?
കൈവിട്ടകാലത്തെയോർത്തു പശ്ചാത്താപ-
വൈവശ്യനിശ്വാസമെന്തേ?
.... .... .... .... .... .... .... .... .... .... .... ....
വാർമഴവില്ലൊരു ചോദ്യമായെൻമുന്നി-
ലാമലമോളിൽത്തെളിഞ്ഞു.

യാളരാജ്യം വിശേഷാൽപ്രതി—**1951** പേജ് **79**) എന്ന ശ്രീ. മൂക്കോത്തു കുഞ്ഞപ്പയുടെ അഭിപ്രായം വടക്കൻപാട്ടുകളെ മുഴുവൻ സംബന്ധിച്ചും ശരിയാണ്.

"കട്ടുപടെപ്പട്ട കഠിനസംസ്കൃത വികട കട്ടകവി" യിൽ നിന്നും തികച്ചും സ്വതന്ത്രമായി "ഭടജനങ്ങളുടെയിടയിലുള്ള പടയണിക്കുവേണ്ടി വടിവിയന്ന ചാരുകേരള ഭാഷയിൽ" സ്വർഗ്ഗാനർഗ്ഗളനിർഗ്ഗളൽ സുരസരിത്പാഥഃ പ്രവാഹം പോലെ ശ്രേയസ്കരമായി നിർമ്മിക്കപ്പെട്ട വടക്കൻ പാട്ടുകൾ മലയാള സാഹിത്യ ഭണ്ഡാഗാരത്തിലെ ഒരമൂല്യ നിധിയാണെന്ന കാര്യത്തിൽ തർക്കത്തിന്നവകാശമില്ല.



*CRICKET TEAM 1956—'57*

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY



K. Paul IV U.C.

*Who represented the University in Football*



V. Padmanabhan, B.Com.

*Stood first in the State in English with triple Second Class in 1955*



K. Simon Abraham, III B Com.

*Who represented the University in Basketball*



SENIOR B. Com. CROUP 1956-'57



MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# തീച്ചൂളയിൽനിന്നു്

*(T. K. George—III. U. C.)*

അതിനെപ്പററി ഓർത്താൽ തലച്ചോറു പുകയും; നിരാശാജനകവും മർമ്മഭേദകവുമാണ് ആ സംഭവം. പക്ഷെ എങ്ങനെ ഓർക്കാതിരിക്കും. മരവിച്ചു മരിച്ച ഒരു മനുഷ്യാത്മാവു് ആ സംഭവത്തിൽ കോർത്തിരിപ്പുണ്ടു്. പരന്നുവിസ്തൃതമായിരിക്കുന്ന ഈ മണൽപ്പുറത്തിരുന്നു് ആഴിപ്പുരപ്പിൽക്കൂടി ചക്രവാളത്തിലേയ്ക്കു നോക്കുമ്പോഴെല്ലാം എന്റെ കരളിൽ ഒരു മൊട്ടുസൂചി കുത്തിയിറക്കിയാലത്തെ പ്രതീതി ഉണ്ടാവും.

അങ്ങകലെ ആഴിക്കപ്പുറത്തുള്ള ഒരു കൊച്ചു ഗ്രാമത്തിലാണ് ഞാൻ ജനിച്ചതു്. സമ്പൽസമൃദ്ധമായ ഗ്രാമം. ലളിതവേഷധാരികളായ ഗ്രാമീണർ. ഞാൻ ഒരു സാധാരണ കൃഷിക്കാരന്റെ മകനാണു്. ഞങ്ങളുടെ തൊട്ടടുത്തു് ഒരു ഊക്കൻ കെട്ടിടമുണ്ടു്. അതു് സമ്പന്നനായ ഞങ്ങളുടെ ഗ്രാമത്തലവന്റേതാണു്. ഉഷ ഗ്രാമത്തലവന്റെ ഏകസന്താനമാണു്. രൂപസൗഭാഗ്യമുള്ള ഒരു കൊച്ചു മിടുക്കി. ഉഷയുടെ വീട്ടിൽ എനിക്കു സർവസ്വാതന്ത്ര്യമുണ്ടായിരുന്നു.

ഞാനും ഉഷയും ഒന്നിച്ചുകളിച്ചു വളർന്നു. ആ ചുററുപാടുമുള്ള കുട്ടികളുടെ നേതൃത്വം ഞങ്ങൾക്കു രണ്ടുപേർക്കുമാണു്. പഠിത്തത്തിൽ ഏററവും സമർത്ഥരും ഞങ്ങളാണു്. വാസ്തവത്തിൽ ഞങ്ങൾ രണ്ടുപേർ മാത്രമേ അവിടെ പഠിക്കുന്നുള്ളുവെന്നു തോന്നും, അത്രയ്ക്കു മൽസരമാണു് അക്കാര്യത്തിൽ ഞങ്ങൾക്കു്. മിക്കവാറും എല്ലാവിഷയങ്ങളിലും എനിക്കു് ഒന്നാംസ്ഥാനം തന്നെ കിട്ടുമായിരുന്നെങ്കിലും ഇംഗ്ലീഷ് അവൾ കുത്തകയാക്കി വെച്ചിരുന്നു. ആ നാശംപിടിച്ച ഭാഷയുടെ കുരുക്കുകൾ എല്ലാം അഴിച്ചു കാണിച്ചുകൊടുക്കും ഉഷയുടെ ട്യൂഷൻ മാസ്റ്റർ.

സ്കൂളിൽ പോകുന്നതു ഞങ്ങൾ ഒരുമിച്ചാണു്. ഉഷ അച്ഛന്റെ കൂടെ അവരുടെ ചെറിയകുതിരവണ്ടിയിലും ഞാൻ പുറകെയും. ഉഷയുടെ അച്ഛൻ പണക്കാരനല്ലേ? അച്ഛൻ ഇല്ലാത്തപ്പോൾ ഞാൻകൂടെ കയറണമെന്നു് ഉഷയ്ക്കു നിർബന്ധമാണു്. അങ്ങനെ ഞങ്ങൾ ഇഴുകിച്ചേർന്നു് മുന്നോട്ടുപോയി.

ഏഴു ക്ലാസുകളുള്ള സ്കൂളാണു് ആ ഗ്രാമത്തിലെ ഏററവും വലിയ സ്കൂൾ. ഞങ്ങൾ രണ്ടുപേരും ഒരാണ്ടിൽത്തന്നെ അവിടെ നിന്നു പാസ്സായി. ഇനിയും പഠിക്കേണ്ടതു് പട്ടണത്തിലാണു്. ഉഷയെ പട്ടണത്തിലയക്കുവാൻ തീരുമാനിച്ചു. ഞാനെങ്ങനെ പഠിക്കും? കഷ്ടിച്ചു കഴിക്കാൻ വകമാത്രമുള്ള പിതാവു്, എങ്ങനെ എന്നെ പട്ടണത്തിൽ അയച്ചു പഠിപ്പിക്കും. ഇനിയും ഞാൻ മൽസരിക്കുന്നതാരോടാണു്? ഞാൻ അച്ഛന്റെ കൂടെയും ഉഷ പട്ടണത്തിലും. കൃഷിയായുധങ്ങളുമായിത്തന്നെയാകട്ടെ എന്റെ മൽസരം എന്നു് ഞാൻ തീരുമാനിച്ചു.

ഏറെ താമസിയാതെ മറെറാരു പട്ടണത്തിൽ എനിക്കു് ഒരു ചെറിയ ജോലികിട്ടി. ഞാനും ഉഷയും അകലെയായിരുന്നെങ്കിലും കത്തുകൾ മൂലം ആ അകലം പരമാവധി കുറച്ചു. ഞങ്ങൾ വളർന്നു, വീണ്ടും വളർന്നു. ഞങ്ങളുടെ സ്നേഹത്തിനും നിറപ്പകിട്ടുണ്ടായി. വെളുത്തു ശുഭ്രമായ സ്നേഹം ഇപ്പോൾ കടും ചെമപ്പായിരിക്കുന്നു.

ഉഷ ബിരുദധാരിണിയായി വീട്ടിലേക്കു മടങ്ങി. യുവതിയായ അവൾക്കു് കൂടുതൽ നിയമങ്ങൾ അനുസരിക്കേണ്ടിവന്നു. സാമൂഹ്യനിയമങ്ങളുടെ ചട്ടക്കൂട്ടിൽ ഒതുങ്ങി ജീവിക്കണം. കർക്കശമായ നിയമങ്ങൾ അവളെ ശ്വാസം മുട്ടിച്ചു. യുവതികൾക്കുവേണ്ടിമാത്രം ഈ അയവില്ലാത്ത

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

നിയമങ്ങൾ സൃഷ്ടിച്ചതാരാണ്? ഒരു യുവാവായിരുന്നെങ്കിൽ അവൾ എത്ര സ്വതന്ത്രയായിരിക്കുമായിരുന്നു. യുവതിയായ അവളുടെ അവശത പരിഹരിക്കാൻ ഒരു യുവാവ് അവൾക്കുണ്ട്. പക്ഷെ, അയാൾ അവളുടേതാകുമോ?

ഏതാനും ദിവസത്തെ അവധികിട്ടുമ്പോൾ ഞാൻ വീട്ടിലേക്കു മടങ്ങും. മാതാപിതാക്കളേയും ഉഷയേയും കാണുകയായിരുന്നു അതിന്റെ ഉദ്ദേശം. പക്ഷെ വളരെ ചുരുക്കമായേ ഉഷയുമായി സംസാരിക്കാൻ കഴിഞ്ഞുള്ളു.

ജോലിചെയ്തുകിട്ടിയ പണം എനിക്കിപ്പോൾ കുറച്ചു മിച്ചമുണ്ട്. അതുകൊണ്ട് പഠനം തുടരുവാൻതന്നെ ഞാൻ തീരുമാനിച്ചു. ഉഷ പഠിച്ച പട്ടണത്തിൽതന്നെ ഞാനും ഉപരിപഠനത്തിനു പോയി.

അങ്ങനെ ഇരിക്കുമ്പോഴാണു എനിക്കു് അവളുടെ കത്തു കിട്ടിയതു്. "പ്രിയജോസ്", തിട്ടക്കത്തിൽ വരണം. കാണാനതിയായ ആഗ്രഹമുണ്ട്. എന്നു് സ്വന്തം ഉഷ". ഒരു ഉൾക്കിടുക്കത്തോടുകൂടിയാണു് ഞാനതു വായിച്ചുതീർത്തു്. പെട്ടെന്നു് ഞാൻ വീട്ടിലേക്കു തിരിച്ചു.

ഉഷയുടെ വീട്ടിൽ കുറെദിവസങ്ങളായി ഉൽസാഹത്തിമിർപ്പും ബഹളവുമാണ്. എന്തൊരു തിരക്കുപിടിച്ച ദിവസങ്ങൾ. ആ വീട്ടിൽ ഒരാളൊഴിച്ചു ബാക്കി എല്ലാവരും സന്തോഷിക്കുന്നു. തിരക്കു കൂട്ടുന്നു. 'ഉഷ' മാത്രം വിഷാദമൂകയാണ്. അവളുടെ പിതാവു് അവൾക്കു് അനുരൂപനായ ഒരു ഭർത്താവിനെ കണ്ടുപിടിച്ചു കഴിഞ്ഞിരിക്കുന്നു. മറെറാരു ഗ്രാമത്തലവന്റെ മകൻ, അങ്ങകലെയെവിടെയോയുള്ള ഒരു പണക്കാരൻ, അവൾ ആരെ വരിക്കും? ഒരു സാധാരണക്കാരനായ എന്നെയോ? അതോ പ്രൌഢിയും പണവുമുള്ള അപരനെയോ? പക്ഷെ ജോസിനെ ഈ ആയുസ്സിൽ മറക്കാൻ അവൾക്കു ശക്തിയില്ല. എന്നാൽ അവൾക്കു് എന്തുചെയ്യാൻ കഴിയും: പിതാവിന്റെ ആജ്ഞയെ ധിക്കരിക്കുകയോ? ധിക്കരിച്ചാൽ അനന്തരഫലങ്ങളെന്തു്? ആവൾ ആകെ കുഴങ്ങി. നിരാശാജനകമായ നിശകളെ തള്ളി നീക്കിക്കൊണ്ടു് അവൾ ആരെയോ കാത്തിരിക്കുയായിരുന്നു,

ഞാൻ റയിൽവേസ്റ്റേഷനിലെത്തി. ട്രയിൻ വിടാൻ പത്തുമിനിട്ടേ താമസമുള്ളു. എഴുത്തെടുത്തു് ഞാൻ തിരിച്ചും മറിച്ചും നോക്കി. എന്റെ ചിന്ത അങ്ങകലെയുള്ള ഉഷയുടെ വീട്ടിലാണ്. ഉഷയ്ക്കു സുഖക്കേടു കൂടുതലായിരിക്കുമോ? സുഖക്കേടു കൂടുതലാണെങ്കിൽ അവൾ എങ്ങനെ എഴുതെഴുതി? കൈപ്പട അവളുടേതുതന്നെ. പിന്നെ എന്തായിരിക്കാം കാര്യം. വിചാരങ്ങൾ എന്റെ മനസ്സിൽ ഒന്നിനു പിറകിൽ മറെറാന്നായി അല അടിച്ചുകൊണ്ടിരുന്നു. ഉഷയുടെ വീട്ടിലെത്താൻ ഞാൻ വളരെ തിടുക്കം പൂണ്ടു. തീവണ്ടിക്കു് വേഗത കുറഞ്ഞുപോയതുപോലെ എനിക്കു തോന്നി.

ഞാൻ നാട്ടിലെത്തിയ ഉടൻതന്നെ നേരെ ഉഷയുടെ വീട്ടിലേക്കാണു് പോയതു്. എന്തൊരു തിക്കും തിരക്കും ആ വീട്ടിൽ! ഞാൻ ഞെട്ടിപ്പോയി. അവൾക്കെന്തെങ്കിലും സംഭവിച്ചിരിക്കുമോ? പക്ഷെ, അവിടെ എല്ലാവർക്കും സന്തോഷമാണ്. മുകളിലത്തെ നിലയിൽ റേഡിയോ ശബ്ദിക്കുന്നു. കുട്ടികൾ പാടുകയും ശബ്ദം ഉണ്ടാക്കികൊണ്ടു് ഓടിനടക്കുകയും ചെയ്യുന്നു. ഇതെന്തൊരത്ഭുതം!

ഞാൻ ഉഷയുടെ മുറിയുടെ വാതുക്കൽ എത്തി കതകിൽ മുട്ടി. ക്ഷീണിച്ചു വിളറിയ ഒരു സ്ത്രീരൂപമാണ് കതകു തുറന്നതു്. അതു് അവളാണെന്നു എനിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. അവൾക്കെന്തു് ഇത്രവലിയ മാററം വരാൻ കാരണം.? എപ്പോഴും പുഞ്ചിരിച്ചു തുടുത്തിരിക്കുന്ന അവളുടെ മുഖം വാടിത്തളർന്നതെന്തു്? എനിക്കു് എന്തെന്നില്ലാത്ത സങ്കടമുണ്ടായി. എന്റെ ജീവന്റെ ജീവനായ ഉഷ കരയുന്നതു് ഞാൻ എങ്ങനെ സഹിക്കും?.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

"ഉഷേ, ഉഷേ" ഞാൻ വിളിച്ചു. ഉത്തരമില്ല. വീണ്ടും വിളിച്ചു കരച്ചിൽ മാത്രമായിരുന്നു ഉത്തരം. 'നീയെന്താണ് ഒന്നും മിണ്ടാത്തത്. കാര്യം എന്താണെന്നു പറയൂ" ഇങ്ങനെ വിരാമമില്ലാത്ത ചോദ്യങ്ങൾ ഞാനാവർത്തിച്ചു. അവൾക്ക് പലതും പറയണമെന്നുണ്ടായിരുന്നു. പക്ഷെ, ഇടറിയ കണ്ഠത്തിൽനിന്നും ഒന്നും പുറത്തു വന്നില്ല.

മെല്ലെ അവൾ ശിരസ്സുയർത്തി ആരോടെന്നില്ലാതെ മന്ത്രിച്ചു. 'എൻെറ വിവാഹം' മററന്നാൾ അതു് പൂർത്തിയാക്കാൻ അവൾക്കു കഴിഞ്ഞില്ല. എനിക്കെല്ലാം മനസ്സിലായി. ഒരു മിന്നൽപ്പിണർ എൻെറ മനസ്സിൽക്കൂടി കടന്നുപോയി. 'ഉഷേ ! ഈ ലോകത്തിനു് സ്നേഹം കാണാൻ കണ്ണില്ല' എൻെറ വാക്കുകൾക്ക് ശക്തി ഉണ്ടായില്ല. നാക്കു താണുപോയതുപോലെ തോന്നി. പക്ഷെ ഒരു അഗ്നിപർവതംപോലെ പൊട്ടിത്തെറിക്കുന്നതിനു പകരം ഞാനൊരുപദേശിയെപ്പോലെ ശാന്തനായി. "ഉഷേ, നമ്മുടെ സ്നേഹം പവിത്രമാണ്. പക്ഷെ, മറുപുറം ചിന്തിക്കൂ. പിതാവിൻെറ ആഗ്രഹത്തെ നിരസിക്കാമോ? പിതാവിനെ അനുസരിക്കൂ. നീ ഒരു കുബേരബാലിക ഞാൻ സാധാരണക്കാരൻ. നിൻെറ ഉത്കർഷം ഒന്നുമാത്രമാണ് എൻെറ ജീവിതാഭി" അതു മുഴമിപ്പിക്കാതെ ഞാൻ ഭ്രാന്തനെപ്പോലെ വീട്ടിലേയ്ക്കോടി.

തകർന്ന ഹൃദയവും ക്ഷീണിച്ചു വിറയ്ക്കുന്ന ശരീരവുമായി അവൾ കിടന്നു. "ടിക് ടിക്" എന്ന ക്ലോക്കിൻെറ മന്ത്രോച്ചാരണം നിശ്ശബ്ദതയെ ഭഞ്ജിച്ചു കൊണ്ടിരുന്നു. അവൾ നിസ്സഹായയായി ഞെരിപിരികൊണ്ടു. ആ കിടപ്പിൽത്തന്നെ ഒരു ദിവസം കിടന്നു. ഇപ്പോൾ അവൾക്ക് പനിയുണ്ട്. ശരീരത്തിൻെറ ഊഷ്മാവു ക്രമേണ വർദ്ധിച്ചു വരികയാണ്. വിവരമറിഞ്ഞ പിതാവ് ഓടിയെത്തി. ഡാക്ടറെ വരുത്തി മരുന്നു കൊടുത്തു. പക്ഷെ, ശരീരത്തിൻെറ ചൂട് കുറയുന്നില്ല. ഡാക്ടറുടെ ശ്രമങ്ങളെങ്ങനെ ഫലപ്രാപ്തിയിലെത്തും. അദ്ദേഹം ശരീരശാസ്ത്രവിദഗ്ദ്ധൻ മാത്രമല്ലേ? ഇവിടെ ചികിൽസവേണ്ടിയിരിക്കുന്നതു് ശരീരത്തിനാണോ?

എൻെറ തലയ്ക്കകത്തുകൂടി തീവണ്ടി ഓടുകയാണ്. എന്തുചെയ്യണമെന്ന് എനിയ്ക്ക് ഒരു എത്തും പിടിയുമില്ല. ചിന്തകൾ ഒന്നിനുമുകളിൽ മറെറാന്നായി പൊന്തിവരികയാണ്. ഭൂമണ്ഡലത്തിൻെറ അതിർത്തിവരമ്പിൽ ചെന്നു് ശൂന്യതയിലേയ്ക്കു ചാടി അപ്രത്യക്ഷമായാൽ കൊള്ളാമെന്നെനിക്കുണ്ട്. ഇനി എന്തിനു ജീവിക്കണം? ഞങ്ങളുടെ ജീവിതത്തിൻെറ നാരായവേരിൽ കത്തിവച്ച ആ മനുഷ്യനെ ഞെരിച്ചു് പർപ്പടകം പോലെ പൊടിക്കാൻ എനിക്കു തോന്നി.

പെട്ടെന്നു കതകിലാരോ മുട്ടുന്നതുകേട്ട് കതകു തുറന്നപ്പോൾ കണ്ടതു് ഉഷയുടെ ഭൃത്യനെയാണ്. "ഉഷക്കു പനി വളരെ കൂടുതലാണ്, അങ്ങോട്ടൊന്നു വരണം" ഇത്രയും പറഞ്ഞുകഴിയുന്നതിനുമുമ്പ് ഞാനൊരു ചുഴലിക്കാററുപോലെ അവളുടെ വീട്ടിലെത്തി. അപ്പോഴേയ്ക്കും ആ ദീപം അണയാറായിരുന്നു. ഉഷയുടെ കണ്ണുകൾ പകുതി അടഞ്ഞിരുന്നു.

"ജോസ്", .... .... .... .... ....ൻെറ "ജോസ്", അവൾ ആരോടെന്നില്ലാതെ മന്ത്രിച്ചു. ഒരു നിമിഷംകൂടി.! ആ കണ്ണുകൾ പൂർണ്ണമായി അടയുവാൻ.

ആ തുടുത്ത കവിളുകളും; വളഞ്ഞ പുരികങ്ങളും, നീലക്കണ്ണുകളും എന്നന്നേയ്ക്കുമായി മറഞ്ഞു. ഞാൻ.... ....അടിമുടി വിറയ്ക്കാൻ തുടങ്ങി. എന്നെ ഒരു തീച്ചൂളയിലിട്ട് വാട്ടിയെടുക്കുന്നു. എൻെറ ഹൃദയകവാടങ്ങളെ കത്തിത്തുളച്ചു രക്തം ചീറിപ്പായുന്നു. ലോകമാസകലം കറങ്ങുകയാണ്. അതിൻെറ ഉച്ചിയിൽ ഒരു പമ്പരമായി നിന്നു് ഞാനതിവേഗം കറങ്ങുന്നു. ഉഷേ! ഉഷേ! ഞാൻ നീട്ടി വിളിച്ചു. ആ ശബ്ദം ലോകമെങ്ങും മാറെറാലികൊണ്ടു.

# വേണുഗാനം

*(P. Jawahara Kurup—II U. C)*

(കേക)

അമ്പിളിക്കലപൊങ്ങി
മാനത്തുവെള്ളിപ്പൂക്ക-
ളെമ്പാടും വിടരുന്ന
രാത്രിതൻമടിത്തട്ടിൽ.

കേൾക്കുന്നു വിദൂരത്തി
ലാനന്ദദിവ്യസാര-
മുൾക്കളം തുടിപ്പിക്കും
വേണുവിൻ ഗാനാലാപം.

ചേലാർന്നൊരക്കുന്നിൻെറ
തോപ്പിൽനിന്നുതിരുന്ന
പാലപ്പൂമണം കുളിർ
കാററിലൂടൊലിക്കുമ്പോൾ,

ഗായകാ, ഭവദ്ഗാന
പീയൂഷമൊഴുകുന്ന
മാധുരീപ്രവാഹത്തി-
ലുലകം ലയിക്കുമ്പോൾ,

കരളിൽനൃത്തം വെച്ചു
നിൽക്കുമീവെള്ളപ്പക്ഷി
ചിറകും വിടർത്തിക്കൊ-
ണ്ടുയരാൻ തുടങ്ങുമ്പോൾ,

നിദ്രയിൽപ്പോലുംനിൻെറ
സ്വർഗ്ഗീയസംഗീതത്തി-
ലാർദ്രമായ്തീരാത്തതി-
ന്നാരുടെവികാരങ്ങൾ?

മൂകതയുടുപ്പിട്ട
രാത്രികളുറങ്ങുമ്പോ-
ളേകമാം വേണുസ്വന-
മിക്കിളിയിടുന്നേരം

മഞ്ഞുതുള്ളികൾകോർത്ത
മിന്നുതാലിയുംചാർത്തി
പ്പൊന്നിളം മലരുക-
ളുദ്രസം വിരാജിക്കെ,

ആ ഗാനമഴകിൻെറ
കുഴലിൽക്കൂടിപിന്നി-
ട്ടോമനവികാരങ്ങൾ
മീട്ടിയെൻ ഹൃദയത്തിൽ!

ആ ഗാനസുധാകണ-
മുതിരും ദിവ്യാത്മക
ഭാഗധേയത്തിൽപ്പൊട്ടി
വിടരും പ്രശാന്തികൾ!

അങ്ഗുളനാളംവഴി
മന്ദമായൊഴുകീടും
മംഗളധ്വനികളോ
മധുരപ്രവാഹങ്ങൾ?

ലോലമായ്പ്രേമാനന്ദ
ഗീതകം ചൊരിയുന്ന
ലോകഗായകാ, തവ
ജീവിതചൈതന്യങ്ങൾ,

മന്നിൽവീണലിഞ്ഞുചേ-
ർന്നമലപ്രഭാപൂർണ്ണ
മഞ്ജുളതരംഗമായ്
പൊന്തിടുംപ്രപഞ്ചത്തിൽ!!

# തളർച്ച

*(Rev. Fr. Daniel Ayyaneth. B. A. Ph. L. L. D.)*

**പ**തിവുപോലെ അന്നു വൈകിട്ടും ഞാൻ നടക്കാനിറങ്ങിയെങ്കിലും, ദൂരത്തെങ്ങും പോയില്ല. അടുത്തുള്ള തോട്ടത്തിൽ അലക്ഷ്യമായി അങ്ങുമിങ്ങും നടക്കുന്നതിനിടയിൽ കൈവശമിരുന്ന അന്നത്തെ വർത്തമാനപ്പത്രം ഒരിക്കൽക്കൂടി തുറന്നുനോക്കി. രാവിലത്തെ ഓടിച്ചുള്ള വായനയിൽത്തന്നെ മൂന്നുസംഭവങ്ങൾ എന്റെ ശ്രദ്ധയെ ആകർഷിച്ചിരുന്നു. ഇപ്പോൾ സാവധാനത്തിൽ വീണ്ടും വായിച്ചു. ദാരുണമായ മൂന്നു മരണങ്ങളെപ്പററിയുള്ള വിവരണങ്ങൾ; ആരെയും ഞെട്ടിപ്പിക്കുന്ന സംഭവങ്ങൾ; മൂന്നും ആത്മഹത്യതന്നെ. വേറൊന്നും വായിക്കണമെന്നു തോന്നിയില്ല. പത്രം മടക്കിപ്പിടിച്ചുകൊണ്ടു് നടത്തം തുടർന്നു. എന്നാൽ വികാരവും വിചാരവും എന്നിൽ ഇരമ്പിപ്പായുകയായി. വിചാരം തന്നെ മുന്നിട്ടുനിന്നു. ഒടുവിൽ അതു് തത്വചിന്തയായി പരിണമിച്ചു. അപ്പോഴത്തെ എന്റെ ചിന്താഗതി പകർത്താതിരിക്കാൻ മനസ്സുവരുന്നില്ല. പകർത്തിക്കളയാം.

ഇപ്പോൾ ഞാൻ വായിച്ചതുപോലെയുള്ള എത്രയെത്ര ആത്മഹത്യകളാണു് ദിവസവും ലോകത്തിന്റെ ഒരററംമുതൽ മറേറ അററംവരെ നടക്കുന്നതു്! പത്രറിപ്പോർട്ടുകളും കേട്ടുകേഴ്‌വികളും നേരിട്ടുള്ള അനുഭവവും ഈ സംഗതി നമ്മെ വേണ്ടുംവണ്ണം മനസ്സിലാക്കുന്നുണ്ടു്. വൃദ്ധനും ബാലനും, പുരുഷനും, സ്ത്രീയും, വിജ്ഞനും, അജ്ഞനും, കുബേരനും, കുചേലനും എന്നുവേണ്ടാ, ജീവിതത്തിന്റെ ഏതു തുറയിലും ഉള്ളവർ ഈ ആത്മഹത്യയാകുന്ന നാശഗർത്തത്തിൽ ദയനീയമായി പതിക്കുന്നുണ്ടു്. വൃക്ഷക്കൊമ്പിൽ തൂങ്ങി മരിക്കുന്ന കൂട്ടരുണ്ടു്; വെള്ളത്തിൽ ചാടിച്ചാകുന്നവരുണ്ടു്. ചിലർ വിഷം കുടിച്ചു് സ്വന്തം കഥകഴിക്കുന്നു. സാരിത്തുമ്പിൽ തീകൊളുത്തി സ്വയം മൃതിയടയുന്ന സ്ത്രീകളെപ്പററി കേട്ടിട്ടുണ്ടു്. ഇങ്ങിനെ പോകുന്നു ആത്മഹത്യയുടെ വിധങ്ങളും വിവരങ്ങളും.

ആത്മഹത്യയുടെ വിധവും ബാഹുല്യവും അപ്പോൾ എന്റെ ചിന്താമണ്ഡലത്തിൽ അധികനേരം തങ്ങിനിന്നില്ല. ആത്മഹത്യയ്ക്കു് മനുഷ്യനെ പ്രേരിപ്പിക്കുന്ന സംഗതിയെന്താണെന്നാണു് ഞാൻ കൂടുതൽ ചിന്തിച്ചതു്. നീണ്ട ചിന്തയുടെ ഫലമായി ഈ വിപത്തിനുള്ള മൂലകാരണം ഞാൻ കണ്ടുപിടിച്ചു. അതെന്താണെന്നു പറയാം. ജീവിതത്തിലുണ്ടാകുന്ന തളർച്ചയല്ലാതെ മറെറാന്നുമല്ല. ശാരീരികമായ തളർച്ചയെക്കാൾ പ്രധാനമായി ഉദ്ദേശിക്കുന്നതു് മാനസികമായ തളർച്ചയെയാണു്. ഇതിനു പററിയ വേറൊരു പദം പറയാം:—നിരാശ.

“നിരാശ” യെന്നു പറഞ്ഞാൽ “ആശയില്ലായ്മ” എന്നു ധരിക്കരുതു്. വാസ്തവത്തിൽ ഉണ്ടായിരുന്ന ആശയുടെ അസ്തമനം അല്ലെങ്കിൽ തകർച്ചയാണു് നിരാശ. ഒരു വസ്തു ലഭിക്കാൻ നമുക്കു് അതിയായ ആഗ്രഹമുണ്ടു്. ഒരു സ്ഥാനം കരസ്ഥമാക്കാൻ നാം കാംക്ഷിക്കുന്നു. ഒരു വ്യക്തിയുമായി അടുക്കാൻ ആശിക്കുന്നു. എന്നാൽ ഏതാനും പരിതഃസ്ഥിതികൾ നമുക്കു വിലങ്ങുതടിയായിക്കിടക്കുന്നു. അപ്പോൾ നാം പടുത്തുയർത്തിയ ആകാശക്കോട്ട തകർന്നു തരിപ്പണമാകുന്നു. അങ്ങിനെ ജീവിതത്തിൽ തളർച്ച അനുഭവപ്പെടുകയായി. നിരാശയുടെ കരിനിഴൽ ജീവിതവീഥിയിൽ പതിക്കുന്നു. മനസ്സിനും, ഹൃദയത്തിനും, ശരീരത്തിനും തളർച്ച തട്ടുകയാണു്. അങ്ങിനെ ജീവിതയുദ്ധത്തിലുണ്ടാകുന്ന പരാജയം നിരാശയെ ജനിപ്പിക്കുന്നു. ഈ പരാജയത്തിന്റെ

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

വലിപ്പച്ചെറുപ്പമനുസരിച്ചായിരിക്കും നിരാശയുടെ കാഠിന്യത്തിന്റെ ഏറ്റക്കുറച്ചിലും.

ജീവിതയുദ്ധത്തിൽ പരാജയം പററാത്തവർ ചുരുക്കമാണു്. തന്റേടത്തോടും ധൈര്യത്തോടും കൂടി ഏതു തോൽവിയും നേരിടാൻ കെല്പില്ലാത്തവരാണു് ജീവിതപോർക്കളത്തിൽ തളർന്നുവീഴുന്നതു്. ഏതു പൈശാചിക പ്രവൃത്തിക്കും നൈരാശ്യം പ്രചോദനം നല്കും. എന്നാൽ നാം നിരാശയെ കീഴ്പ്പെടുത്തണം. നിരാശ നമ്മെ കീഴ്പ്പെടുത്തുകയാണെങ്കിൽ നിശ്ചയമായും നാം മനുഷ്യപ്പിശാചുക്കളായി മാറും. മനുഷ്യത്വത്തിന്റെ മാഹാത്മ്യവും ജീവിതത്തിന്റെ മൂല്യവും നാം അപ്പോൾ ഓർക്കയില്ല. ഇങ്ങനെ നിരാശയ്ക്കടിമപ്പെടുന്നവർ ഭോഷന്മാരും ഭീരുക്കളുമാണു്. സ്വന്തം ജീവനിട്ടു പന്താടുവാൻ മനുഷ്യനു് അവകാശമില്ല. നമ്മുടെ കരങ്ങളിൽ സ്ഥിതിചെയ്യുന്ന ഒരു മൺചട്ടിയോ പളുങ്കുപാത്രമോ താഴെയെറിഞ്ഞു പൊട്ടിക്കുന്നതുപോലെ നമുക്കു തോന്നുമ്പോൾ തകർത്തുകളയാനുള്ളതൊന്നല്ല നമ്മുടെ വിലയേറിയ ജീവൻ. ഒരുമാറു കയറുകൊണ്ടോ, ഒരു തീപ്പെട്ടിക്കോലുകൊണ്ടോ അവസാനിപ്പിക്കാനുള്ളതല്ലാ മഹത്തായ മനുഷ്യജീവിതം. ആ ജീവനു് ലോകത്തിലുള്ള എല്ലാററിനേക്കാളും വിലയുണ്ടു്; ലോകത്തേക്കാൾ തന്നെയും വിലയുണ്ടു്. മനുഷ്യജീവിതത്തെ സംരക്ഷിക്കേണ്ട ചുമതല മനുഷ്യനുള്ളതാണു്. എന്നാൽ അതിനെ സംഹരിക്കാനുള്ള അധികാരവും അവകാശവും അവനില്ല. ഈ തത്വത്തെ മനസ്സിലാക്കാത്തവരും മനുഷ്യത്വത്തെ അവഹതിചെയ്യുന്നവരാണു്.

നിരാശയെ നേരിടാൻ ധൈര്യവും, തന്റേടവും, സഹനശക്തിയും ആവശ്യമാണു്. അഭ്യാസംകൊണ്ടു് ക്രമേണ നേടാവുന്ന ഗുണങ്ങളാണിവ. ജീവിതയുദ്ധത്തിൽ തളർന്നു വീണാലും പിടഞ്ഞെഴുന്നേററു് മുന്നോട്ടുപോകണം. നിരാശയുടെ കരിനിഴലിലും ആശയുടെ കിരണങ്ങൾ കാണാനുള്ള കെല്പു് നമുക്കുവേണം. തത്വചിന്തകനായ ഒരു മഹാകവിയുടെ ഉദ്ബോധനം ശ്രദ്ധിക്കുക:—

“ജീവിതപ്പോരിലപജയം തെല്ലാന്ന
യൗവ്വനയുക്തനാമായുഷ്മാനേ!
എന്തുമേൽവേണ്ടതെന്നോർത്തറിയാതെ
ഹന്ത! നീ നിൽക്കയോ സോദരനേ?
പോരും തളർന്നതു! പോരും തളർന്നതു!
പൂരുഷചൈതന്യപ്പൊൽത്തിടമ്പേ!
താടിക്കു കൈകുത്തി താഴോട്ടുനോക്കാതെ,
ചുടെഴും വീർപ്പൊന്നുമിട്ടിടാതെ
നിന്മിഴി മങ്ങാതെ, പാദം കുഴയാതെ,
നട്ടെല്ലതെല്ലും വളഞ്ഞിടാതെ,
ധീരനായ് മുന്നോട്ടു ചാടിക്കുതിച്ചുനീ
പോരുക! പോരുക! പുണ്യവാനേ”!

(ഉള്ളൂർ)

ആത്മഹത്യയേപ്പററിയും അതിനുകാരണമായ ജീവിതതളർച്ച(നിരാശ)യെപ്പററിയും ഒരു നീണ്ട ചർച്ച അങ്ങനെ ഞാൻ സ്വയം നടത്തി. മനുഷ്യജീവിതമാഹാത്മ്യം മനസ്സിലാക്കി എല്ലാവരും ആത്മഹത്യയെ അറപ്പോടും വെറുപ്പോടും കൂടി വീക്ഷിക്കേണ്ടതാണെന്നും, നിരാശയെന്ന ഭീകരരക്ഷസ്സിനെ മനുഷ്യജീവിതത്തിൽനിന്നകലെ പ്പായിക്കണമെന്നുമുള്ള പ്രമേയങ്ങൾ ഞാൻ സ്വയം പാസ്സാക്കി. ബുദ്ധിയുള്ളവരും നല്ലവരുമായ എല്ലാവരും എന്റെ പ്രമേയങ്ങളോടനുകൂലിക്കുമെന്നു് എനിക്കറിയാമായിരുന്നു.

നീണ്ട ചിന്തയിൽ ലയിച്ചിരുന്നതിനാൽ സമയംപോയതറിഞ്ഞില്ല. അടുത്തുള്ള ദേവാലയത്തിൽ നിന്നും മുഴങ്ങിയ മണിയാണു് നേരം സന്ധ്യയായെന്നു് എന്നെ ധരിപ്പിച്ചതു്. പത്രവും മടക്കിപ്പിടിച്ചുകൊണ്ടു് ഞാൻ തിടുക്കത്തിൽവീട്ടിലേക്കു പോയി.

# മരണം

*(R. Gopinatha Pillai—III U. C.)*

മരണം! മരണം! ദുരിതനിവാരണ-
മതുതാൻ ശരണം ബഹുധാസുഖദം

ഒരുതരദുരിതവുമവിടെയടുക്കി-
ല്ലമരാവതിപോലവിടം ശുഭദം;

മരണം! മരണം! നിഖിലജനാനാ-
മഭയദകേന്ദ്രമതനിശം വരദം;

ധനികനുമധനരഹിതനുമൊരുപോ-
ലവിടം തുല്യമതെത്രവിശിഷ്ടം;

വിവിധവികാരവിചാരശതം കൊ-
ണ്ടവിടൊരുപദ്രവമില്ലൊരുവർക്കും

ഇരുളുനിറഞ്ഞൊരു ധരണീമണ്ഡല-
മുടനെവെടിഞ്ഞാപ്രഭ ചൊരിയുന്നൊരു-

മഹിതസമത്വവിശുദ്ധധരാതല-
മഴകൊട്ടുപൂകണമതിവേഗത്തിൽ.

മരണം! മരണം! മഹിതമനോഹര-
സുഖദാലയമതുമെത്രവിശിഷ്ടം.

ഒരുതരദുരിതവുമവിടെയടുക്കി-
ല്ലമരാവതിപോലവിടം ശുഭദം.

—o—

# നീയൊന്നു പുഞ്ചിരിക്കൂ!

*(George Abraham—P. U. Class)*

ഹൃദയമേ! നീയൊന്നു പുഞ്ചിരിക്കൂ
ചപലമാം ചിന്തകൾ വിസ്മരിക്കൂ!

അഴലിൻ നിഴലിലായെത്രകാല-
മഴകിനെത്തേടി നീ പാഴിലാക്കി.

മധുരാഭിലാഷങ്ങളെത്രനിന്നിൽ
ശിഥിലമായ് നിർദ്ദയം മണ്ണടിഞ്ഞു.

മതി, മതി ചിന്തേ നീ കെട്ടടങ്ങൂ,
മതിവിട്ടു വേഗം നീ പോയൊടുങ്ങൂ.

കദനച്ചുഴലിയിൽ വീർപ്പുമുട്ടി-
യുതിരുന്ന കണ്ണീരിതാരറിയും?

ഫലമില്ലാതീവിധം വെന്തുനീറി-
യലയുന്നതെന്തിന്നവിശ്രമം നീ?

നിയമവും നീതിയുമറ്റലോകം
നിയതം തിരിയട്ടെ നിർവിശങ്കം,

ഹൃദയമേ, നീയൊന്നു പുഞ്ചിരിക്കൂ
ചപലമാം ചിന്തകൾ വിസ്മരിക്കൂ!....

—o—

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# സോണററ് അഥവാ ഗീതകം

*(Varghese Mathew—III U. C.)*

ആഴിപോലെ ആഴവും അഴകും തികഞ്ഞ കവിഹൃദയത്തെ പ്രകൃത്യംഗങ്ങളുടെ സൗന്ദര്യം സമാകർഷണം ചെയ്‌വാൻ തുടങ്ങും. അപ്പോൾ വേലിയേററംകൊള്ളുന്ന ആ ഹൃദയത്തിൽ, വിശാലവിഹായസ്സിൽ താരകനികരംപോലെ, വികാരവിചാരങ്ങൾ അവശ്യംഭാവിയായങ്ങനെ ഉളവായുയർന്നുവരുന്നു. അത്തരം വികാരവിചാരങ്ങളുടെ സമഗ്രമായ ചരിത്രമാണ് ആത്മാവിഷ്കാരകകവിത. ഈ കാവ്യഹർമ്മ്യത്തിന്റെ തങ്കത്താഴിക്കുടമായി Sonnet എന്ന് ആംഗ്ലേയർ വ്യപദേശിക്കുന്ന "ഗീതകം" പരിലസിക്കുന്നു.

കവിഹൃദയത്തിലെ സുശക്തങ്ങളായ വികാരവിശേഷങ്ങളാണ് എല്ലാ ആത്മാവിഷ്കാരകകവിതകളുടേയും അന്തരാത്മാവ്. പക്ഷേ, ഗീതകത്തെ സംബന്ധിച്ചിടത്തോളം അതു തത്വചിന്താഗർഭമായിരിക്കും. തത്വചിന്താകോവിദനായ ഗീതകകാരന് തന്റെ വികാരത്തള്ളലിനെ കലാഭിജ്ഞതയാൽ നിയന്ത്രണാധീനമാക്കാതെതരമില്ല. തന്നിമിത്തം, ഗീതകം തത്വചിന്താസമുത്കൃഷ്ടവും ഇതരങ്ങളായ ആത്മാവിഷ്കാരകകവിതകൾ വികാരതൈക്ഷ്ണ്യോദ്ദീപകവുമായിരിക്കും. ഈ ധർമ്മമാണ് ഗീതകത്തിന്റെ പ്രത്യേകത.

ഗീതകകാരൻ തന്റെ ആഹ്ലാദം, ആഗ്രഹം, ആശ, ഉത്കർഷേച്ഛ, മനോവ്യഥ എന്നിവയെല്ലാം ആവിഷ്കരിക്കുന്നതുമൂലം മനുഷ്യമനസ്സിന്റെ സാർവ്വജനീനവും സാർവ്വകാലികവുമായ പരിണാമത്തെ ചിത്രീകരിക്കുന്നു. കേവലം വ്യക്തിത്വത്തിൽനിന്നും ഉയർന്ന സാർവ്വജനീനത്വത്തിലേക്ക് ഗീതകകാവ്യം കുതികൊള്ളുകയാണുചെയ്യുന്നതു്.

ഉചിതങ്ങളായ നിമിത്തങ്ങളാൽ വളർന്നുയർന്ന് തത്വചിന്തയാൽ നിയന്ത്രിതമായി ക്രമേണ അസ്തപ്രായമാകുന്ന വികാരത്തിന്റെ ചരിത്രം മുഴുവനും കലാഭിജ്ഞനായ ഗീതകകാരൻ പതിന്നാലു വരികളിൽ സമാഹരിക്കേണ്ടതാണ്. ഗീതകത്തിന് നാലു് ഈരടികളടങ്ങുന്ന അഷ്ടകം, മൂന്ന് ഈരടികളടങ്ങുന്ന ഷഷ്ടകം എന്ന രണ്ടു ഭാഗങ്ങളുണ്ട്. വികാരത്തിന്റെ ഉദ്ഭവം, ഉയർച്ച എന്നിവ അഷ്ടകത്തിലും താഴ്ച, അസ്തമനം എന്നിവ ഷഷ്ടകത്തിലും ആവിഷ്കരിക്കണം. ഗീതകത്തിലെ ഈ വികാരത്തെ പുറംകടലിലുദിച്ചുരുണ്ടു പെരുകി ഉച്ചാവസ്ഥയെപ്രാപിച്ചു പൊട്ടിമലർന്നു ക്രമേണ താഴ്ന്നു കടൽത്തീരത്തെത്തി പ്രശാന്തമായിത്തീരുന്ന ഒരു മഹാതരംഗത്തോടു തുലനം ചെയ്യാം. അഷ്ടകത്തിന്റെ അവസാനത്തിൽ വികാരം അതിന്റെ അത്യുച്ചാവസ്ഥയെ പ്രാപിക്കുന്നു. അഷ്ടകത്തിനും ഷഷ്ടകത്തിനും മദ്ധ്യേ സ്പഷ്ടമായ ഒരു വിള്ളൽ ഉണ്ടായിരിക്കും. ഇതിനെ തരംഗത്തിന്റെ പൊട്ടിപ്പുറക്കലിനോടു സാദൃശ്യപ്പെടുത്താം. ഷഷ്ടകാരംഭത്തിൽ വികാരം താഴ്മയെ പ്രാപിച്ചുതുടങ്ങും. ഗീതകാവസാനത്തിൽ വികാരം പ്രശാന്തമായി തത്വചിന്തയിൽ വിരാമം കൊള്ളുന്നു. ഇതാണ് ഗീതകത്തിന്റെ സാമാന്യമായ ഘടന. ഒരു കവിയുടെ ഗീതകം മറെറാരു കവിയുടേതിൽനിന്നും ഘടനയെ സംബന്ധിച്ചിടത്തോളം ഈഷദ്ഭിന്നമായിരിക്കും.

ഇററലിയിൽ അവതാരമെടുത്ത ഗീതകകാവ്യത്തിനു കമനീയതയും പ്രതാപവും നൽകിയ പെട്രാക്കിന്റെ ഗീതകങ്ങളിൽ ഭോഗസുഖേതരമായ ഒരു ലക്ഷ്യത്തിലേയ്ക്കു് നിരന്തരം പ്രവഹിക്കുന്ന

(ശേഷം 20-ാം പേജിൽ)

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# Senior B.Sc. (Botany) Group, 1956–'57




BOTANICAL EXCURSION



At Kodaikanal



Kodaikanal lake



At Sim's Park, Coonoor

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY



*Senior B.Sc. (Zoology) Group 1956-'57*



*Senior B.Sc. (Mathematics) Group 1956-57*

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# കേരളഗാനം

*(Sivarajan—III U. C.)*

(കുറത്തി)

അങ്ങിനെയാ പൊന്നൊഴുകും സുപ്രഭാതമെത്തി
ഭംഗിചിന്നിനമ്മളിലൊരുൾപ്പുളകം ചാർത്തി,
പൂത്തു പൂത്തുമാമരങ്ങൾ കാററിലാടണല്ലോ,
പാട്ടുപാടിപൈങ്കിളികൾ കൂട്ടുകൂട്ടണല്ലോ,
പുഞ്ചിരിയും കൊഞ്ചലുമാണെങ്ങുമെങ്ങുമിപ്പോൾ,
പുണ്യമാർന്ന കേരളാംബയുൾക്കുളിർക്കുമിപ്പോൾ,
കവികനാമ്പിൻ തുമ്പുമാത്രമല്ലിവിടെയുള്ള
മൺതരികൾപോലുമിപ്പൊഴൊന്നുണരുമല്ലോ;
ചന്തമാർന്നമിന്നുമിനിയിങ്ങുജീവിതങ്ങൾ
മുന്തിരിവനികയിലാണെത്തിയതു നമ്മൾ.

എന്റെ നാടേ, പൊന്നുനാടേ, പൂവിരിഞ്ഞ നാടേ,
കല്പകതരുണികളൊത്തുല്ലസിക്കും നാടേ,
കുരുമുളകിൻ തിരിതെറപ്പിൽ കളകമാളും നാടേ,
കനകമണികതിരണികൾ കൊയ്തെടുക്കും നാടേ,
കാർത്തികവിളക്കുകൾ കണ്ടാർത്തിടുന്ന നാടേ,
കൂവരകിൻകുലകളെക്കണ്ടിമ്പമേലും നാടേ,
കാകളിതരംഗിണികൾ മഞ്ജരിയുമൊത്തു
കാല്യശ്രീകലർന്ന പുഞ്ചിരിചൊരിഞ്ഞനാടേ,
ചെറുമികൾ—മാമിഴികളൊത്തു കയ്യടിച്ചുപാടി
ചേലിൽനാടൻ പാട്ടുകൾക്കുകീർത്തി ചേർത്ത നാടേ,
കുളിരിളം കാററത്തു 'ചായ'ക്കാടുമേലത്തോപ്പും
'തകതക' നിന്നാടിമോടിയാർന്നിടുന്നനാടേ,
രംഭകൾതൻ നൃത്തഭംഗി തിരയടിക്കും നാടേ,
രാജകീയവാഴ്ചതന്റെ വേരററ നാടേ,
പുഴകൾപാടും പാട്ടുകേട്ടു കേട്ടനുനിമിഷം
പുതിയതായ പലതിലേയ്ക്കും 'മാർച്ചു' ചെയ്യും നാടേ,
നീളെനീളെ കായ്കനി വനികളുടെ നാടേ,
മൂന്നുകോണിൽനിന്നുവന്നിന്നൊന്നുചേരും നാടേ,
വത്സരങ്ങൾ വത്സരങ്ങളായ് നീയാശവച്ചോ—
രുത്സുകോത്സവങ്ങളൊത്തു ചേർന്നണഞ്ഞ നാടേ,
നിന്റെ ഭാഗ്യം—ജന്മഭാഗ്യം—ഞങ്ങളുടെ ഭാഗ്യം
സർവ്വഭാഗ്യം—സ്വർഗ്ഗരാജ്യം—നീ ജയിക്ക നാടേ,
പൂവിതച്ചു, പൂത്തിരി തെളിച്ചിതാ നിനക്കു
പൂവലംഗിമാർ നിരന്നു സ്വാഗതം പറഞ്ഞു;
ആയിരങ്ങളായിരങ്ങളൊത്തുചേർന്നു ഞങ്ങൾ
ആഗതേ നിനക്കുനേർന്നിടുന്നു മംഗളങ്ങൾ.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# കഠം മിലാക്കെ ചലേ

*(S. Radhakrishnan—III U. C.)*

നമ്മുടെ പൂജ്യനായ ശ്രീ: ജവഹർലാൽ നെഹ്റു ഭാരതത്തിലെ മുപ്പത്താറുകോടി ജനങ്ങൾക്കായി "കഠം മിലാക്കെ ചലേ" എന്നൊരു പുതിയ മുദ്രാവാക്യം സമ്മാനിച്ചിരിക്കുന്നു. 'നമുക്ക് ഒന്നിച്ചു ചുവടുവയ്ക്കാം' എന്നാണ് ആ മനോഹരമായ മുദ്രാവാക്യത്തിന്റെ അർത്ഥം. ഒരുമിച്ചു പ്രയത്നിക്കുക, ഒന്നിച്ചു മുൻപോട്ടു പോകുക, അങ്ങനെ നമ്മുടെ മാതൃഭൂമിക്കു ശ്രേഷ്ഠമായ ഒരു പദവി നേടിക്കൊടുക്കുക—അതാണ് നമ്മെ ഈ മുദ്രാവാക്യം പഠിപ്പിക്കുന്നത്. പൂർവ്വകാലത്തെ ഭാരതചരിത്രം ഒന്നു തിരിഞ്ഞുനോക്കുന്നവർക്ക് ഈ മുദ്രാവാക്യത്തിന്റെ പ്രാധാന്യം എത്രമാത്രമാണെന്നു മനസ്സിലാകുന്നതാണ്. മറ്റെല്ലാക്കാലങ്ങളേയും അപേക്ഷിച്ച് ഇന്നു ഭാരതത്തിനു അതു് ഏററവും ആവശ്യകമായിത്തീർന്നിട്ടുണ്ട്. ഏററവും പ്രയാസമേറിയ പന്ഥാവിലൂടെയാണ് അവർ ഇന്നു യാത്രചെയ്യുന്നതു്. അവരുടെ പുരോഗതിക്കും, ശ്രേയസ്സിനും അവരുടെ മുപ്പത്താറുകോടി ജനങ്ങളുടെ ഐക്യമനോഭാവവും, ഒത്തൊരുമിച്ചുള്ള പ്രയത്നവും അത്യന്താപേക്ഷിതമായിരിക്കുന്നു. അതാണ് നമ്മുടെ പ്രധാനമന്ത്രി ഇക്കാര്യത്തെക്കുറിച്ച് കൂടെക്കൂടെ നമ്മോടു് ഊന്നിപ്രസ്താവിക്കുന്നതു്. അതിനുവേണ്ടിത്തന്നെയാണ് അദ്ദേഹം ഈ പുതിയ മുദ്രാവാക്യം നമുക്ക് ഉപദേശിച്ചിരിക്കുന്നതും.

നമുക്കു സ്വാതന്ത്ര്യം ലഭിച്ചിട്ട് ഏകദേശം ഒൻപതു സംവത്സരം കഴിഞ്ഞിരിക്കുന്നു. ഒരു രാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം ഇതു് ഒരു ചെറിയ കാലയളവാണ്. ഈ തുച്ഛമായ കാലഘട്ടത്തിനുള്ളിൽ നമ്മുടെ മാതൃഭൂമിയ്ക്കു് അഭൂതപൂർവ്വമായ ഒരു നിലയാണ് കൈവന്നിരിക്കുന്നതു്. ആഭ്യന്തരകാര്യങ്ങളിലും അവരുടെ പുരോഗതി മററു രാഷ്ട്രങ്ങളുമായി തുലനം ചെയ്തു നോക്കുമ്പോൾ അത്രയൊന്നും പിന്നിലല്ല എന്നു മനസ്സിലാകുന്നതാണ്. അമേരിക്കാ, റഷ്യാ മുതലായ വൻകിട രാഷ്ട്രങ്ങൾ ആററംബോംബും, ഹൈഡ്രജൻ ബോംബും നിർമ്മിച്ച് ലോകത്തിലെ കോടാനുകോടിജനങ്ങളെ ഭയവിഹ്വലരാക്കിക്കഴിയുന്ന ഈ അവസരത്തിൽ സമാധാനത്തിന്റെ സന്ദേശവുമേന്തി, നേരായമാർഗ്ഗം കാട്ടിക്കൊടുത്തു് ലോകരാഷ്ട്രങ്ങളുടെ മദ്ധ്യത്തിൽ പരിലസിക്കുന്ന ഏക രാഷ്ട്രം ഇന്നു ഭാരതമാണ്. ഭാരതത്തിന്റെ വിലയേറിയ സേവനങ്ങൾ ഇല്ലായിരുന്നുവെങ്കിൽ എത്രയോമുൻപുതന്നെ ലോകം ഒരു മൂന്നാം ലോകമഹായുദ്ധത്തിൽ ചെന്നുപതിക്കുമായിരുന്നു എന്ന പരമാർത്ഥം മറച്ചു വച്ചിട്ടു കാര്യമില്ല. യുദ്ധത്തിന്റെ കെടുതികൾ കണ്ടു മരവിച്ച് സമാധാനം കാംക്ഷിച്ചു കഴിയുന്ന കോടാനുകോടി ജനങ്ങളുടെ ആശാനാളം ഇന്നു ഭാരതമാണ്. അങ്ങനെ ഭാരതം ഇന്നു് ഏററവും ഉയർന്ന ഒരു സ്ഥാനത്തു് എത്തിച്ചേർന്നിരിക്കുകയാണ്. അവർ ഒരു ഉജ്ജ്വലനേതാവിനാൽ നയിക്കപ്പെടുന്നു. അവരുടെ മുപ്പത്താറുകോടി ജനങ്ങളും ആ മഹാപുരുഷന്റെ പിന്നിൽ അണിനിരന്നിരിക്കുകയാണ്. അതിനാൽ അദ്ദേഹത്തിന്റെ ഓരോവാക്കിനും ശക്തിയുണ്ട്; അതിനവർ വില കല്പിച്ചേമതിയാവൂ. ഒരു അമേരിക്കാരൻ പറഞ്ഞതിപ്രകാരമാണ്. "ഇൻഡ്യ നെഹ്റുവാണ്. നെഹ്റു ഇൻഡ്യയും. ഇൻഡ്യയിലൂടെ നെഹ്റുവിനേയും നെഹ്റുവിലൂടെ ഇൻഡ്യയേയും നമുക്കു കണ്ടെത്താം."

എന്നാൽ പലപ്പോഴും ഭാരതീയരായ നാം നമ്മുടെ പ്രഥമവും പ്രധാനവുമായ ആ സംഗതി വി

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

സ്മരിച്ചുകളയുന്നു. നമ്മുടെ പുരോഗതിയും, ശ്രേയസ്സും എല്ലാം നമ്മുടെ ഐക്യത്തിലാണ് സ്ഥിതി ചെയ്യുന്നത് എന്ന് അറിവുണ്ടായിരിക്കെ ചില സങ്കുചിതമനോഭാവം വച്ചുപുലർത്തി പരസ്പരം വെറുപ്പും, വിദ്വേഷവും പുലർത്തുകയും, അങ്ങനെ നമ്മുടെ പുരോഗതിക്കെല്ലാം വഴിതെളിക്കുന്ന ഐക്യത്തിനു ശൈഥില്യം വരുത്തുകയും ചെയ്യുന്നു. വളരെ ക്ലേശപ്പെട്ട് സമ്പാദിച്ച നമ്മുടെ സ്വാതന്ത്ര്യത്തിനെപോലും ഉലച്ചിൽ തട്ടുന്നതിന് ഇതു സഹായിക്കും. കഴിഞ്ഞ ചില മാസങ്ങളിൽ ഭാരതത്തിന്റെ പല ഭാഗങ്ങളിൽ നടന്ന സംഭവങ്ങൾ ഈ അവസരത്തിൽ ഓർത്തുപോകുന്നു. അവ അങ്ങേയററം ഖേദകരവും, ലജ്ജാകരവുമായിരുന്നു. ഭാരതം മററു രാഷ്ട്രങ്ങളുടെ മദ്ധ്യത്തിൽ സമാധാനത്തിനും, സഹവർത്തിത്വത്തിനുംവേണ്ടി വീറോടെ വാദിക്കുമ്പോൾ ഭാരതത്തിനുള്ളിൽതന്നെ ബഹളവും, കൊലപാതകവുമാണു നടക്കുന്നതെങ്കിൽ നമ്മുടെ പാവനമായ പഞ്ചശീലത്തിനും മററും എന്തർത്ഥമാണുള്ളത്? ഭാരതത്തിനു പിന്നെ ലോകത്തിൽ എന്താണൊരു നില? ഇതിലെല്ലാം രസം മറെറാന്നുമല്ല. ഈ കൂട്ടരിൽ മിക്കവാറും ഭൂരിപക്ഷം യൂണിവേഴ്സിററി വിദ്യാർത്ഥികളായിരുന്നത്രേ! വിജ്ഞാനികൾ എന്ന് അറിയുന്നവരും, നാളെ നമ്മുടെ രാഷ്ട്രത്തിന്റെ ഭാരിച്ച ചുമതല ഏറെറടുക്കേണ്ടവർ എന്നഭിമാനിക്കുന്നവരുമായ യൂണിവേഴ്സിററി വിദ്യാർത്ഥികളാണുപോലും അവരിൽഭൂരിപക്ഷം! ഈ നില തുടർന്നാൽ എങ്ങനെ നമ്മുടെ മാതൃഭൂമിയെ താങ്ങുവാനുള്ള കരുത്ത് നമുക്കുണ്ടാകും.? ഭാരതത്തിന് ഇന്നു ലഭ്യമായിട്ടുള്ള നിലയെങ്കിലും നിലനിർത്തിക്കൊണ്ടുപോകുവാൻ നമുക്കു സാധിക്കുമോ? അടുത്ത തലമുറക്കാരായ നാം ഈ കാര്യം പ്രത്യേകം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. നമ്മുടെ കർത്തവ്യങ്ങൾ നാം വിസ്മരിക്കരുത്.

ഈ അറേറാമിക്ക്യുഗത്തിൽ ലോകം വളരെ വേഗം മുൻപോട്ടു പൊയ്ക്കൊണ്ടിരിക്കുന്നു. ഓരോ ദിവസവും അദ്ഭുതാവഹമായ പരിവർത്തനങ്ങളാണ് ലോകത്തിൽ ഉണ്ടാകുന്നതു്. നമ്മുടെ ചുററും നടക്കുന്ന സംഭവവികാസങ്ങൾ വിദ്യാർത്ഥികളായ നാം തീർച്ചയായും മനസ്സിലാക്കേണ്ടതുണ്ട്. നമ്മുടെ വിജ്ഞാനപോഷണത്തിന് അതു് അത്യന്താപേക്ഷിതവുമാണ്. എന്നാൽ നമുക്കതിൽ കൈകടത്തുവാൻ അവകാശമില്ല. നാളെ ആ ഭാരം നമ്മുടെ ചുമലിൽ കയറേറണ്ടതായിട്ടുണ്ട്. അതിനു നമ്മുടെ ചുമലുകൾക്കു ശക്തിവർദ്ധിപ്പിക്കുക എന്നുള്ളതാണ് ഇന്നത്തെ നമ്മുടെധർമ്മം. നേരെമറിച്ച് ഇന്നേ ആ ഭാരം നമ്മുടെ ചുമലുകളിൽ കയററപ്പെട്ടാൽ താങ്ങാൻ കഴിവില്ലാതെ വന്നേക്കാം. ഇതു് അപകടംപിടിച്ച ഒരു സംഗതിയാണ്. നമുക്കിന്നു ചെയ്യേണ്ടതായി ഒന്നേ ഉള്ളു. കണ്ണും, കാതും, കരളും തുറന്നു വെക്കുക, സംഭവവികാസങ്ങൾ കാണുക, കേൾക്കുക, ഗ്രഹിക്കുക; ഇത്രമാത്രം.

ഭാരതീയരായ നമുക്ക് ഇനി വളരെയധികം മുൻപോട്ടു പോകേണ്ടതായിട്ടുണ്ട്. വളരെ പ്രയാസങ്ങൾ നമുക്ക് തരണംചെയ്യേണ്ടതായി വന്നുകൂടും. പഞ്ചാബിയെന്നോ, സിക്കുകാരെന്നോ, മലയാളിയെന്നോ, ഗുജറാത്തിയെന്നോ ഉള്ള സങ്കുചിതങ്ങളായ മന:സ്ഥിതി മാററി നാമെല്ലാം ഭാരതീയരാണെന്നും, ബംഗാളിലുണ്ടാകുന്ന പുരോഗതി നമ്മുടേതാണെന്നും, കേരളത്തിലുണ്ടാകുന്നതു് അവരുടേതുകൂടിയാണെന്നുമുള്ള ഒരു മനോ

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ഭാവം ഓരോ ഭാരതീയനും, പ്രത്യേകിച്ച് യുവജനങ്ങൾക്ക് ഉണ്ടാകേണ്ടത് ആവശ്യമായിത്തീർന്നിരിക്കുന്നു.

ഭാരതം ഇപ്പോൾ അവളുടെ ഒന്നാം പഞ്ചവത്സരപദ്ധതി വിജയകരമായി പര്യവസാനിപ്പിച്ചിട്ട് വിപുലമായ രണ്ടാം പഞ്ചവത്സരപദ്ധതി സമാരംഭിച്ചിരിക്കുകയാണ്. ഈ പദ്ധതിയുടെ അന്ത്യത്തിൽ ഭാരതത്തിന് സാമ്പത്തികവും, സാമൂഹ്യവുമായ തുറകളിൽ ഗണ്യമായ പുരോഗതി കൈവരുമെന്നാണ് രാജ്യതന്ത്രജ്ഞന്മാർ പ്രവചിക്കുന്നത്. ജനങ്ങളുടെ ആത്മാർത്ഥമായ സഹകരണവും, കഠിനാദ്ധ്വാനവും, ഐക്യമനോഭാവവും മാത്രമേ നമ്മുടെ മാതൃഭൂമിയെ ഐശ്വര്യസമൃദ്ധിയിലേയ്ക്ക് കൊണ്ടുചെന്ന് എത്തിക്കുകയുള്ളൂ. അങ്ങിനെ നാം ഒരുമിച്ച് ചേരുകയും, ഒന്നിച്ച് പ്രയത്നിക്കുകയും, ഒരുമിച്ച് മുൻപോട്ട് പോകുകയും ചെയ്യാം—കദംമിലാക്കെ ചലേ.

---

(16-ാം പേജിന്റെ തുടർച്ച)

പ്രേമമായിരുന്നു പ്രതിപാദ്യം. ഷേക്സ്പിയർ ഈ സംഗതിയിൽ പെട്രാർക്കിനെ അനുസരിക്കുകയാണു ചെയ്യുന്നത്. എന്നാൽ മിൽട്ടന്റേയും വേർഡ്സ്വർത്തിന്റേയും ഗതി ഒന്നു വേറെയായിരുന്നു. സാമുദായികവും രാഷ്ട്രീയവുമായ പരിവർത്തനങ്ങൾ അവരിലുളവാക്കിയ വിചാരവികാരങ്ങളുടെ വാഹനങ്ങളാണ് അവരുടെ ഗീതകങ്ങളിൽ മിക്കവയും. പ്രൗഢിയും ഗരിമയുംതികഞ്ഞ ഏതും ഗീതകത്തിന് വിഷയമാവാം എന്നാണ് ഇതിൽനിന്നും ധരിക്കേണ്ടത്.

പാശ്ചാത്യങ്ങളായ പ്രസ്ഥാന പ്രവാഹങ്ങൾ കിഴക്കൻകരകളെ പച്ചപിടിപ്പിക്കുവാൻ തുടങ്ങിയിട്ട് ഒരു ശതാബ്ദത്തോളമായി. എന്നാൽ ഗീതകപ്രസ്ഥാനത്തിനു പൗരസ്ത്യ സാഹിത്യങ്ങളിൽ സുസ്ഥിരമായ ഒരുസ്ഥാനം കൈവന്നിട്ടില്ല. ഒരു പ്രധാന വികാരത്തെ സ്ഥായിയായി കല്പിച്ച്, സഹചാരികളായ പല വികാരങ്ങളെക്കൊണ്ടും അനുഗതമാക്കി അമൂല്യങ്ങളായ അലങ്കാരവിശേഷങ്ങൾ അണിയിച്ച് തത്വചിന്താ സിംഹാസനത്തിൽ രസരാജനായി അഭിഷേകംചെയ്തു പ്രതിഷ്ഠിക്കുവാൻ ശീലിച്ച ഭാരതീയർ ഗീതകത്തിൽ ഭ്രമിക്കാത്തത് അത്ഭുതമല്ല. എങ്കിലും മനുഷ്യസമുദായത്തിലെ ഒരംഗമായ കവി പരിതസ്ഥിതികളുടെ പരിവർത്തനങ്ങൾക്ക് അനുസരണമായി തന്റെ ചിന്താഗതിയും വീക്ഷണകോണവും വ്യത്യാസപ്പെടുത്തിയേ തീരൂ. ഈ തത്വം ഭാരതീയർ മനസ്സിലാക്കിയതിന്റെ ഫലമാണ് നോവൽതുടങ്ങി സിംബോളിസംവരെയുള്ള കാവ്യശാഖകൾ ഭാരതീയ സാഹിത്യത്തിലും പൊട്ടിമുളച്ചു വളർന്നത്. ഈ വ്യതിയാനം മലയാളത്തിലും യഥാവസരം ഉണ്ടായിട്ടുണ്ട്. എന്നാൽ ഗീതകത്തെ സംബന്ധിച്ചിടത്തോളം കൈരളി ഇന്നും ദരിദ്രയാണ്. പ്രതിഭാശാലികളായ യുവകവികൾ മലയാളത്തിന്റെ പ്രവണതയ്ക്കും മലയാളികളുടെ രുചിക്കും അനുസരണമായി ഗീതകപ്രസ്ഥാനത്തെ രൂപപ്പെടുത്തുവാൻ ശ്രമിക്കുന്നതു സർവ്വഥാ ആശാസ്യമായിരിക്കും. വൃത്തത്തിനു കേകയെ തിരഞ്ഞെടുക്കുന്നതിലോ ശബ്ദാലങ്കാരമായി ദ്വിതീയാക്ഷരപ്രാസവും അന്ത്യപ്രാസവും പ്രയോഗിക്കുന്നതിലോ ആർക്കും വിപ്രതിപത്തി ഉണ്ടാവാൻ തരമില്ല. 'Sonnet is a trumpet whence poets blow soul animating strains" എന്ന വസ്തുത നമ്മുടെ കവികൾ വിസ്മരിക്കാതിരുന്നാൽ മതി.

# നെൽകതിർ

(*R. Gopi—II U. C.*)

മലരണിക്കുന്നിന്റെ താഴ്‌വരയിൽ
ഒരു നല്ല നെൽച്ചെടി പൂത്തുനില്പ്പൂ.
പരിമളം വീശുന്ന തെന്നലേറ്റ
ഹൃദയം കവരുന്ന ശോഭയോടെ.

അഴകിന്റെയാനന്ദത്തേരിലേറി
കതിരേ നീ പൊങ്ങിപ്പറക്കരുതേ
അകലെയതാ വണ്ടു പാഞ്ഞെത്തുന്നൂ
നിൻമുട്ടമേനി നുകർന്നുകൊള്ളുവാൻ.

പൂവ്:—
പാടില്ല, പാടില്ല, പൊന്നുവണ്ടേ
പാരമെനിക്കതിൽ ദോഷമുണ്ട്
എൻമുട്ടമേനി നുകർന്നുവെന്നാൽ,
എൻശോഭയെല്ലാം തകർന്നിടുമേ.

മധുവും മണവുമതെന്നിലില്ലാ,
കരുതല്ലേ രോഷം നീയെന്നിലേറെ;
നീയെന്നെ സ്പർശിച്ചുവെന്നുകേട്ടാൽ
എൻസഖാവെന്നെത്തൊടുകയില്ല.

പൊയ്ക്കൊള്ളു, പൊയ്ക്കൊള്ളു കൊച്ചുവണ്ടേ,
എൻനാഥൻ വന്നെത്താൻ നേരമായി;
അകലെയതാ കൊച്ചു പൂമരത്തിൽ
ഒരു നല്ലപുഷ്പം നീ കാണ്മതില്ലേ?

അവിടേയ്ക്കു പൊയ്ക്കൊൾക കൊച്ചുവണ്ടേ,
അവളതാ നിന്നെയും കാത്തുനില്പൂ;
ഹൃദയം കവരുന്ന ശോഭയുണ്ട്
മണവും മധുവും നിറയെയുണ്ട്.

വണ്ട്:—
ഞാൻ നിന്നെത്തെറ്റിദ്ധരിച്ചുപോയി,
എൻ കൊച്ചുസോദരി മാപ്പുനൽകൂ;
ഞാൻ നിന്നെ സ്പർശിക്കയില്ലയില്ല,
എൻകൊച്ചുസോദരി മംഗളം, ഭദ്രം.

അനിലൻ പടിഞ്ഞാറെ ദിക്കിൽ നിന്നു
തലയാട്ടി നിന്നെ വിളിപ്പതെന്തേ?
ഹൃദയത്തുടിപ്പുള്ള കൊച്ചുകള്ളൻ
പുണരുന്നിതാ നിന്നെ മെല്ലെ, മെല്ലെ.

പൂവ്:—
കർഷകർ കൊയ്ത്തരിവാളുമേന്തി,
എത്തിയിതായെന്നെ കൊല്ലുവാനായ്;
അയ്യയ്യോ! എൻമുട്ടമേനി പോയി
എൻ ചെറു ജീവിതം പാഴിലായി.

എന്നാലെനിക്കതിൽ ദുഃഖമില്ല,
എൻജീവൻ ഞാനിതായേകിടുന്നു;
നീമാത്രം നന്നായ് തഴച്ചുവന്നാൽ
എൻജന്മം സാഫല്യമായി വണ്ടേ.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# കുളക്കരയിലെ നിഴൽ

(*H. M. Sali—P. U. Class*)

തികച്ചും നാലു വർഷങ്ങൾക്കു മുൻപാണ് ആ കൊച്ചു കുരയ്ക്കു് ഒരു നേരിയ ചൈതന്യം കൊടുത്തുകൊണ്ടിരുന്ന ആ വല്യമ്മ അന്തരിച്ചതു്. ആ സംഭവത്തിൽ വേദന കണ്ടെത്താൻ അന്നാട്ടുകാർക്കു് കഴിഞ്ഞില്ലായിരിക്കാം. പക്ഷേ ആ സംഭവം എന്റെ ഹൃദയത്തിൽ തീ കോരിയിട്ടു. ആ വല്യമ്മ എന്നെ മകനായി കരുതി. ഞാൻ അവരെ ഒരമ്മയായും കണ്ടു. അതായിരിക്കാം അതിനു കാരണം.

അവിടെ ആ കുളക്കരയിൽ ശോകമൂകമായി കുനിഞ്ഞുകൂടി നിൽപുണ്ടു് ഒരു ചെററപ്പുര ഇന്നും. ഒരു നാലു വർഷങ്ങൾ മുൻപുവരെ അന്തിവേളകളിൽ ആ ചെററയുടെ പടിക്കൽ ഒരു എഴുപതുകാരിയെ കാണാമായിരുന്നു. ആ കുളത്തിൽ ഓളമിളകുന്നതും ഉററുനോക്കി അങ്ങനെ ഇരിക്കുന്ന ആ വൃദ്ധ എനിക്കു് ഒരമ്മ ആയിരുന്നു.

കലാലയം വിട്ടാൽ ഞാൻ എന്റെ താമസസ്ഥലത്തേയ്ക്കു പോകുന്നതു് ആ ചെററപ്പുരയുടെ മുൻവശത്തുള്ള വഴിയിൽക്കൂടിയാണ്. ആ ചെററപ്പുരയിൽ നിന്നും വളരെ അകലെയല്ല ഞാൻ താമസിക്കുന്ന കെട്ടിടം. ആ കൂററൻ കെട്ടിടത്തിന്നു് ആ കുരയുമായി അഭേദ്യമായ ബന്ധമുണ്ടു്. ചെററപ്പുരയ്ക്കു് ചൈതന്യം കൊടുത്ത ആ വല്യമ്മയാണു് വലിയ കെട്ടിടത്തിന്റെ ഉടമസ്ഥ.

വീട്ടിൽ നിന്നും മണിഓർഡർ കിട്ടിയ ദിവസം. പക്ഷേ, വളരെയേറെ ആനന്ദത്തിനോ സന്തോഷത്തിനോ അതിൽ വകയില്ല. വെറും അൻപതു രൂപാ. അന്നു വൈകുന്നേരം ഞാൻ രൂപയുമായി ലോഡ്ജിലേയ്ക്കു മടങ്ങുകയാണ്. ഫീസ്, ഹോട്ടൽ, കെട്ടിടവാടക ഈ പ്രശ്നങ്ങളെക്കുറിച്ചു് ഗാഢമായി ചിന്തിച്ചു കണക്കു കൂട്ടിക്കൊണ്ടു നടന്നുകൊണ്ടിരുന്ന ഞാൻ ആ കുരയ്ക്കു സമീപമെത്തി. വല്യമ്മ അന്നും ആ പടിക്കൽത്തന്നെ കുളത്തിൽ കണ്ണും നട്ടിരിപ്പുണ്ടു്. വാടകയുടെ കാര്യം ഒന്നുകൂടി എന്റെ ഓർമ്മയിൽ വന്നു. ഞാൻ അവരുടെ കെട്ടിടത്തിൽ താമസം തുടങ്ങിയിട്ടു് രണ്ടുമാസത്തോളമായെങ്കിലും അന്നുവരെ വാടക കൊടുത്തിട്ടില്ലായിരുന്നു. അവർ എന്നോടു ചോദിച്ചിട്ടുമില്ല.

വല്യമ്മയുടെ ആ ഇരുപ്പു് എന്റെ ഔചിത്യബോധത്തിനുനേരേയുള്ള ഒരു ചോദ്യചിഹ്നമായി ഞാൻ കണ്ടു. ഇടതുകൈ പാക്കററിലേയ്ക്കു കടത്തി പൊതി എടുത്തു് അഞ്ചുരൂപാനോട്ട് ഒന്നു് ആ വല്യമ്മയുടെ നേർക്കു നീട്ടിക്കൊണ്ടു് ഞാൻ പറഞ്ഞു.

"ഇതാ വാടക"

അവർ ഏതോ സ്വപ്നലോകത്തിൽ നിന്നും ഉണർന്നു. ആ നേത്രങ്ങൾ എന്റെ മുഖത്തേയ്ക്കുയർന്നു. ആ നയനങ്ങളിൽ കണ്ണുനീർ പൊട്ടി ഒഴികിയിട്ടില്ല. പക്ഷെ കെട്ടി നില്ക്കുകയാണു്. നിരാശയുടെ നേരിയ നിഴലുകൾ ഞാൻ അതിൽക്കൂടി കണ്ടു. ആ ചുണ്ടുകൾ വിടർന്നു.

"വേണ്ട, മോന്റെ വാടക വേണ്ട. കുട്ടികൾ തരുന്ന വാടക ഇവിടെ എത്തിച്ചുതന്നാൽമാത്രം മതി."

"അതു ഞാൻ വാങ്ങിത്തരാം. ഈ കാശു വല്യമ്മ വാങ്ങിക്കൊള്ളു." ഞാൻ പറഞ്ഞു.

പക്ഷേ ആ വല്യമ്മ അതുവാങ്ങിയില്ല. അവർ കുരയ്ക്കു് അകത്തുപോയി ഒരു പാത്രത്തിൽ കാപ്പിയുമായി തിരിച്ചുവന്നു. അതു് എനിക്കു വേണ്ടിയായിരുന്നു.

"വല്യമ്മ കാപ്പിയുമായി എന്നും ഇവിടെ കാത്തിരിക്കും. ഉപേക്ഷിക്കരുതേ മകനേ". അന്നു ഞാൻ യാത്രചോദിച്ചപ്പോൾ അവർ ഇതാണ് പറഞ്ഞതു്.

"വരാം". ഞാൻ വണങ്ങി പിൻവാങ്ങി.

* * * * *

"വല്യമ്മേ" എന്ന എൻ്റെ വിളി പിറ്റേ ദിവസം ഞാൻ അവിടെ, ആ ചെറ്റപ്പുരയ്ക്കു സമീപം എത്തിയതായറിയിച്ചു. കുളത്തിൽ പതിഞ്ഞിരുന്ന അവരുടെ നയനങ്ങൾ എൻ്റെ നേർക്കു തിരിഞ്ഞു. ആ ചുക്കിച്ചുളിഞ്ഞ മുഖത്തു് നിഴലിച്ചിരുന്ന വിഷാദഭരമായ മനഃപൂർവ്വം മാററിക്കൊണ്ടു് ആ വൃദ്ധ മോണ കാണുമാറു ചിരിച്ചു. കട്ടൻകാപ്പി അന്നും എനിക്കു സമ്മാനിച്ചു. ഈ ചിട്ടയിൽ ദിവസങ്ങൾ നീങ്ങി. കട്ടൻകാപ്പി, പിന്നെ കുറെ നാട്ടുകാര്യങ്ങൾ, പഠനകാര്യങ്ങൾ അങ്ങനെ.

"വല്യമ്മേ കുളത്തിൽ നോക്കുന്ന കഥ പറഞ്ഞില്ലല്ലോ" ഞാൻ എന്നും അവസാനമായി ചോദിക്കാറുള്ള ചോദ്യമാണതു്.

"നാളെ"

ഉത്തരം ഈ ഒററ വാക്കുമാത്രമാണു് എനിക്കു ലഭിക്കാറു്. അപ്പോഴേക്കും ആ നയനങ്ങൾ നിറഞ്ഞുകഴിയും. അതോടെ നാട്ടുകാര്യങ്ങളും വീട്ടുകാര്യങ്ങളും എല്ലാം അവസാനിക്കും. ഞാൻ യാത്രയും പറയും. അതാണു പതിവു്.

അന്നും ആ ചിരി ഒന്നു കാണാൻ, കട്ടൻകാപ്പികുടിക്കാൻ, നാട്ടുകാര്യങ്ങൾ കേൾക്കാൻ ഞാൻ ആ ചെററപ്പുരയിലേക്കോടി. ആ കുളത്തിൽ കല്ലോലമാലകൾ അപ്പോഴും ഇളകിമറിയുന്നുണ്ടു്. പക്ഷേ അതു കാണാനല്ല, അതിൽ സൗന്ദര്യംകാണുന്ന ആ നയനങ്ങൾ അന്നവിടെയില്ലേ? ഞാൻ ഒരു നിമിഷം സ്തംഭിച്ചു നിന്നുപോയി. ഞാൻ വിളിച്ചു.

"വല്യമ്മേ"

ഉത്തരമില്ല.

"വല്യമ്മേ"

ഒരിക്കൽക്കൂടി വിളിക്കേണ്ടിവന്നതു് അന്നുമാത്രമാണു്. പക്ഷേ അതിലും സംതൃപ്തിക്കു വഴി കണ്ടില്ല. ഞാൻ ആ ചെററ തള്ളിത്തുറന്നു് അകത്തുകയറി. അതാ, അവിടെ ഒരു മൂലയിൽ മൂടിപ്പുതച്ചുകിടക്കുകയാണെൻ്റെ വല്യമ്മ.

"വല്യമ്മേ"

മുഖത്തുനിന്നും പുതപ്പു മാററി നീക്കിയിട്ടു് ഞാൻ വിളിച്ചു. ദയനീയമായ ആ നേത്രങ്ങൾ എൻ്റെമുഖത്തു് പതിഞ്ഞു. അപ്പോഴും അവർ ചിരിക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു.

"എന്താ വല്യമ്മേ"

ആ നെററിത്തടത്തിൽ ഞാൻ കൈവച്ചുനോക്കി. ഹൊ! എന്തൊരു ചൂടു്. കൈ പൊള്ളിക്കുന്ന ചൂടു്.

"മോനേ, ദേ കാപ്പി" ഒരു മൂലയിലേയ്ക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു് അവർ വിക്കി വിക്കിപ്പറഞ്ഞു. ഞാൻ അതു വേഗമെടുത്തു് വല്യമ്മയ്ക്കു നീട്ടി. പക്ഷെ എനിക്കുവേണ്ടി ഒരുക്കിവച്ചിരുന്ന കാപ്പി ആയിരുന്നു അതു്.

"വേണ്ടാ മോൻ കുടിച്ചോ. വല്യമ്മ കുളത്തിൽ നോക്കിയ കഥ പറയാം."

അതേ, അനേകം നാളുകളായി അറിയാനാഗ്രഹിച്ച കഥ കേൾക്കാൻ എനിക്കവസരം ലഭിക്കുകയാണു്. അതിൽ ആനന്ദിക്കാൻ വകയുണ്ടെങ്കിലും ആ മാതാവിൻ്റെ അപ്പോഴത്തെ സ്ഥിതി അതിനു് അനുരൂപമല്ലെന്നു കണ്ടതിനാൽ 'ഡോക്ടറെ വരുത്തട്ടെ' എന്നു ഞാൻ ചോദിച്ചു. പക്ഷെ അതിനു് അവർ വിസമ്മതിച്ചുകൊണ്ടു് കഥപറയാൻ തുടങ്ങി. "മോനേ, അൻപത്തിനാലു വർഷങ്ങൾക്കു മുൻപാണു് അതു സംഭവിച്ചതു്. എൻ്റെ മാത്തുച്ചേട്ടനെ ഈ കുളത്തിൽ കെട്ടിത്താഴ്ത്തിയതു്. പക്ഷേ അദ്ദേഹം മരിച്ചില്ല. ഇന്നും ജീവിക്കുകയാണു്; ഈ കുളക്കരയിൽ. ഞാൻ ഇന്നുംകാണുന്നുണ്ടു്; അദ്ദേഹത്തെ. പക്ഷേ, പണ്ടത്തെപ്പോലെ നേരമ്പോക്കു പറയാറില്ല. പൊട്ടിച്ചിരിക്കാറില്ല."

"ആതാരാ വല്യമ്മേ ഈ മാത്തുച്ചേട്ടൻ" ഞാൻ ഇടയ്ക്കൊന്നു ചോദിച്ചു.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

"മാതുലച്ചേട്ടൻ. പറയാം മോനെ; പറയാം. കണ്ണീരു തടഞ്ഞു കണ്ഠമിടറിയെങ്കിലും അവർ തുടർന്നു.

"എന്റെ കൂട്ടുകാരൻ. കുട്ടിക്കാലംമുതൽ അടിച്ചും പിടിച്ചും കഴിഞ്ഞുകൂടി. എന്റെ ഹൃദയം കവർന്ന കൂട്ടുകാരൻ! ഈ കുളക്കരയിൽ അന്നുണ്ടായിരുന്ന കാട്ടുപൂക്കളും ഈ അന്തരീക്ഷത്തിൽ അനുപാടിപ്പറന്നിരുന്ന രാപ്പാടികളും എല്ലാം ഞങ്ങളുടെ കൂട്ടുകെട്ടിന് സാക്ഷി നിന്നിട്ടുണ്ട്. അനേകം നിലാവുള്ള രാത്രികൾ എന്തിനെല്ലാമോ സാക്ഷ്യം വഹിച്ചിട്ടുണ്ട്. ആ സാക്ഷ്യങ്ങളൊന്നുംതന്നെ ഞങ്ങളുടെ അനുരാഗത്തിന് വിഘ്നം വരുത്തിയില്ല. പക്ഷേ ഞങ്ങളുടെ സ്നേഹബന്ധം നാട്ടുകാർ അറിഞ്ഞു. പണവും പ്രതാപവുമുള്ള എന്റെ അച്ഛന്റെ കാതുകളിലും അഭിമാനക്ഷയത്തിന്റെ അലകൾ ചെന്നലച്ചു. അങ്ങനെ അവരന്റെ കിങ്കരന്മാർ കൂടി, ഒരു കാളരാത്രിയുടെ അന്ത്യയാമത്തിൽ എന്റെ മാതുലച്ചേട്ടനെ .... ....ഹയ്യോ! പറയാൻവയ്യ" വല്യമ്മ പിടഞ്ഞെഴുന്നേററു. ഞാൻ താങ്ങിയിരുത്തി, കയ്യിലിരുന്ന കട്ടൻകാപ്പി കുറെ അവർക്കു കൊടുത്തു. അതിൽനിന്നും കുറച്ചുമാത്രം കുടിച്ചുകൊണ്ട് വീണ്ടും ആ കിടക്കയിലേയ്ക്കു ചാഞ്ഞു. കുറെ കഴിഞ്ഞു് മിഴിനീരൊപ്പിക്കൊണ്ട് വല്യമ്മ കഥ തുടർന്നു.

"മോനേ, ഹൃദയം തകർന്നുപോയതായി തോന്നി ആ വാർത്ത അറിഞ്ഞപ്പോൾ എനിക്ക്. എന്റെ മാതുലച്ചേട്ടന്റെ മരണവാർത്ത എന്റെ കാതുകൾക്ക് തീക്കൊള്ളിതന്നെയായിരുന്നു. എന്തുകൊണ്ടോ അന്നു ഞാൻ മരിച്ചില്ല. കിടപ്പിലായി. ഒന്നുരണ്ടുമാസം ആ കിടപ്പുതന്നെയായിരുന്നു. ക്രമേണ ശരീരാസ്വാസ്ഥ്യം നീങ്ങി. 'ഇനി ഇവളെ എത്രയും വേഗം വിവാഹം കഴിച്ചു് അയയ്ക്കണം.' അമ്മ ഒരുദിവസം അച്ഛനോട് സ്വകാര്യം പറയുന്നതു ഞാൻ കേട്ടു. അച്ഛനും അതിനു സമ്മതിച്ചു. പക്ഷേ, അവരുടെ സമ്മതം അസ്ഥാനത്തിലായിരുന്നു. അമ്മ എന്നോടു കേണപേക്ഷിച്ചു. അച്ഛൻ എന്നെ ഭീഷണിപ്പെടുത്തി. പക്ഷേ ഈ ഉപായങ്ങളൊന്നുംതന്നെ എന്റെ മനോഭാവം മാററാനോ എന്റെ ഹൃദയത്തിൽനിന്നും മാതുലച്ചേട്ടന്റെ സുന്ദരരൂപം മായ്ച്ചുകളയാനോ ഉപയുക്തങ്ങളായില്ല.

അങ്ങനെ കാലചക്രം കറങ്ങിക്കൊണ്ടുതന്നെ ഇരുന്നു. മാതുലച്ചേട്ടൻ മരിച്ചിട്ട്, അല്ല—അദ്ദേഹത്തെ കൊന്നിട്ട് വർഷം ഒന്നുകഴിഞ്ഞു.

അന്നു രാത്രിയിലും അമ്മയും ഞാനും ഉറക്കറയിൽ പ്രവേശിച്ചു. അമ്മ സോഫായിലും ഞാൻ തറയിലും കിടക്ക നിവർത്തു. അതുതന്നെയാണു പതിവ്. വാതിൽ അടച്ചു തഴുതിട്ടു. അമ്മയും ഞാനും ഉറങ്ങുന്നതിനു കിടന്നു. വിളക്കു കെടുത്തി. വാതിൽപ്പഴുതിലൂടെ ചന്ദ്രികച്ചാർ മുറിക്കകത്തേയ്ക്കു ഒഴുകുന്നതും നോക്കി നോക്കി എത്രനേരം അങ്ങനെ കിടന്നു എന്നു് എനിക്കോർമ്മയില്ല. സകല ജീവജാലങ്ങളും ഉറക്കമായികാണണം. ഞാൻ ഒരു സ്വപ്നലോകത്തിലേയ്ക്കു് വഴുതി.

"ഭാനു, ഭാനു" വെളിയിൽ ആരോ എന്നെ വിളിക്കുകയാണ്. പരിചിതമായ ആ ശബ്ദം കേട്ട് ഞാൻ ഉണർന്നു. സാവധാനം വാതിൽ തുറന്ന് പുറത്തേക്കു നോക്കി. ആ മുററത്ത്— അതേ, ആ സുന്ദരമായ പരിചിതവദനം നിന്നു പുഞ്ചിരിക്കുകയാണ്. ഞാൻ ഓടിച്ചെന്നു് ആ കാൽക്കൽ കെട്ടിപ്പിടിച്ചു വീണു.

'എഴീക്കൂ വരൂ' എന്റെ മാതുലച്ചേട്ടൻ എന്നെ പിടിച്ചെഴുന്നേല്പിച്ചുകൊണ്ടു പറഞ്ഞു.

ഞാൻ ആ കാലടികളെ പിൻതുടർന്നു. ഈ കൊച്ചുകുളം ചന്ദ്രികച്ചാറിനാൽ ഒരു കൊച്ചു പാലാഴി ചമഞ്ഞിരുന്നു. ആ കൊച്ചു പാലാഴിയിൽ തിരമാലകൾ തല്ലിക്കളിച്ചു. ഇളം കാററിൽ ഇളകിയാടുന്ന കാട്ടുപൂക്കളോടൊത്തു് ഞങ്ങൾ നൃത്തംവച്ചു. പാലാഴിയിൽനിന്നു് അമൃതം കോരിക്കുടിച്ചു. മദോന്മത്തരായി പാട്ടുപാടി പരസ്പരം നുകർന്നു. ഹ! എന്തൊരാനന്ദാനുഭൂതി ആനന്ദാ.... ....നു.... ....ഭൂ.... .തി .... ഹാ .... ഹാ ....

ആ നാവു വരളുന്നതുകണ്ടു് കുറേ കാപ്പി ആ നാവിലേക്കു ഞാൻ പകർന്നു. ആ പ്രൗഢ നേത്രങ്ങളോടൊപ്പം എന്റെ നയനങ്ങളും നിറഞ്ഞൊഴുകി. ഒരു നവോന്മേഷത്തോടെ വീണ്ടും ആ വല്യമ്മ പറഞ്ഞുതുടങ്ങി.

"ഒടുവിൽ മാധുച്ചേട്ടൻ യാത്രചോദിച്ചു. ഞാൻ ശിരസ്സു നമിച്ചു. കണ്ണീരൊഴുക്കി. നിദ്രയിൽ നിന്നുണർന്നു. സ്വപ്നം! വെറും സ്വപ്നം?

മോനേ, വേദനിക്കുന്ന എന്റെ ഹൃദയത്തിൽ ആനന്ദത്തിന്റെ അമൃതം കോരിയതു് അങ്ങനെ വല്ലപ്പോഴുമൊക്കെ അനുഭവപ്പെട്ടുകൊണ്ടിരുന്ന സ്വർഗ്ഗീയസ്വപ്നങ്ങൾ മാത്രമായിരുന്നു. ആ സ്വർഗ്ഗീയസ്വപ്നം എന്നുമെന്നും നീണ്ടുനിന്നെങ്കിൽ എന്നു ഞാനാശിച്ചു.

സ്വപ്നത്തിൽ സ്വർഗ്ഗം കണ്ട നാളുകൾ അങ്ങനെ ഒന്നുരണ്ടു കഴിഞ്ഞു.

രാവിലെ ഉണർന്നു നോക്കുന്ന അമ്മ ആദ്യമായി കാണുക, തുറന്നുകിടക്കുന്ന വാതിലാണു്. അവർ പലതും സംശയിച്ചു. ഒരു പ്രായമായ മകൾ! അവർ എങ്ങനെ സംശയിക്കാതിരിക്കും?

രാത്രിയിൽ തനിയെ പുറത്തിറങ്ങരുതെന്നു് അവർ മകളെ ഉപദേശിച്ചു. താക്കീതു നല്കി. എന്നിട്ടും ആ സംഭവം ആവർത്തിച്ചുകൊണ്ടിരുന്നു. പക്ഷേ എന്തുചെയ്യാനാണു്? ഒരു രാത്രിപോലും അമ്മയോടു ചോദിക്കാതെ പുറത്തിറങ്ങിയതായി എനിക്കോർമ്മയില്ല.

ഒടുവിൽ വിവരം അച്ഛനറിഞ്ഞു. അന്നു തൊട്ടു് അച്ഛന്റെ കിടക്ക എന്റെ ഉറക്കറയുടെ വാതില്ക്കലേക്കു മാറി. പക്ഷേ അന്നും രാവിലേ വാതിൽ തുറന്നു കിടക്കുന്നതായിത്തന്നെ കാണപ്പെട്ടു. പതിവില്ലാത്തവിധം ഭദ്രകാളി ചമഞ്ഞുകൊണ്ടു് അമ്മ എന്നെ തട്ടിയുണർത്തി. "രാത്രിയിൽ എവിടാടീ നിന്റെ പോക്കു്" അവർ ഗർജ്ജിച്ചു. ഞാൻ പൊട്ടിക്കരഞ്ഞുപോയി. പക്ഷേ ആ കരച്ചിലിനു് കടിഞ്ഞാണിടാൻ എനിക്കു പ്രയാസമുണ്ടായില്ല. കാരണമുണ്ടു്. ഞാൻ എന്റെ സുന്ദരസ്വപ്നങ്ങളിൽക്കൂടി സ്വച്ഛന്ദം വിഹരിക്കുന്ന നാളുകളിലാണു് ആ സംഭവം ഉണ്ടാവുക. പക്ഷേ അതു ഞാൻ ആരോടും പറഞ്ഞിട്ടില്ല. അമ്മയുടെ ശകാരവർഷം ഹൃദയവേദനയോടെ ഞാൻ സഹിച്ചു.

ആ രാത്രിയിൽ അച്ഛൻ ഉറക്കൊഴിയാൻ തന്നെ തീരുമാനിച്ചു. പക്ഷേ ആ സംഭവത്തിനു് ആതൊരു വിലങ്ങുതടിയായില്ല. ഞാൻ എന്റെ സുന്ദരസ്വപ്നത്തിലേക്കു കടന്നു. മാധുച്ചേട്ടനെ അന്നും ഞാൻ പിൻതുടർന്നു. കുളക്കരയിൽ നൃത്തം വച്ചു. പാട്ടുപാടി. പാലാഴിയിൽ നീന്തി. അമൃതം കുടിച്ചു. സ്വപ്നം മാഞ്ഞു ഞാൻ നിദ്ര വിട്ടുണരുകയും ചെയ്തു. പക്ഷേ ......വെള്ളം......... ....മോ.... ....നേ.... ....വെ....ള്ളം... ....ളം.

ആ നാവുകൾ വരളുകയാണു്. ഞാൻ കാപ്പിപ്പാത്രത്തിലേയ്ക്കു നോക്കി. ആ നാവു നനയ്ക്കാനുള്ള വെള്ളം അതിൽ കണ്ടില്ല. ഞാൻ ഓടി അടുപ്പത്തു ചെന്നു. ശൂന്യമായ മൺപാത്രം. ആ പാത്രവുമായി ഞാൻ കുളത്തിലേക്കോടി. വെള്ളം കൊണ്ടുവന്നു് ആ വായിലേക്കു കുറേ ഒഴിച്ചുകൊടുത്തു.

"ഹാവൂ!........പാൽ........പാലു്......മോനേ, ഇതെവിടുന്നാ ഈ പാലു്" അവർ എന്നെ ആവേശത്തോടെ നോക്കി. "പച്ചവെള്ളം" ഞാൻ മന്ത്രിച്ചു. ഒരുപക്ഷേ അടുത്ത നിമിഷം ആ ശരീരം തണുത്തു മരവിച്ചുപോയെന്നും വരാം. "ഡോക്ടറെ വരുത്തട്ടെ വല്യമ്മേ" ഞാൻ ചോദിച്ചു.

"വേണ്ട, വേണ്ട. കഥ തീരട്ടെ. പക്ഷേ, മോനേ ഞാൻ ക്ഷീണിക്കുന്നു. എങ്കിലും എനിക്കതു പറഞ്ഞു തീർക്കണം. ഞാൻ ആരോടും പറഞ്ഞിട്ടില്ലാത്ത ആ കഥ എന്റെ മകനോടു് എനിക്കു പറയണം." അവ്യക്തമായ ഭാഷയിൽ അവർ തുടർന്നു.

"ഞാൻ സ്വപ്നത്തിൽനിന്നും ഉണർന്നു് അധികം കഴിഞ്ഞില്ല. 'എടീ മാധവീ' എന്ന സംഭ്രമജനകമായ ഒരലർച്ചയോടുകൂടി ഒരാൾ മുറിയിൽ പ്രവേശിച്ചു. അമ്മയുടെ അടുക്കലേയ്ക്കോടി. അമ്മയും ഞാനും ചാടി എഴുന്നേററു. ഞാൻ തീപ്പെട്ടിക്കോൽ ഉരച്ചു. ആ നേരിയപ്രകാശത്തിൽ ആ മനുഷ്യനെ ഞാൻ വ്യക്തമായികണ്ടു. അച്ഛൻ! അതേ, അദ്ദേഹത്തിന്റെ ശരീരം കിടുകിടെ വിറയ്ക്കുന്നുണ്ടായിരുന്നു.

"ഹയ്യോ! ഹെന്താണു്? എന്തുപററി നിങ്ങൾക്കു്?" അമ്മ എന്തെന്നില്ലാത്ത പരിഭ്രമസ്വരത്തിൽ ചോദിച്ചു.

(ശേഷം 29-ാം പേജിൽ)



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# പൈങ്കിളിഗാനം

*(P. J. J.)*

(അന്തിമയങ്ങുമ്പോൾ എന്ന മട്ട്)

വാർവിണ്ണിൽതാരംപോൽ–മാർ ഈവാനിയോസ് കോളേജ്
വാരൊളി തൂകി ലസിക്ക,
പാരിൽ പുകൾപെറാ–ഭാരതാംബയ്ക്കോരു
ചാരുതിലകമായ് വാഴ്ക.

ധന്യൻ മാർ ഈവാനിയോസ് മന്നിൽ വിതച്ചോരു
പൊൻവിത്തിതളുകൾ ചാർത്തി,
പൊന്നോമൽക്കൊച്ചുതിരുമേനി പിന്നെയാ–
ക്കൊച്ചുതരുവിനെ പോററി. (വാർവിണ്ണിൽ)

അച്ചെറുപൊൽത്തരു വൻവൃക്ഷമായ് തന്റെ
ശാഖകൾ വാനിൽ വിരിപ്പൂ;
പക്വഫലങ്ങളശിപ്പിതിന്നായ് ചെറു–
പച്ചക്കിളികൾ വരവായ്. (വാർവിണ്ണിൽ)

ഈ മരക്കൊമ്പിലിരുന്നിതിൻ തേൻപഴം
തിന്നൊത്ത പൈങ്കിളി പാടി,
വാനത്തുയന്നവർ പാറിപ്പറന്നുകൊ–
ണ്ടിപ്പോഴും പാടുന്ന കേൾക്കാം. (വാർവിണ്ണിൽ)

പാടട്ടെ, പാടട്ടെ വാനിൽപ്പരക്കട്ടെ
മാറൊലിയിക്കിളിപ്പാട്ടിൽ
കൂടട്ടെ നാനാ ദിഗന്തങ്ങളിൽനിന്നും
പാടുവാനേറെക്കിളികൾ. (വാർവിണ്ണിൽ)

# VOLLEY BALL TEAM 1956—'57



*Runners up in (1) Inter collegiate Tournament*
*(2) Very Rev. Fr. Bertholomeo Memorial Tournament*

*Newly Commissioned*



*George Philip II U. C.*
*Best Photographer*



*2/Lt. V. S Kuncheria*



Sodality of Our Lady, 1956- '57



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# താരങ്ങൾ വീണ്ടും ഉദിക്കും

*(Alexander V. Jacob—III B. Sc.)*

**ക**ടൽത്തീരത്തെ മണൽപ്പുറത്തു് കാററു കൊള്ളുവാൻ പലരും കൂടിയിട്ടുണ്ട്. പശ്ചിമാകാശത്തിരശ്ശീലയിൽ ഒരു ബഹുവർണ്ണ ചലച്ചിത്രം തന്നെ നടക്കുകയാണ്. നായകനായ സൂര്യദേവൻ തങ്കപ്പൊടി തൂകിക്കൊണ്ടു യാത്ര ചോദിക്കുകയാണു ഞങ്ങളോടെല്ലാം.

'എത്ര മനോഹരമായ സായാഹ്നം' അച്ഛൻ പറഞ്ഞു.

'അദൃശ്യനായ കലാകാരൻെറ തൂലികാവിലാസം തന്നെ'. ഇടയ്ക്കുകയറി എൻെറ കലാകാരനായ ജ്യേഷ്ഠൻ പറഞ്ഞു.

“ആ കലാകാരൻ ആരാണെന്നറിയാമോ”?

“ചിരന്തനനായ മനോഹരൻ” തക്ക ഉത്തരവും കിട്ടി. എനിക്കെന്തെങ്കിലും പറയണമെന്നു തോന്നി. പക്ഷേ സാഹിത്യത്തിൽ ലേശംപോലും പ്രതിപത്തിയില്ലാത്ത ഒരു ബാലനായിരുന്നു ഞാൻ എന്താണ് ആ മനോഹരമായ സന്ദർഭത്തിൽ, പ്രത്യേകിച്ചു 'സാഹിത്യകുശലന്മാരായ അച്ഛൻെറയും ജ്യേഷ്ഠൻെറയും മുമ്പിൽവച്ചു പറയേണ്ടതു് എന്നു് അറിയാതെ വിഷമിച്ചു. അവരുടെ സംസാരം അങ്ങനെ നീണ്ടു നീണ്ടുപോയി.

ആ മന്ദമാരുതനിൽ ഒരു ഗാനശില്പം നിന്നലതല്ലി; രോമഹർഷം കൊള്ളിക്കുന്ന ഒരു ഗാനം. മിക്കവരുടേയും ശ്രദ്ധ അതിലേക്കു പതിഞ്ഞു. ഗാനം അടുത്തടുത്തു വന്നു. ആ കൊച്ചു ഗായികയെ ഞങ്ങൾ കാണുകതന്നെ ചെയ്തു. കീറിപ്പറിഞ്ഞ വസ്ത്രം ധരിച്ച ഒരു ഏഴെട്ടു വയസ്സുള്ള കൊച്ചു സുന്ദരി. എല്ലാവരുടേയും അടുത്തു ചെന്നു് പുതിയ പുതിയ പാട്ടുപാടി ചില്ലറപ്രതിഫലം വാങ്ങിക്കുകയാണവളുടെ ജോലി. ആ ബാലഗായിക അടുത്തുവന്നു. ഞങ്ങൾ ആവശ്യപ്പെടാതെ തന്നെ തുടങ്ങി അവൾ ശ്രവണസുഭഗമായ ഒരു സംഗീതക്കച്ചേരി. പശ്ചാത്തലമായി കടൽത്തീരത്തെ അലകളും താളം പിടിച്ചു. പടിഞ്ഞാറേ ആകാശത്തിലെ ചിത്രപ്രദർശനം അവസാനിക്കാറായതോടെ ആ ഗാനവും നിലച്ചു

“എടീ! നിൻെറ പേരെന്താ”?—അച്ഛൻ ചോദിച്ചു.

“ഗീത”—ഒതുങ്ങിയ സ്വരത്തിൽ അവൾ മറുപടി പറഞ്ഞു.

'നിൻെറ വീടെവിടാ'

“എനിക്കു വീടില്ല”—വിഷാദസ്വരത്തിൽ അവൾ മറുപടി പറഞ്ഞു.

“പിന്നെ നീ താമസിക്കുന്നതു്”?

അവൾ ഒന്നും മിണ്ടിയില്ല. ഒരു മ്ലാനത ആ മുഖത്തു വീശിയതു് സ്പഷ്ടമായി കാണാമായിരുന്നു.

“അച്ഛനും അമ്മയുമില്ലേ?” ജ്യേഷ്ഠൻ ചോദിച്ചു.

ഗീത:—“ഇല്ല”.... ....“അച്ഛൻ ഞാൻ കുഞ്ഞായിരിക്കുമ്പോഴേ മരിച്ചു. ഇത്രയും നാൾ അമ്മയുടെകൂടെയായിരുന്നു താമസിച്ചതു്. പക്ഷേ അതിനും ഭാഗ്യമുണ്ടായില്ല. അമ്മയേയും ദൈവം വിളിച്ചു. പിന്നെ....പി....ന്നെ....ഞാ....ൻ.... മാത്രം.... .... ഇത്രയും അവൾ ഗൽഗദത്തോടെ പറഞ്ഞു തീർത്തു.

“പാവം! ആരുമാരുമില്ലാത്ത പെണ്ണു്” അച്ഛൻ പറഞ്ഞു. ഞങ്ങൾ അതു ശരിവച്ചു.

അച്ഛൻ—“ശരി, നിനക്കു ഞങ്ങളുടെ കൂടെ ജോലിക്കു നില്ക്കാമോ?”

അവൾ സമ്മതം മൂളി. ഞങ്ങൾ അവളെക്കൂടി കാറിൽ കയററി വീട്ടിൽ കൊണ്ടുവന്നു.

* * * *

എന്നും സ്കൂളിൽനിന്നും വന്നാലുടൻ ഞാൻ ഗീതയെ വിളിക്കും. അവളുടെ പാട്ടു കേൾക്കാതെ ഒരു ദിവസംപോലും കഴിച്ചുകൂട്ടുക അസാദ്ധ്യമായി. എത്ര കേട്ടാലും മതിവരാത്ത കലാവൈഭവം അതിലുണ്ട്. സ്വർഗ്ഗീയസുഖം തന്നെയായിരുന്നു അവളുടെ പാട്ടു കേൾക്കുമ്പോൾ. അച്ഛനും അമ്മയും ജ്യേഷ്ഠനുമെല്ലാം അവളുടെ സംഗീതവൈദുഷ്യത്താൽ ആകൃഷ്ടരായി.

വളരെക്കാലം കഴിഞ്ഞു. ഞാൻ ഒരു കോളജ് വിദ്യാർത്ഥിയായി. പഠിത്തത്തിലല്ല, സംഗീതത്തിലായി എന്റെ ശ്രദ്ധ അധികവും. നല്ല ഭക്ഷണം കഴിച്ചും നല്ല വസ്ത്രങ്ങൾ ധരിച്ചും ഗീത ഒരു കാണപ്പെട്ട അപ്സരസ്സ് തന്നെയായി. അവളുടെ സംഗീതവാസനയെ പോഷിപ്പിക്കുന്നതിൽ ഞങ്ങളെല്ലാവരും ബദ്ധശ്രദ്ധരായിരുന്നു. പുതിയ റിക്കാർഡു വന്നാലുടൻ ഞൻ അതു വാങ്ങിക്കും. മിക്കവാറും അതുടൻതന്നെ അവൾ ഹൃദിസ്ഥമാക്കും. തിരിച്ച് ഒരു മാററക്കൂട്ടി പാടിത്തരും. മിക്കദിവസവും ഓരോ സംഗീതക്കച്ചേരിതന്നെയായിരുന്നു നടന്നുകൊണ്ടിരുന്നതു്. ഗീതയുടെ സംഗീതപ്രവാഹത്തിൽ എന്റെ മനസ്സ് ആമഗ്നമാകാതിരിക്കയില്ല. ഗീതയില്ലാത്ത ജീവിതംതന്നെ ക്രമേണ അസാദ്ധ്യമായും തീർന്നു. വൈകിട്ടു കോളജിൽനിന്നും വന്നാലുടൻആസ്വദിക്കണം അവളുടെസ്വർഗ്ഗീയ ഗാനമാധുര്യം. സ്വർണ്ണലിപികളിൽ ആലേഖനംചെയ്ത സംഗീതസമ്രാട്ടുകളെന്നു മുദ്രയടിക്കപ്പെട്ട മഹാ സംഗീതജ്ഞന്മാർപോലും ഗീതയുടെ മുമ്പിൽ നിഷ്പ്രഭങ്ങളാണെന്ന് എനിക്കു തോന്നിത്തുടങ്ങി.

ഒരു ദിവസം പൂനിലാവിൽ ഞാൻ ഗീതയുടെ സംഗീത മാധുരിയിൽ ലയിച്ചിരിക്കുകയായിരുന്നു. ആ സംഗീതപ്രവാഹത്തിന്റെ അപാരമായ ശക്തി വർണ്ണനാതീതമെന്നുവേണം പറയാൻ. എന്തായാലും, ആ പൂന്തോട്ടത്തിൽ ഞങ്ങൾ വളരെ നേരം കഴിച്ചുകൂട്ടിയതറിഞ്ഞില്ല. അച്ഛൻ ക്ലബ്ബിൽനിന്നും വന്നപ്പോൾ കണ്ട കാഴ്ച അദ്ദേഹത്തെ വല്ലാതെ ക്ഷോഭിപ്പിച്ചു. ആ നിമിഷം വരെ വിചാരിക്കാതിരുന്ന ചില വശങ്ങൾ അദ്ദേഹത്തെ അലട്ടി. എന്റെ അടുത്തു് ഇരുന്നു പാടുന്ന ഗീതയേയാണ് അച്ഛൻ പെട്ടെന്നു കണ്ടതു്.

“രാജൻ”!— ആ വിളികേട്ടാണ് ഞാൻ സംഗീതലഹരിയിൽനിന്നുണർന്നതു്.

“രാജൻ”—വീണ്ടും വിളിച്ചു.

ഞാൻ അച്ഛന്റെ അടുക്കലേക്കു പോയി.

“നീ എന്തുചെയ്യുകയായിരുന്നു? ആ തോട്ടത്തിൽ.”

ഞാൻ ഒന്നും പറഞ്ഞില്ല.

“ഗീതയെവിടെ?” ഇടിനാദംപോലെ മുഴങ്ങുമാറാണു് അദ്ദേഹം ഈ രണ്ടു ചോദ്യങ്ങളും എറിഞ്ഞതു്. എന്റെ മുഖം വിവർണ്ണമായി. ഹൃദയം ശക്തിയായി തുടിച്ചുതുടങ്ങി. എന്തെങ്കിലും പറയാൻ ഞാൻ അശക്തനായി. ആ ഗായികയിൽ ഞാൻ ആകൃഷ്ടനായിപ്പോയെന്ന് അദ്ദേഹം നല്ലവണ്ണം മനസ്സിലാക്കി. കോപം അല്പം ശമിപ്പിച്ചുകൊണ്ട് അദ്ദേഹം അകത്തേയ്ക്കു പോയി.

നേരം പ്രഭാതമാകാറാകുന്നു. ആകപ്പാടെ ഒരു മൂകത. എങ്ങും ഒരു നിരുത്സാഹത. വൃക്ഷലതാദികളെല്ലാം നിർജ്ജീവമായി നില്ക്കുന്നു. എങ്ങും മൂടൽ വ്യാപിച്ച് ഇരുണ്ട സ്ഥിതിയിലായിരിക്കുന്നു. മഞ്ഞുകണങ്ങൾ ഇലകളിൽനിന്നു നിപതിക്കുന്നതു്, ദുഃഖസൂചകമായി എന്തിനേയോ ചൂണ്ടിക്കാണിക്കുന്നതായി എനിക്കു തോന്നി. പ്രകൃതികൂടി ഇങ്ങനെ ദുഃഖിക്കേണ്ടകാര്യം എന്താണ്.? ഞാനെഴുന്നേററു.—എല്ലായിടത്തും ഒരു ‘ശൂന്യത’ അനുഭവപ്പെട്ടു. എന്റെ പ്രിയ ഗായിക അവിടെനിന്നു മറഞ്ഞിട്ട് വളരെ നേരമായി. അവളെ ഇനിയും അവിടെ പാർപ്പിക്കുന്നതിൽ അച്ഛൻ വൈമുഖ്യം കാണിച്ചു. അവളെ എന്നെന്നേക്കുമായി പിരിച്ചയച്ചു കഴിഞ്ഞിരുന്നു. അവൾ വീണ്ടും എന്റെ ജീവിതത്തെ നശിപ്പിക്കുമോ എന്ന ഭയമായിരുന്നു അച്ഛനെ അലട്ടിയിരുന്നതു്.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ബന്ധുജനങ്ങളും സുഹൃത്തുക്കളുമെല്ലാം വന്നും പോയുമിരുന്നു. ഞാൻ എവിടെയാണ്? അന്ധകാരമായ ഭ്രമധ്യത്തിൽ. സകല ക്ലേശങ്ങളും എന്നെ അലട്ടുന്നതായി തോന്നി. ദിവസങ്ങൾ ചെല്ലുന്തോറും എന്റെ രോഗം ക്രമേണ വർദ്ധിച്ചുവരുന്നുവെന്ന് ഡോക്ടർമാർ പറഞ്ഞു. എവിടെയെങ്കിലും ഒരു പാട്ടുകേട്ടാൽ ഞാൻ പൊട്ടിക്കരയും. ഒരു രാഗം മൂളിയാൽപ്പോലും അതു് എനിക്കു കേൾക്കാൻ മനഃശക്തി ഇല്ലാതായിത്തീർന്നു. ഗീതയുടെ സംഗീതത്തിനല്ലാതെ മറ്റൊന്നിനും രോഗശാന്തി വരുത്തുന്നതിന് ശക്തിയില്ലന്നായി. എല്ലായിടത്തും അവളെ തിരഞ്ഞു. പക്ഷേ ഫലമുണ്ടായില്ല. അവളുടെ ആ മധുര സംഗീതത്തിനായി ഞാൻ എപ്പോഴും ദാഹിച്ചു.

അതാ ഒരു പാട്ട്! അതു് ഗീതയുടേതു തന്നെ. എത്ര ആനന്ദം! ഇങ്ങനെ പാടാൻ എന്റെ ഗീതയ്ക്കല്ലാതെ മറ്റാർക്കും സാദ്ധ്യമല്ല. കിടന്ന കിടപ്പിൽനിന്നു ചാടിയെഴുന്നേറ്റ് റേഡിയോവിൽ ചെവിയുറപ്പിച്ചു ഞാനിരുന്നു. പക്ഷേ ഉടൻതന്നെ എന്നെ എല്ലാവരും കിടക്കയിൽ കിടത്തി. ഗീതയെത്തിരഞ്ഞു് പ്രിയപ്പെട്ട ബന്ധുക്കളിൽ പലരും റേഡിയോസ്റ്റേഷനിലേയ്ക്കു യാത്രയായി. താമസംവിനാ ഗായിക എന്റെ മുമ്പിൽ ആനയിക്കപ്പെട്ടു. ബന്ധുക്കളുടെ അഭ്യർത്ഥനയനുസരിച്ച് ഗാനാലാപത്തോടുകൂടിത്തന്നെയാണ് ആ പുതിയ ഗായിക താര ആവിർഭവിച്ചതു്. ആ ഗാനം അടുത്തടുത്തു വന്നതോടെ എന്തോ ഒരു നവചൈതന്യം എന്നിൽ സഞ്ജാതമായി. ഗീതയുടെ ഓർമ്മയെ നിലനിർത്തുന്നതിനുവേണ്ടി ഞാൻ ആ പുതിയ ഗായികയായ താരയെ സഖിയായി തിരഞ്ഞെടുത്തു. താരയുടെ ഗാനം ഗീതയുടേതിനോടൊപ്പം ഹൃദയഹാരിയായിരുന്നു. ക്രമേണ അവൾ ഗീതയുടെ തനിപ്പകർപ്പായിട്ടുതന്നെ എനിക്കു തോന്നി. അവളുടെ ഗാനാമൃതലഹരിയിൽ ലയിച്ച് അവളെ ഗീതയായിത്തന്നെ ഞാൻ കരുതി. അങ്ങനെ സ്വർഗ്ഗസുഖം അനുഭവിച്ചിരിക്കവേ ഒരിക്കൽ ഞാൻ അച്ഛനോട് ഇങ്ങനെ യാചിച്ചു: പ്രിയപ്പെട്ട അച്ഛാ! ഇനിയെങ്കിലും ഈ സംഗീതചൈതന്യം എന്നെ വേർപിരിയാൻ ഇടയാക്കരുതേ! ഇവൾ താരയല്ല. ഗീതതന്നെയാണ്.

---

(25-ാം പേജിന്റെ തുടർച്ച)

"എടീ, അവൾ വന്നോ? ആ സുമതി ഇങ്ങു വന്നോ? അവടെ പൊറകീന്നു കുളക്കരെവരെ പോയെടീ ഞാൻ"

"സുമതിയോ! അവളല്ല്യോ ഈ മലപോലെ നിക്കുന്നേ" കയ്യിലിരുന്ന വിളക്ക് എന്റെ മുഖത്തേക്ക് കാണിച്ചുകൊണ്ട് അമ്മ പറഞ്ഞു.

"ങേ! അല്ല.....അല്ല.... അവടെ പൊറകീന്നല്ല്യോ ഞാമ്പോയതു്. അയ്യോ! ആ മാത്തു"

"ങേ! മാത്തുവോ? അവൻ ചത്തില്ല്യോ?"

"ഇല്ലെടീ ഇല്ല. കൊന്നു. അവൻ എന്നെ കൊല്ലാൻ വന്നു. എന്റെ മേലു പെരുത്തു് ഞാൻ അവിടെ മറിഞ്ഞുപോയി. പിന്നെ.... പിന്നെ ഓർമ്മവന്നപ്പോഴല്ല്യോ ഞാനെഴിച്ചിങ്ങോട്ടോടിയതു്"

ഇതുകേട്ട് എനിക്ക് അദ്ഭുതവും സങ്കടവും തോന്നി. പിന്നെ അച്ഛൻ എഴുന്നേറ്റില്ല. വൈദ്യനും മന്ത്രവാദിയും വന്നു. പക്ഷേ അച്ഛന്റെ സുഖക്കേടിനു യാതൊരു കുറവും കണ്ടില്ല. എന്തിനേറെ ഒരു മാസത്തിന്റെ രണ്ടറ്റങ്ങളിലായി അച്ഛനും അമ്മയും നിത്യതയിൽ പ്രവേശിച്ചു. ഇതിനകം മാത്തുച്ചേട്ടന്റെ പറന്നുനടന്ന ജീവൻ മന്ത്രവാദിയുടെ ബന്ധനത്തിലായി. അതാ ആ കുളത്തിന്റെ തെക്കേമൂലയ്ക്കു നില്ക്കുന്ന പ്ലാവിന്റെ ചുവടിൽ ആ ജീവനെ ഉറപ്പിച്ചു.

അന്നുമുതൽ ഞാൻ സ്വപ്നം കാണാറില്ല. എന്റെ ജീവിതം ഈ ക്രൂരയിലേക്കു മാറി. തറവാടു വാടകയ്ക്കു കൊടുത്തു. ഹയ്യോ.... വയ്യ... ....വയ്യ.... വയ്യ.... ഞാൻ.... പോ.... ന്നു.....എന്റെ ....അച്ഛൻ....എന്റെ.....അ....മ്മ.....എന്നെ..... ....ആ പ്ലാ.....വി.....ന്റെ....ചു.....വ....ട്ടിൽ.... ....ഹാ.....ആ നാവു നിശ്ചലമായി. വായ് ഒരു വശത്തേക്കു കോടി.

* * * *

ശോകമൂകമായി ആ ചെറ്റപ്പുര ഇന്നും അവിടെ, ആ കുളക്കരയിൽ കൂനിക്കൂടിനില്പുണ്ട്. അതിന്റെ സമീപത്തുള്ള തടപ്പാതയിൽക്കൂടി രാത്രികാലങ്ങളിൽ സഞ്ചരിക്കുന്നവർക്ക് ആ കുളവരമ്പിന്റെ തെക്കേ മൂലയിൽ അടുത്തടുത്തു് രണ്ടു ശുഭ്രമായ നിഴലുകൾ കാണാം.

---

# ഭാരതം ജയിക്കട്ടെ

*(P. M K.)*

'പഞ്ചമി'യിൽനിന്നു രണ്ടുമൈൽ അകലെയാണ് 'ചേരിഗ്രാമം' സൂക്ഷിച്ചുനോക്കിയാൽ വളരെ അകലെനിന്നുതന്നെ അതിന്റെ ഒരററത്തായി ഒരു ചെറുകുടിൽ നില്ക്കുന്നതുകാണാം. ആ കുടിൽ മന്ദമാരുതനേററ് ചാഞ്ചാടിക്കളിക്കയാണ്. സുന്ദരമായ പ്രഭാതത്തെ സ്വാഗതം ചെയ്തുകൊണ്ട് അതിനുചുററും പക്ഷിവർഗ്ഗങ്ങൾ പാറിപ്പറന്നെത്തിക്കൊണ്ടിരിക്കുന്നു.

'രാംശ്രു', "രാംശ്രു" എടാ കുഞ്ഞേ, നിനക്കു വയസ്സു പതിനെട്ടായല്ലോ. ഇനിയും നിന്നെ ഉറക്കത്തിൽ നിന്നു വിളിച്ചുണർത്താൻ ഞാൻ എണീക്കണോ? നേരം പുലരാറായി, എഴുന്നേററു വല്ലതും വായിക്കരുതോ? എന്നു് രാംശ്രുവിന്റെ അമ്മ 'നാന്ദി' പറയുകയാണ്.

'എണീററു വായിക്കു്, വായിക്കു്', എപ്പോഴും ഇതുതന്നെ കേൾക്കുന്നപല്ലവി—വേറെയൊന്നും അമ്മയ്ക്കു പറയാനില്ല. ഏതായാലും ഞാൻ അമ്മപറയുന്നതു് അനുസരിക്കാം—എണീററിരുന്നു വായിക്കാം. പെട്ടെന്നു് ഒരു കപ്പു ചൂടുചായ തരണേ!

നാന്ദിയുടെ മുഖത്തു് ഒരു ദുഃഖച്ഛായ ഉദിച്ചുയർന്നു. അവൾ മറുപടിഒന്നും പറയാതെ അടുത്ത മുറിയിലേക്കു ദ്രുതഗതിയിൽ നടന്നു.

മണി ആറടിച്ചു. രാംശ്രു ചായകിട്ടായ്കയാൽ കസേരയിലിരുന്നു മയങ്ങുകയാണ്. അവനു് ഉറക്കച്ചടവു തീർന്നിട്ടില്ല. കുറെനേരംകഴിഞ്ഞപ്പോൾ അടുക്കളയിൽ ചെന്നു് അമ്മയെ അന്വേഷിക്കാമെന്നു നിശ്ചയിച്ചു് അവൻ എണീററു നടന്നു. പക്ഷെ, നാന്ദി അവിടെ ഉണ്ടായിരുന്നില്ല.

അയൽപക്കത്തുള്ള ഏതെങ്കിലും വീടുകളിലേയ്ക്കു് അമ്മ പോയിരിക്കുമെന്നുകരുതി അവൻ അങ്ങോട്ടേയ്ക്കു തിരിച്ചു. താമസിയാതെതന്നെ അവൻ അറിഞ്ഞു അയൽവീടുകളിലുള്ളവരെല്ലാംതന്നെ 'ദാമിനി'ഗ്രാമ'ത്തിലേക്കു പോയിക്കഴിഞ്ഞിരിക്കുന്നുവെന്നു്. ഒരൊററമനുഷ്യനെപ്പോലും അവനു് അവിടെ കാണാൻ കഴിഞ്ഞില്ല. എന്താണു ചെയ്യേണ്ടതു്? എങ്ങോട്ടാണുപോകേണ്ടതു്? ഒന്നും നിശ്ചയിക്കാൻ കഴിയാതെ കുഴങ്ങി. അരുണിമകലർന്ന ആകാശത്തിലേയ്ക്കു നോക്കി അങ്ങോട്ടുമിങ്ങോട്ടും കുറെനേരം നടന്നു. ഒടുവിൽ അവൻ അമ്മയെ അന്വേഷിച്ചു മുന്നോട്ടു കുതിച്ചുപാഞ്ഞു. അങ്ങനെ വഴിയിലുള്ള 'പഞ്ചമി' ഗ്രാമത്തിൽ അവൻ ചെന്നെത്തി.

ആ സ്ഥലത്തെങ്ങും ഒരു മൂകത, ഒരു ഭയാനകത. അതിഘോരമായ ഒരു കൊടുംകാററു്. അത്യാസന്നമായിരിക്കുന്ന ഒരു അവസ്ഥയാണ് അവൻ അവിടെ കണ്ടതു്. അവിടെ അവൻ നിന്നില്ല. മുന്നോട്ടുതന്നെ നടന്നു. ആരെടാ, ആ പോകുന്നതു്. അവിടെ നിൽക്കു് എന്നൊരു ശബ്ദം അവിടെ മുഴങ്ങി രാംശ്രു അതു കേട്ടില്ല. അവൻ അവന്റെ അമ്മയെ മനസ്സിൽ ധ്യാനിച്ചുകൊണ്ടു നടക്കുകയാണ്. അപ്പോഴാണു കുതിരക്കുളമ്പുകളുടെ പതനശബ്ദം തുടർച്ചയായി അവന്റെ കർണ്ണപുടങ്ങളിൽ പതിച്ചതു്. എന്തുചെയ്യണമെന്നു അറിയാതെ അവൻ അവിടെ സ്തംഭിച്ചു നിന്നുപോയി.

മൂന്നു ഭടന്മാർ ലിസ്ബൺ യൂണിഫോറത്തിൽ കൈത്തോക്കും ചൂണ്ടിക്കൊണ്ടു് അവന്റെ മുൻപിൽ നിൽക്കയാണ്. അവരിൽ ഒരാൾ ആജ്ഞ നൽകി. 'ഹാൻഡ്സ് അപ്പ്'.... ....എന്നു്. രാംശ്രു അനങ്ങിയില്ല. അപ്പോഴേക്കും മറെറാരു ഭടന്റെ ദൃഷ്ടി രാംശ്രു ധരിച്ചിരുന്ന ഷർട്ടിൽ പതിയുകയുണ്ടായി. അയാൾ ചോദിച്ചു. എടാ, നീ ഇന്ത്യാക്കരനാണോ പറ. 'അല്ല, ഞാൻ ഗോ

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

വായിൽ ജനിച്ചു വളർന്നവനാണ്'' രാംശു പറഞ്ഞു.

"പിന്നെ എന്തെടാ, നീ മുകളിൽ ചുമപ്പും നടുക്ക് വെളുപ്പും ചുവട്ടിൽ പച്ചയും നിറമുള്ള ബട്ടൺ ഷർട്ടിലിട്ടിരിക്കുന്നതു്."

അച്ഛന്റെ പാവനസ്മരണയ്ക്കുവേണ്ടിയാ."

"നിന്റെ അച്ഛൻ എപ്പോഴാമരിച്ചതു്."

"കഴിഞ്ഞ ആഗസ്റ്റ് പതിനഞ്ചിന്—രാവിലെ ഏഴുമണിക്കു്."

"നീ ഇപ്പോൾ ആരുടെ രക്ഷയിലാ."

"സ്വന്തം രക്ഷയിൽ."

"എങ്ങോട്ടാ നീ ഇപ്പോൾ പോകുന്നതു്."

'പഞ്ചമയിൽ കുറെ അകലെ എന്റെ അമ്മാവന്റെ വീട്ടുണ്ട്. അങ്ങോട്ടു അമ്മയെ അന്വേഷിച്ചു പോകയാണ്.

"അമ്മയെ കാണുക ഇപ്പോൾ നടപ്പില്ല. ഇതാ ഈ പടച്ചട്ട ധരിക്കു്. ഈ പിസ്റ്റലും കൈയിൽ വച്ചോ—ദൂരെനിന്നു് ആരെങ്കിലും വരുന്നതു കണ്ടാൽ ഉടൻ 'വിസിൽ' ഊതണം. കേട്ടോ.

"ഇതൊക്കെ എന്തിനാണ്?!"

"അതൊക്കെ അറിഞ്ഞിട്ടു നിനക്കെന്തെടാ കാര്യം. പോർട്ടുഗീസുഭടന്മാർ പറഞ്ഞാൽ ഗോവായിലെ ജനങ്ങൾ അപ്പടി അനുസരിച്ചുകൊള്ളണം."

'സർ, പോർട്ടുഗീസിനും ഗോവായ്ക്കും തമ്മിൽ എന്താണു ബന്ധം?'

അപ്പോൾ 'ഭാരതമാതാ കീജേ' എന്ന ശബ്ദം അല്പം അകലെ മുഴങ്ങി കേൾക്കുമാറായി. 'പഞ്ചമി' നഗരം ആകപ്പാടെ ഇളകി മറിഞ്ഞു.

'രാംശു' ആ ശബ്ദംകേട്ട ദിക്കിലേയ്ക്കു പോകാനാഗ്രഹിച്ചു. എങ്ങനെ പോകാൻ. നാലുവശവും ഭടന്മാർ. അവരുടെ മുഖങ്ങൾ രോഷംകൊണ്ടു ജ്വലിക്കുന്നുണ്ട്. എന്താണു ചെയ്യേണ്ടതെന്നറിയാതെ അവൻ മ്ളാനവദനനായി നിൽക്കുകയാണ്.

അപ്പോഴേക്കും മുദ്രാവാക്യം മുഴക്കിക്കൊണ്ടു സത്യാഗ്രഹികൾ മുന്നേറുന്നതും ഭടന്മാർ അവരെ അടിച്ചും ഇടിച്ചും പുറകോട്ടു പായിക്കുന്നതും അവൻ കാണുമാറായി 'ഗോവാവിട്ടുപോകുവിൻ' സ്വാതന്ത്ര്യം ഞങ്ങൾക്കു് എന്ന ശബ്ദംകൊണ്ടു് പഞ്ചമിഗ്രാമം മാറ്റൊലിക്കൊണ്ടു. അതുകേട്ടമാത്രയിൽ 'ഞാൻ മരിക്കുന്നുമകനേ, ഞാൻ അടിമയാണ്, നീയെങ്കിലും മരിക്കുന്നതിനു മുൻപ് നിന്റെ ജന്മഭൂമിയെ സ്വതന്ത്ര്യയാക്കണേ' എന്ന അച്ഛന്റെ അന്ത്യവചനം രാംശു സ്മരിച്ചു. ആവേശംകൊണ്ടവനെപ്പോലെ അവൻ ഭടന്മാരെ ഗണിക്കാതെ സമീപത്തുള്ള തോട്ടിലേയ്ക്കു ചാടി വെള്ളത്തിൽ മുങ്ങിമറഞ്ഞു.

അല്പം കഴിഞ്ഞപ്പോൾ തോട്ടിന്റെ മറുകരയിൽനിന്നു് ത്രിവർണ്ണപതാക ഉയർത്തിപ്പിടിച്ചും മുദ്രാവാക്യം മുഴക്കിയും മുന്നോട്ടു തിമിർത്തു ചാടി വരുന്ന സത്യാഗ്രഹികളുടെ മുന്നണിയിൽ രാംശു പ്രവ്യക്താവീര്യനായി വരുന്നതാണ് ഭടന്മാർ കണ്ടതു്. സ്ഥിതിഗതികൾ ആകപ്പാടെ വഷളായിത്തുടങ്ങി. ജനസമൂഹത്തെ നിയന്ത്രിക്കുക പ്രയാസമാണെന്നുകണ്ട ഭടനായകൻ വെടിവയ്ക്കുവാൻ ആജ്ഞനൽകി. പേമാരിപോലെ വെടിയുണ്ടകൾ സത്യാഗ്രഹികളുടെ നേർക്കു പാഞ്ഞു പതിച്ചു. ത്രിവർണ്ണപതാക വഹിച്ചിരുന്ന രാമുലുവിനു പരുക്കുപറ്റി. അവന്റെ കൈയിൽനിന്നു് പതാക താഴുന്നതുകണ്ടു് 'രാംശു' പെട്ടെന്നു് അതു് ഏറ്റുവാങ്ങി. വെടിയേറ്റു നിലത്തുവീണ സത്യാഗ്രഹികളെ വന്ദിച്ചുകൊണ്ടു് അവൻ മുന്നോട്ടു കുതിച്ചുകയറി. മാതൃഭൂമിക്കുവേണ്ടി മരിക്കാം. അല്ലെങ്കിൽ സ്വാതന്ത്ര്യംനേടാം എന്ന അവന്റെ ഗർജ്ജനം സത്യാഗ്രഹികളെ ഉണർത്തി. അവർ എല്ലാപേരും മിന്നൽപ്പിണർപോലെ ഭടന്മാരുടെ നേർക്കു പാഞ്ഞു. 'ഭാരതമാതാ കീജേ' എന്ന വിളിമുഴക്കിക്കൊണ്ടു് പതാകയും വഹിച്ചു് അടുക്കുന്ന രാംശുവിനേയും അസംഖ്യം സത്യാഗ്രഹികളേയും തടഞ്ഞുനിർത്താൻ ഭടന്മാർക്കു കഴിഞ്ഞില്ല. അവർ ദയകൂടാതെ വെടിയുണ്ട സത്യാഗ്രഹികളുടെ നേർക്കു വർഷിച്ചു. അക്കൂട്ടത്തിൽ

(ശേഷം 36-ാം പേജിൽ)

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# ഓണപ്പാട്ട്

*(Sadasivan Nair—II U. C.)*

മാമകനാട്ടിൽ പൊന്നോണത്തിൻ
പുളകം പൂത്തിരി കത്തിച്ചു
മലരണി ചൂഴം പൂവാടികളെ
മലയാളത്തിന്നുത്സവമായ്.

കാറണിമാനം പോയല്ലോ ചെറു
താരകൾ പുഞ്ചിരി തൂകുന്നു;
കളകള ഗാനം പെയ്തൊഴുകുന്ന
പെരിയാററിന്നലയാമോദം;

പൂഞ്ചിറകേന്തിപ്പാറിനടന്നു
പുഞ്ചപ്പാടത്തക്കിളികൾ;
പൊട്ടിവിരിഞ്ഞു സ്വപ്നത്തിൻ നൽ
മൊട്ടുകളെങ്ങുമരണ്യത്തിൽ;

മലയോരത്തിൽ താണുകിടന്ന
കലകളുണർന്നു പാട്ടുകയായ്;
പൂമാതിൻ വരവോർത്തു കിടാത്തികൾ
പൂക്കളമിട്ടു മുറ്റത്തിൽ;

തിരുവോണത്തിന്നരുണോദയമായ്
തിരതല്ലുകയാണുത്സാഹം.

കേരളനാടിൻ നാരികളുള്ളിൽ
കോരിയൊഴിച്ചമൃതനുവേലം,

മാബലി മന്നൻ നാടു ഭരിച്ച—
ക്കാലത്തെപ്പുനരോർമ്മിയ്ക്കാൻ;
കോടിപ്പുടവയുടുക്കാനുഞ്ഞാ—
ലാടാനും പൂ ചൂടാനും,

കയ്യിൽ തരിവളയണിയാനും പൂ—
മെയ്യിൽ കഞ്ചുകമണിയാനും,
ആടിപ്പാടിയോണത്തിരയിൽ
ഓടിച്ചാടി രമിപ്പാനും,

ഓണത്തപ്പനെഴുന്നെള്ളുന്നു
ഓണം കേറാ മൂലകളിൽ.
ഉണരുക കേരളമഞ്ജുള നാടേ!
തിരുവോണം കൊണ്ടാടീടാൻ

പാട്ടു പുത്തൻ യുവഗായകരെ!
മാവേലിക്കുൾക്കുളിരേകാൻ

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# ആധുനിക മലയാള സാഹിത്യം

*(V. Krishnan Nair—II U. C.)*

അറിവിന്റെ ആരംഭം അറിവില്ലായ്മയുടെ അറിവാണെന്നതു സൊക്രട്ടീസിന്റെ കാലംതൊട്ടു പ്രചരിച്ചിട്ടുള്ള ഒരു തത്വമത്രേ. നേട്ടങ്ങളുടെ തുടക്കം കോട്ടങ്ങളുടെ ബോധത്തിൽ നിന്നുളവാകുന്നു എന്നതു് ഇതുപോലെതന്നെ ശ്രദ്ധേയമായ മറ്റൊരു തത്വമാണ്. വൈകല്യത്തിന്റെ ജ്ഞാനമാണ് വൈകല്യത്തിന്റെ മാർഗ്ഗം. 'എല്ലാം നേടി' എന്ന സ്വയം സംതൃപ്തിയോ 'ഒന്നും നേടാനില്ല' എന്ന ധ്വതിയോ 'എന്തിനു് നേടണം' എന്ന നിരാശയോ വിജയദേവതയുടെ മുമ്പിൽ അർച്ചിക്കാവുന്ന പ്രസാദപുഷ്പങ്ങളായ പൂക്കളല്ല.

മലയാളസാഹിത്യത്തിനുള്ള നേട്ടങ്ങളെന്തൊക്കെയാണെന്നും, പോരായ്മകളെന്തൊക്കെയാണെന്നും സമഗ്രമായ ഒരു ബോധം കേരളം ഒന്നായിത്തീർന്ന ഈ സമയത്തു് നമുക്കു് ഉളവാകേണ്ടിയിരിക്കുന്നു. നമ്മുടെ സാഹിത്യത്തിന്റെ എല്ലാ ശാഖകളും വേണ്ടത്ര താരും തളിരുമണിഞ്ഞു കഴിഞ്ഞിരിക്കുന്നു എന്നു്, മൂങ്ങകൾക്കൊപ്പം സത്യപ്രകാശം കാണാതെ കണ്ണടച്ചു് മൂളിക്കൊണ്ടിരിക്കുന്നതു് ഉദയം ചെയ്യാനുള്ള വസന്തകാലത്തെ അകറ്റുവാനേ ഉതകുകയുള്ളു. വസന്തം വളരെവേഗത്തിൽ വന്നണയട്ടെ!

സാഹിത്യത്തിന്റെ പൂർവ്വകഥയിലേയ്ക്കൊന്നു തിരിഞ്ഞുനോക്കട്ടെ. അമ്മൂമ്മമാരോ ധാത്രികളോ പറയുന്ന കഥകൾകേട്ടാണു് മിക്കരാജ്യത്തെയും കുട്ടികൾ വളർന്നിട്ടുണ്ടാവുക. ഈ മുത്തശ്ശിമാരുടെ പരമ്പരയിലൂടെ പിന്നോട്ടുപോയാൽ നാം ചെന്നെത്തുക ചരിത്രാതീതകാലത്തെ പ്രാകൃതമനുഷ്യരുടെ ഗുഹയിലാണ്. അവിടെ തന്റെ പേരക്കുട്ടിക്കു കഥപറഞ്ഞുകൊടുത്തുകൊണ്ടിരുന്ന ഒരമ്മൂമ്മയെ നമുക്കു സമീപിക്കാം. അവർ പറഞ്ഞിരുന്നതു് നായാട്ടുകഥകളായിരിക്കാൻ ന്യായമുണ്ടു്. നായാട്ടിലുണ്ടായ മനുഷ്യ സാഹസകൃത്യങ്ങളുടെ കഥ. നരിയും, പുലിയും, കരടിയും കാട്ടാനയുമെല്ലാം കഥാപാത്രങ്ങളായിരിക്കും. മഹാഭാരതത്തിൽ ശകുനിയെ വർണ്ണിച്ച ഉൽസാഹത്തോടെ, ഒരു കുറുക്കന്റെ തിരുമാലിത്തത്തെപ്പറ്റി അമ്മൂമ്മ വർണ്ണിച്ചിരിക്കും. മരങ്ങളും, മലകളും, മണ്ണിലൊളിക്കുന്ന നാഗത്താന്മാരും, നാഗകന്യകകളും, മരക്കൊമ്പുകളിൽ ഒളിച്ചു കഴിഞ്ഞുകൂടുന്ന അദൃശ്യശക്തികളും കഥാപാത്രങ്ങളായിട്ടുണ്ടു്. ആഫ്രിക്കയിലേക്കു തോക്കന്തിവരുന്ന സായിപ്പിനു് നീഗ്രാവിനോടു് ഇന്നു തോന്നുന്ന മനോഭാവമേ പിന്നെ മനുഷ്യനു മൃഗത്തോടു തോന്നിയിട്ടുണ്ടാകൂ. ദേവതകളും മനുഷ്യനും തമ്മിലായി പിന്നത്തെ ഇടപാടൊക്കെ. ഈ ദേവതകൾ തങ്ങളുടെ ജീവിതത്തിലുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും അമ്മൂമ്മ കഥകൾ പറഞ്ഞു. പുഴക്കെ നദീതടത്തിലേയ്ക്കു ഇറങ്ങി താമസിച്ചപ്പോഴോ? നീലാവണിഞ്ഞ ഓളങ്ങളിലൂടെ നൃത്തംവച്ചുവരുന്ന ജലദേവതമാർ! മുത്തശ്ശിക്കു് അവരെ ശ്രദ്ധിക്കാതെ കഴിയുമോ? വനദേവതകളേയും ജലദേവതകളേയുംപറ്റി എമ്പാടും മനോഹരകഥകളുണ്ടായി; മിഥ്യകളിൽനിന്നു് എമ്പാടും കഥകൾ നെയ്യെടുത്തിട്ടുണ്ടു്. ആവശ്യങ്ങളെപ്പോലെ സൌന്ദര്യബോധവും ധാരാളം കഥകളുണ്ടാക്കി.

മനുഷ്യർ കൂട്ടമായി താമസിക്കാൻ തുടങ്ങിയപ്പോൾ ഇണക്കവും പിണക്കവുമുണ്ടായി. കനകംമൂലവും കാമിനിമൂലവും, ഈ സംഘട്ടനങ്ങൾ പല രൂപത്തിലായി ഇന്നോളം തുടർന്നു പോയിട്ടു



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ണ്ടു്. ഇനിയും തുടരും. ഇതിന്നിടയിൽ മനുഷ്യന്റെ വിചാരമണ്ഡലത്തിൽ പല പരിവർത്തനങ്ങളും വന്നു. ഭൌതികവും ആഭ്യന്തരവുമായ പല അനുഭവങ്ങളും അവനു നേടാൻ കഴിഞ്ഞു. വിജ്ഞാനത്തിന്റെ കിരണങ്ങൾ കൂടുതൽ പ്രസരിച്ചു. തലയ്ക്കു ചുറ്റുമുണ്ടായിരുന്ന മഞ്ഞിൻമറ കുറെയൊക്കെ മാഞ്ഞു. അപ്പോൾ, നിൽക്കാൻ സ്ഥലമില്ലാഞ്ഞിട്ടോ എന്തോ, ദേവതകളും കുറെ അകന്നു. അവ മനുഷ്യജീവിതത്തിന്റെ പശ്ചാത്തലമായി. പ്രതിപാദ്യം മനുഷ്യന്റെ ജീവിതവുമായി. ചരിത്രകാരന്മാർ തരുന്ന വിജ്ഞാനമാണിതു്.

അറബികഥകൾ ലോകസാഹിത്യത്തിൽ ഒരു സ്വാധീനം ചെലുത്തിയിട്ടുണ്ടു്, ബൈബിൾ കഴിഞ്ഞാൽ ഏറ്റവുമധികം വായിക്കപ്പെട്ട ഗ്രന്ഥമാണതെന്നു് ന്യൂ എഡ്യൂക്കേറ്റർ എൻസൈക്ലോസ്പീഡിയ അവകാശപ്പെടുന്നു. മലയാളത്തിലും ധാരാളം വായനക്കാരെ സൃഷ്ടിച്ച ഗ്രന്ഥമാണ് 'ആയിരത്തൊന്നുരാവുകൾ'. അപ്പോൾ, അതിന്റെ സ്വാധീനം നമുക്കു് ഊഹിക്കാം. അറബിക്കഥകൾ യൂറോപ്യൻസാഹിത്യത്തിൽ സ്വാധീനം ചെലുത്തി. ഇബ്നുഫയൽ എന്ന ഗ്രന്ഥകാരന്റെ ഹാജ് ഇബ്നു എക്സു് എന്ന കൃതി ലാറ്റിനിലേക്കും അതിൽ നിന്നു് ഇംഗ്ളീഷിലേക്കും വിവർത്തനം ചെയ്തു. ഇതിന്റെ സ്വാധീനശക്തിയാണ് 'റോബിൻസൺ ക്രൂസോ' എന്ന ഗ്രന്ഥമെഴുതിച്ചതെന്നു് മി. എ. ആർ. പാസ്റ്റർ എന്ന ഗ്രന്ഥകാരൻ പറയുന്നു. (The idea of Robinson Crusoe) നാവികതത്വവുമായി അടുത്തിയാൽ അടരാത്തവണ്ണം ബന്ധപ്പെട്ട ഒരു വർഗ്ഗത്തിനെ ഇബ്നുമായലിന്റെകൃതി ആകർഷിച്ചതു് സ്വാഭാവികമാണ്. മനുഷ്യന്റെ സാഹസയാത്ര തങ്ങളുടേതായ ഒരു പശ്ചാത്തലത്തിനൊത്തിണങ്ങി വന്നതുകൂടി ഇവിടെ ഒരു കാരണമാണെന്നു മറക്കരുതു്.

മഹാഭാരതമാണ് ഇൻഡ്യയുടെ ഇതിഹാസം. അഗാധവിശാലമായ ഒരു നദിക്കു തുല്യമാണ് അതിന്റെ ഗതി. മഹാഭാരതമാകെ ഒരാളുടേതാണോ, ഒരു കാലഘട്ടത്തിൽ ജീവിച്ച പലരുടേതുമാണോ, അതിനെ ഭദ്രമാക്കിതീർക്കുന്ന അടിച്ചരടു് ഒരു വ്യക്തിയുടെ ദർശനം മാത്രമാണോ എന്നും മറ്റുമുള്ള ചരിത്രപരമായ ചർച്ചയിലേക്കു കടന്നു തീരുമാനം വരുത്തത്തക്ക ചരിത്രപാണ്ഡിത്യംഎനിക്കില്ല. ഒന്നു തീർച്ച; ഒരു വർഗ്ഗത്തിന്റെ ചിന്നിപ്പരന്ന ജീവിതത്തിലേയ്ക്കു് അതൊരുസമഗ്രദർശനം നൽകുന്നുണ്ടു്. ആ മാർഗ്ഗത്തിന്റെ മാനസികവും ഭൌതികവുമായ എല്ലാ സവിശേഷതകളുടേയും മുദ്ര ഉടനീളം പതിഞ്ഞിട്ടുണ്ടു്. മഹത്തായ ഒരു ജനതയുടെ വൈകാരിക ചരിത്രം മഹത്തായിത്തന്നെ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ഗ്രീസും ഇതേവിധം ഇതിഹാസങ്ങളെ സൃഷ്ടിച്ചിട്ടുണ്ടു്. ചൈനയ്ക്കുമുണ്ടാവാം; എനിക്കറിഞ്ഞുകൂടാ.

സാഹിത്യത്തിന്റെ ചരിത്രം വിശേഷിച്ചും കഥയുടെ കഥ ഇത്രയും നീട്ടിപ്പറഞ്ഞതു് നിങ്ങളെ മുഷിപ്പിക്കാനല്ല. കിഴക്കൻ രാജ്യങ്ങൾക്കു പൊതുവേ ഒരു ആഖ്യാന സംപ്രദായമുണ്ടായിരുന്നുവെന്നു് ഓർമ്മിപ്പിക്കാനാണ്.

ചിലപ്പതികാരകഥയോളം വളന്ന ഒരു കാഥികത്വം തെക്കേ ഇൻഡ്യക്കുമുണ്ടായിരുന്നുവെന്നു ന്യായമായി അവകാശപ്പെടാം. നാടോടിപ്പാട്ടുകളും നാടോടിക്കഥകളും ഈ കേരളത്തിലെ പല വർഗ്ഗങ്ങൾക്കുമിടയിലായി പ്രചരിച്ചിട്ടുണ്ടു്. ക്രമപ്രവൃദ്ധമായിരുന്നു നമ്മുടെ സാഹിത്യത്തിന്റെ വളർച്ചയെന്നുവരികിൽ ഈ നാടോടിപ്പാട്ടുകളിൽ നിന്നായിരുന്നു അവ വളർന്നു വരേണ്ടിയിരുന്നതു്. ആധുനികസാഹിത്യം അങ്ങിനെയാണോ ഉണ്ടായതു്? യശശ്ശരീരന്മാരായ സി. വി. യുടേയും, ചന്തുമേനോന്റെയും കാലഘട്ടം മുതൽക്കാണ് നമ്മുടെ ആധുനികകഥാസാഹിത്യം തുടങ്ങുന്നതു്. ഒപ്പംതന്നെ ഉള്ളൂരും, വള്ളത്തോളും, ആശാനും ആധുനികകവിതാ സാഹി

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ത്യത്തിൻെറ തലപ്പത്തുണ്ടായിരുന്നു. ഒടുവിൽ കുഞ്ഞികൃഷ്ണൻമേനോൻ നാരായണപ്പൊതുവാൾ, എം. ആർ. കെ. സി. കെ. സുകുമാരൻ തുടങ്ങിയവർ കഥാസാഹിത്യം പോഷിപ്പിച്ചു. മഹാകവി ചങ്ങമ്പുഴയും, ഇടപ്പള്ളി രാഘവൻപിള്ളയും, നാലപ്പാട്ടു നാരായണമേനോനും, ജി. ശങ്കരക്കുറപ്പും കവിതയുടെ കൈയ്ക്കുപിടിച്ചു നടന്നു. എനിക്കറിയാൻ കഴിഞ്ഞേടത്തോളം ശ്രീ. കെ. സുകുമാരനാണ് ചെറുകഥയുടെ ആധുനികമാതൃക അവതരിപ്പിച്ചതു്—ആ 'ജഡ്ജിയുടെ കോട്ടം' മാറം നോക്കു. മരുമക്കത്തായത്തറവാട്ടുകളുടെ അകത്തേ ഇനത്തിൽനിന്ന് കഥാബന്ധത്തെ അദ്ദേഹം പുറത്തേക്കു കടത്തി. സുകുമാരൻ ഒരു കാലഘട്ടത്തിനു സൃഷ്ടിച്ചിട്ടു എന്നു പറയാം. ഇവിടെ-ഇങ്ങു തെക്ക് ഇതേവിധം പ്രവർത്തിച്ചതു് പ്രതിഭാസമ്പന്നനായിരുന്ന ഈ. വി. കൃഷ്ണപിള്ളയാണ്. സുകുമാരൻെറ സംഭാഷണരചനാചാതുര്യവും, ഈ. വി. യുടെ വർണ്ണനാവൈഭവവും കേരളീയരെത്തന്നെ ആഹ്ളാദിപ്പിക്കുകയുണ്ടായി. ഇവക്കെല്ലാം ആവേശം നൽകിയിരുന്നതു് പാശ്ചാത്യ സാഹിത്യ മാതൃകകളായിരുന്നു.

സാഹിത്യത്തിൻെറ പിന്നത്തെ മുന്നേറ്റം ശ്രീ. എ. ബാലകൃഷ്ണപിള്ളയുടെ 'കേസരി' പത്രത്തോടും യശശ്ശരീരനായ നാലപ്പാട്ടിൻെറ 'പാവങ്ങൾ' വിവർത്തനത്തോടും കൂടിയാണു തുടങ്ങുന്നതെന്നു പറയാം. ശ്രീ. ബാലകൃഷ്ണപിള്ള പല പാശ്ചാത്യമാതൃകകളേയും വിവർത്തനം മൂലവും വിമർശനംമൂലവും മലയാളികൾക്കു പരിചയപ്പെടുത്തുകയും നൂതനമായ ഒരു സരണിവെട്ടിത്തെളിക്കുവാൻ യുവ കാഥികന്മാരെ പ്രേരിപ്പിക്കുകയും ചെയ്തു. മറെറാരു പണ്ഡിതനും അക്കാലത്തു് ഈ പരിശ്രമത്തിലേർപ്പെട്ടു. അദ്ദേഹം ഇന്നു നമ്മുടെ ഇടയിലില്ല. കഥകളെഴുതാതെതന്നെ കഥാസാഹിത്യത്തിനു വമ്പിച്ച നേട്ടമുണ്ടാക്കിക്കൊടുത്ത എം. പി. പോളിനെപ്പററിയാണ് ഞാൻ പറയുന്നതു്. കഥാസാഹിത്യത്തെ സംബന്ധിച്ച ലക്ഷണഗ്രന്ഥങ്ങളും നിരൂപണങ്ങളുമെഴുതുന്നതു് ഒരു രണ്ടാംതരം പണിയായി കണക്കാക്കിയിരുന്ന കാലഘട്ടത്തിൽ, തങ്ങളുടെ തരംതാണാലും മലയാള സാഹിത്യത്തിൻെറ തരം ഉയരട്ടെ എന്നുവിചാരിച്ചു അവർ പ്രവർത്തിച്ചു നൂതനപാന്ഥാവുകൾ തുറക്കപ്പെട്ടു. പാവങ്ങളുടെ ആഗമനമാകട്ടെ, ഗദ്യശൈലിയിൽ മാത്രമല്ല, വിചാരശൈലിയിലും ഒരിളക്കവുമുണ്ടാക്കി.

ഈ അന്തരീക്ഷത്തിലാണ് ആധുനികരായ പലരും എഴുതി ഉയരാൻ തുടങ്ങിയതു്. അധികവും ചെറുകഥളാണ് എഴുതപ്പെട്ടതു്. പ്രതിപാദ്യം ഈ നാട്ടിലെ മനുഷ്യരുടെ ജീവിതംതന്നെ. പ്രതിപാദന സമ്പ്രദായം പടിഞ്ഞാറനായിരുന്നു. ബൽസാക്കിൻെറയും എമിലിസോളായുടേയും, ദുർല്ലഭമായിട്ടാണെങ്കിലും, ചെക്കോവിൻേറയും സാങ്കേതികരീതി മലയാളത്തിൽ സ്ഥലംപിടിച്ചു. അതു നന്നായി. ഈട്ടുള്ള കുറെ കൃതികൾ കിട്ടി. പുറംപോക്കായി തള്ളപ്പെട്ടിരുന്ന പലസ്ഥലങ്ങളിലും കൃഷിയിറക്കി വിളവെടുത്തു ചെറുകഥാസാഹിത്യത്തെ വളർത്തുന്നതോടൊപ്പം ഈ കഥാകൃത്തുകൾ സാഹിത്യത്തിൻെറ മുഖഛായയിൽതന്നെ മാററംവരുത്താൻ സഹായിച്ചിട്ടുണ്ട്. പല മിഥ്യാസങ്കല്പങ്ങളേയും പൊളിച്ചു മാററിക്കൊണ്ടു് രംഗം വിശാലതരമാക്കാൻ കഥാസാഹിത്യത്തിനു കഴിഞ്ഞു. ഇതു മററു സാഹിത്യശാഖകളേയും സ്വാധീനിക്കുകയുണ്ടായി. നാളിതുവരെ കേട്ടിട്ടില്ലാത്ത ശോകമധുരമായ ഒരു ഗാനത്തിൽ കേരളം ഉണർന്നു. മലയാളത്തിലെ മാകൊമ്പിൽ ഒരു രാക്കുയിൽ എങ്ങുനിന്നോ പ്രത്യക്ഷപ്പെട്ടു. അതാണ് ചങ്ങമ്പുഴ. അദ്ദേഹത്തിൻെറ കവിത ഈ കാലഘട്ടത്തിൻെറ കവിതയായിരുന്നു.

എന്തൊക്കെ പറഞ്ഞാലും, ഒരു കഥാപുസ്തകം കയ്യിലെടുക്കുന്നതു് മനഃശാസ്ത്രവും സാമൂഹ്യശാസ്ത്രവും പഠിക്കാനല്ല. രസിപ്പിക്കുന്ന ഒരു കഥവായിക്കാനാണ്. ഇന്ദുലേഖയും, ബാല്യകാലസഖിയും, ഓടയിൽനിന്നും, രണ്ടിടങ്ങഴിയും, വിഷ

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

കന്യകയും അതുപോലുള്ള മററനേകം പുസ്തകങ്ങളും എന്നെ രസിപ്പിച്ചതു് ആ നിലയ്ക്കാണു്. ഇതിന്നിടയിൽ, ഈ കൃതികളുടെ കർത്താക്കൾ എന്റെ ഹൃദയത്തിൽ പലതും കുത്തിയിട്ടുണ്ടാകാം പിന്നീടു മുളയ്ക്കാൻപാകത്തിൽ. അതവരുടെമിടുക്കു്. പക്ഷേ, കഥപറയാനൊരുക്കമില്ലായിരുന്നെങ്കിൽ ഈ മിടുക്കു് വിലപ്പോകുമായിരുന്നോ?

എന്നിട്ടും മലയാളത്തിൽ സാഹിത്യം തളർന്നുപോകുകയാണെന്നു് ആവലാതിപ്പെടുന്നു. പറയാനധികാരമുള്ളവർ തന്നെയാണു് പറഞ്ഞതു്. പക്ഷേ, എനിക്കവരോടു് യോജിക്കാൻ കഴിയുന്നില്ല. ഞാൻ തളർച്ചയല്ല വളർച്ചയാണു് കാണുന്നതു്.

ദത്താവധാനരായി ജോലിചെയ്യേടത്തോളം നാം വളർന്നിട്ടുണ്ടു്. ഓരോ മാസവും ഉൽകൃഷ്ടകൃതികളുണ്ടാവുക എന്നതു് ഒരു നല്ല സ്വപ്നമാണു്—ഇന്നത്തെ പരിതസ്ഥിതിയിൽ വിശേഷിച്ചും എഴുതുന്നവരൊക്കെ ഒന്നാംകിടക്കാരാവുക എന്നതും കൊള്ളാവുന്ന ഒരു സ്വപ്നംതന്നെ. പക്ഷേ, ആ സ്വപ്നങ്ങളൊക്കെ യാഥാർത്ഥ്യങ്ങളാവണമെന്നു ശഠിച്ചുകൂടല്ലോ.

---

(31-ാം പേജിന്റെ തുടർച്ച)

ഒന്നു് രാംശ്രുവിന്റെ നെഞ്ചത്തു് അതിശക്തിയോടെ ചെന്നുകൊണ്ടു. അവൻ പതുക്കെ നിലത്തേയ്ക്കു ചാഞ്ഞു.

അല്പനേരം ബോധരഹിതനായിത്തീർന്ന രാംശ്രു കണ്ണുതുറന്നപ്പോൾ കണ്ടതു് താൻ അന്വേഷിച്ചു നടന്ന അമ്മയുടെ മടിയിൽ കിടക്കുന്നതായിരുന്നു. മകനു ചായകൊണ്ടുവരുവാൻപോയ മാതാവു് തിരിച്ചുചെല്ലാൻ നിർവ്വാഹമില്ലാതെ സത്യഗ്രഹികളുടെ സംഘത്തിൽ ചേരുകയും ഒടുവിൽ സ്വന്തം മകനെ തിരിച്ചറിയുകയും ചെയ്കയുണ്ടായി. അഭിമാനവിജൃംഭിതയായിതീർന്ന ആ വീരമാതാവു് മകൻ താഴെവീഴുന്നതു കണ്ടമാത്രയിൽ ഓടിയെത്തി ആ ജീവസർവസ്വത്തെ താങ്ങി മടിയിൽ കിടത്തി ശുശ്രൂഷിച്ചു. മകൻ കണ്ണുതുറന്നപ്പോൾ ആ മാതാവിനുണ്ടായ സന്തോഷം അവർണ്ണ്യമായിരുന്നു. ആ പുത്രവൽസല അതുവരെ സൂക്ഷിച്ചുവച്ചിരുന്ന ചായനിറഞ്ഞ ചഷകം മകന്റെ വക്ത്രത്തിലേക്കു ചരിച്ചു. ഒരു കവിൾചായ രാംശ്രു ഉള്ളിലേക്കിറക്കിയമാത്രയിൽ ഒരു വെടിയുണ്ട ആ മാതാവിന്റെ കൈയിലിരുന്നസ്ഫടികചഷകത്തെതകർത്തുകളഞ്ഞു. അപ്പോൾ രാംശ്രു പറഞ്ഞു "അമ്മേ, ഞാൻ ഇനി ഒരിക്കലും ഉറങ്ങുകയില്ല. അമ്മതന്ന ചായയുടെ സ്വാദു് ഞാൻ എങ്ങനെ മറക്കും. അമ്മേ, എന്റെ ജന്മദേശം സ്വതന്ത്രമാകുന്നതുവരെ എന്റെ ദേശത്തു് ത്രിവർണ്ണപതാക പാറിക്കളിക്കുന്നതുവരെ, പോർട്ടുഗീസുമേധാവിത്വത്തിന്റെ പൊടിപോലും ഇവിടെ കാണാതാകുന്നതുവരെ ഞാൻ ഉറങ്ങുകയില്ല. ചായയുടെ സ്വാദു് എന്നെ വിട്ടകലുകയുമില്ല."

ചൈതന്യം തുളുമ്പുന്ന ഈ വാക്കുകൾ 'നാദി'യെ ധന്യയാക്കി. ആ മാതാവു് മകനെ മാറോടു ചേർത്തു പുണർന്നു. ഒരു വെടിയുണ്ട പെട്ടെന്നു് അവർ ഇരുവരുടേയും ശരീരം തുളച്ചുകൊണ്ടു് അപ്പോൾ പാഞ്ഞു മറുവശം കടന്നുപോകുന്നതു് പലരും കണ്ടു. ആ അവസരത്തിലും ആ മാതാവും പുത്രനും "ഭാരതമാതാകീജേ," ഭാരതമാതാ കീജേ, എന്നു വിളിക്കുന്നതു് എല്ലാവർക്കും കേൾക്കാമായിരുന്നു.

ജയ് ഹിന്ദ്.

---

# നാരി

*(P. Raghavan)*

"ഇന്നറിയുന്നു, നാരിയാണു ഞാൻ ദൗർബ്ബല്യത്തിൽ,
അംഗസൗഷ്ഠവത്തിൽ ഞാനാകൃഷ്ടയെല്ലാരിലും.
വിശ്വാസമഹാതരുഛായയിലെനിയ്ക്കുള്ള
സർവ്വവും സമർപ്പിച്ചു ശാന്തമായ് കഴിയുവാൻ
സന്തതമെന്തേ? മാടിവിളിപ്പൂ മമതയീ—
ബന്ധുര മായാ മോഹ ബന്ധിത ജഗത്തിങ്കൽ
നീന്തുന്ന നിരാധാരയായി ഞാൻ, ഏദന്തര
സിന്ധുവിന്നനന്തമാമാഴത്തിന്നടിത്തട്ടിൽ.
ഉണരാനൊരിയ്ക്കലുമാശിക്കാതിസ്സ്വപ്നത്തെ
പുണരാനൊരുങ്ങുന്ന മാനസം മദാലസം.
എന്തിതോ സ്ത്രീജീവിത ചിത്രമിന്നഹോ കഷ്ടം?
എന്തിദം വികലമാം വർണ്ണത്താൽ വിരചിച്ചു;?
മാഞ്ഞു മങ്ങിയ രേഖയ്ക്കുള്ളിലക്കലോലോല—
മഞ്ജുളാകാരത്തിന്റെ സത്തയെ ചമയ്ക്കുന്നു.
തുലനംചെയ്‌വാൻപചാരത്തോടൊരുങ്ങുമ്പോൾ
തുലനംചെയ്യപ്പെട്ടുപോകയാം ഞാൻതന്നെയും.
പുരുഷവൃക്ഷത്തിലെൻ കൈവല്ലി ചുറ്റീടുമ്പോൾ
പാരമിന്നതിനാലൊട്ടുമാനന്ദമുണ്ടാകുന്നു."
"നാരീ! ഹാ! വിനയത്തിൻ ശുദ്ധമാം സങ്കേതമേ
ചാരു വിശ്വാസ വെള്ളിമാമലത്താഴ്‌വാരത്തിങ്കൽ—
ആവോളം ചൊരിഞ്ഞാലും പീയൂഷധാരാസാരം.
ദേവർതൻ വിജയവും ദാനവ വിനാശവും
താവിടും മഹാരണം മാറാതെ തുടരുന്നു;
ഉൾപ്പൂവിൽ വിരുദ്ധമാം ഭാവങ്ങൾ പരസ്പരം
എപ്പോഴും സമരത്തിൻ കാഹളം മുഴക്കുന്നു;
അശ്രുവിലലിഞ്ഞ നിന്നംബരത്തിൽ, ഏത്തി—
ലെത്തിടുന്നവയെല്ലാമിറക്കി നിരത്തി നീ
സുന്ദര മന്ദസ്മേര രേഖയാൽ സമരത്തിൻ
സന്ധിപത്രമൊന്നാരചിച്ചാലുമത്യാദരം.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ചെറുകഥ

# ജീവിക്കണ്ടായോ മോനേ ??

*(K. Babuchandran—II U. C.)*

നിങ്ങൾ ആ രൂപത്തെ പല സ്ഥലത്തും വച്ചു കണ്ടുകാണും. പാറിപ്പറക്കുന്ന തലമുടി, തിളങ്ങുന്ന കണ്ണുകൾ, വെററിലക്കാവി പിടിച്ച പല്ലുകൾ തലയിലൊരുകുട്ടയിൽ വലുതും ചെറുതുമായി പലതരം മത്സ്യങ്ങൾ. ഇവയൊക്കെയാണ് ആ രൂപത്തിന്റെ ഒരു ഏകദേശ ചിത്രം. അവൾ ഒരു മത്സ്യക്കച്ചവടക്കാരിയാണ്. ഓരോ പടിക്കലും ചെന്ന് അവൾ വിളിച്ചു ചോദിക്കും. മീനു വേണോയീ.... ....?? എന്ന്.

ഈണത്തിലുള്ള ആ വിളി കേൾക്കുമ്പോൾ തന്നെ ഗൃഹനായികമാർ പുറത്തോടിയെത്തും. ആളുകൾ വന്നെത്തിക്കഴിഞ്ഞാൽ വില്പന തുടങ്ങുകയായി. കുട്ടയിൽനിന്നും കുറേ മത്സ്യം പുറത്തെടുത്തു വച്ചിട്ട് അതിൽ അവൾ സൂക്ഷിച്ചു നോക്കും. എന്നിട്ട് ചിരിച്ചുകൊണ്ടൊരു വില പറയും. മത്സ്യം ആവശ്യമുള്ളവർ ആ വില കൊടുത്ത് എടുത്തുകൊള്ളണം. തർക്കിക്കാൻ പാടില്ല. അഥവാ തർക്കിച്ചാൽ അവളുടെ ഭാവം മാറും. കണ്ണിൽനിന്നും തീപ്പൊരി ചിതറും. ചുണ്ടുകൾ വിറയ്ക്കും. "വേണമെണ്ണാ എട്. വേണ്ടാമെണ്ണാ പോകോ." ആ ഗ്രാമത്തിലുള്ളവർക്കെല്ലാം അവളുടെ ആ സ്വഭാവത്തെപ്പററി അറിയാം. അവരാരും വിലയിൽ തർക്കിക്കാറില്ല.

അവൾ വളരെക്കാലമായി ആ ഗ്രാമത്തിൽ മീൻ വില്പന നടത്തുകയാണ്. അവിടെയുള്ള ഓരോ വീടും അവൾക്കു പരിചിതമാണ്. ഓരോ വീട്ടിലുമുള്ള അംഗങ്ങളെ അവൾക്കു വേർതിരിച്ചറിയാം. പക്ഷെ അവളെപ്പററി ആർക്കും യാതൊന്നുമറിഞ്ഞുകൂടാ. ആരും അതേപ്പററി ചിന്തിച്ചിട്ടുമില്ല. വാച്ചിന്റെസൂചികളിൽ ഘടിപ്പിച്ച ജീവിതങ്ങൾ. അവരുണ്ടോ ആ പാവപ്പെട്ട മീൻകച്ചവടക്കാരിയുടെ ജീവിതകഥ ആരായുന്നു? ഒരുവേള അതിൽ യാതൊരു പുതുമയും അവർ കണ്ടില്ലെന്നു വരാം.

പക്ഷെ കണ്ടതുമുതൽ അവരെക്കുറിച്ചു പലതും അറിയണമെന്നുള്ള ഒരു ആഗ്രഹം എന്നിൽ വേരൂന്നാതിരുന്നില്ല. പലപ്പോഴും ഞാനവളെ കണ്ടിട്ടുണ്ട്. പക്ഷെ, അവളോടെന്തു ചോദിക്കാനാണ്? ഞാൻ മടിച്ചു. ഒരു കോളജുകുമാരൻ മീൻകച്ചവടക്കാരിയോടു സംസാരിക്കുകയോ? എന്റെ അഭിമാനം എന്നെ അതിൽനിന്നും പിൻതിരിപ്പിച്ചു.

ഒരു ദിവസം രാവിലെ ധൃതിയിൽ ഞാൻ എന്തോ എഴുതിക്കൊണ്ടിരിക്കുകയായിരുന്നു. പെട്ടെന്നു മുററത്തുനിന്നും ഈണത്തിലുള്ള ഒരു വിളി കേൾക്കായി "മീനു വേണോയീ....??? ചിരപരിചിതമായ ശബ്ദം. ഞാൻ പൂമുഖത്തേയ്ക്കു ചെന്നു. തലയിലൊരുകുട്ട മീനുമായി അവൾ നില്ക്കുന്നു. എന്നെ കണ്ടമാത്രയിൽ കഷ്ടിച്ചൊന്നു ചിരിയ്ക്കുവാൻ ശ്രമിച്ചു. അതിലവൾ വിജയിച്ചുവോ എന്തോ. അവൾ വീണ്ടും ചോദിച്ചു. "മീനു വേണോയീ...."? ആ ചോദ്യത്തിൽ ഒരു സംഗീതരസം കലർന്നിരുന്നു. എനിക്കവളിൽനിന്നും പലതുമറിയുവാൻ മോഹം ഉദിച്ചു. പല ദിവസങ്ങളായി ആലോചിച്ചു വച്ചിരുന്ന കാര്യങ്ങൾ ഞാനവളോടു ചോദിച്ചു. അമ്മേ ഞാനൊന്നു ചോദിക്കട്ടെ? മറുപടി പറയുമോ? തലയിലിരുന്ന മീൻകുട്ട തായിലിറക്കിവച്ചു നെടുതായൊന്നു ശ്വസിച്ചിട്ട് ഒരു മുറുക്കിനുള്ള വട്ടം കൂട്ടുകയായിരുന്നു അവൾ. വെടിപ്പായൊന്നു മുറ

ക്കിയിട്ട അവൾ എന്തൊന്നോടായിട്ട പറഞ്ഞു എന്താ? ചൊല്ല്..... ....?

കുഴിഞ്ഞുതാണ ആ കണ്ണുകളിൽ ഒരു പ്രസരിപ്പ് കളിയാടുന്നതു ഞാൻ കണ്ടു. ഏതു കുഴഞ്ഞ പ്രശ്നത്തിനും പരിഹാരം കണ്ടെത്തുന്ന ശാസ്ത്രജ്ഞന്റെ മുഖഭാവത്തോടെ അവൾ എന്നെ നോക്കുന്നുണ്ടായിരുന്നു. "അമ്മയെന്തിനാ ഈ വയസ്സുകാലത്തിങ്ങനെ കഷ്ടപ്പെടുന്നതു്? അടങ്ങിയൊതുങ്ങി കഴിഞ്ഞുകൂടരുതോ? മക്കളൊരുമില്ലേ? അവരെക്കൊണ്ടിതു ചെയ്യിച്ചുകൂടേ? എന്റെ സംശയങ്ങൾ ഇങ്ങനെ ചോദ്യരൂപം കൈക്കൊണ്ടു.

പക്ഷെ, അതൊരു പൊട്ടിത്തെറിക്കലായി കലാശിക്കുമെന്നു ആരറിഞ്ഞു! അവളുടെ ഭാവം മാറി. കണ്ണുകൾ ജ്വലിച്ചു. ചുണ്ടുകൾവിറച്ചു. അവൾ എന്നെ ഒന്നു സൂക്ഷിച്ചുനോക്കി, ഇവനാരെടാ ഇതൊക്കെ ചോദിക്കാനെന്ന മട്ടിൽ പെട്ടെന്ന് ആ മുഖം താണുപോയി. ആ കണ്ണുകളിലെ രൂക്ഷത മാറി. കാലം ചാലുസൃഷ്ടിച്ച ആ കവിൾത്തടത്തിലൂടെ രണ്ടുതുള്ളി കണ്ണുനീർ താഴോട്ട് ഊറിയിറങ്ങി. അവരുടെ മുഖത്തു് വിവിധ വികാരങ്ങൾ പ്രത്യക്ഷപ്പെട്ടു. ഒരു വേള എന്റെ ചോദ്യത്തിനു് അവൾ മുഖഭാവങ്ങളിൽ കൂടി മറുപടി പറയുകയായിരുന്നിരിക്കുമോ? എനിക്കൊന്നും മനസ്സിലായില്ല. അവൾ പറഞ്ഞുതുടങ്ങി. "ജീവിക്കണ്ടായോ മോനേ? അന്തിയ്ക്കു നാഴി കഞ്ചിവെള്ളംമോന്തണമെങ്കി കഷ്ടപ്പെട്ടാലെ ഒക്കു. പിന്നെ ഒരു കൊമരു ഇരിക്കണ്. ആയിനെ കെട്ടിക്കണ്ടായോ?...." സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾ അവൾ എന്റെ മുമ്പിലേക്കെറിഞ്ഞു. ആ കണ്ണുകൾ സജലങ്ങളായി. വാസ്തവത്തിൽ ഞാനും കരഞ്ഞുപോയി.

അപ്പോൾ അവളുടെ ജീവിതം കുഴഞ്ഞു മറിഞ്ഞുകിടക്കുന്ന പ്രശ്നങ്ങൾക്കു പരിഹാരം കണ്ടുപിടിക്കാനുള്ള ഒരു പരീക്ഷണമാണോ? ആ പരീക്ഷണം വിജയിക്കുമോ? ആരറിഞ്ഞു. ഇത്രയേറെ ഞാൻ പ്രതീക്ഷിച്ചിരുന്നില്ല.

"അമ്മയ്ക്കു കെട്ടിയോനില്ലേ"?

എന്നിലെ സംശയം വീണ്ടും പുറത്തുചാടി. അവൾ കുറെനേരം ഒന്നും മിണ്ടിയില്ല. പെട്ടെന്നു അവളുടെ കണ്ണുനീർ അണപൊട്ടിയൊഴുകാൻ തുടങ്ങി.

"ഒണ്ടാന്നു മോനേ. നല്ലോരുത്തനാന്നു. പച്ചെ കടലീപ്പെയ്യിട്ട തിരിയെ കണ്ടില്ല; അതിപ്പിന്നാ ഞാങ്ങക്കി കഷ്ടോം തൊടങ്ങീതോം"

കണ്ണീരിൽ കുതിന്ന ആ കഥ അവൾവിവരിച്ചു. ഒരു നിമിഷം അവൾ സ്തബ്ധയായി നിന്നുപോയി. ഒരു അപരാധബോധം എന്നിൽ തലപൊക്കി. എന്തിനു ഞാൻ ഇതൊക്കെ ചോദിക്കാൻ പോയി. വേദനിച്ചുകൊണ്ടിരിക്കുന്ന ഒരു മനസ്സിനെ ഒന്നുകൂടി വേദനിപ്പിക്കുവാനാണു് എന്റെ ചോദ്യങ്ങൾ ഉപകരിച്ചതെന്നോർത്തപ്പോൾ ഞാൻ വളരെ ദുഃഖിച്ചു.

ഇന്നവൾ ഒരു കുടുംബത്തിന്റെ സംരക്ഷകയാണ്. പ്രായമായ മകളെ കെട്ടിക്കാൻ വേണ്ടിയാണു് ചുമടെടുക്കുന്നതു്. ഏറെനേരത്തേക്കു് അവൾ ഒന്നും സംസാരിച്ചില്ല. ഒരു പക്ഷെ കഴിഞ്ഞുപോയ നല്ലകാലങ്ങളെ കുറിച്ചു് അവൾ ചിന്തിക്കുകയായിരിക്കും. പെട്ടെന്നു് അവൾ എണീറ്റു് കുട്ട തലയിലെടുത്തുവച്ചിട്ട് 'പോട്ടകുഞ്ഞേ' യാത്ര ചോദിച്ചിട്ടു് അവിടം വിട്ടു. തലയിലെ കുട്ടയിലേക്കാൾ വലുതായഭാരം അവളിൽ നിക്ഷേപിക്കപ്പെട്ടിട്ടുണ്ടെന്നു ഞാനറിയുന്നതു് അന്നാണു്. അവൾ നടന്നുമറഞ്ഞു. എന്റെ ഹൃദയത്തിന്റെ ഏതോ ഒരു കോണിൽ നേരിയ ഒരു വേദന! ആ രൂപം എന്റെമനസ്സിൽനിന്നും മായുന്നില്ല. മാച്ചാലും മായാത്ത ഒരു ചിത്രംപോലെ അതു തെളിഞ്ഞുവരികയാണു് കൂടുതൽ കൂടുതൽ പ്രഭയോടെ.

പതിവില്ലാതെ വഴിയിൽ കണ്ട ആൾക്കൂട്ടം എന്നെ ഉത്കണ്ഠാകുലനാക്കി. ഞാൻ വേഗം നടന്നു് ആൾക്കൂട്ടത്തിൽ പ്രവേശിച്ചു. ഞാനവിടെ എന്താണു കണ്ടതു്? അവൾ നിലത്തു കി

(ശേഷം 44-ാം പേജിൽ)

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# "മറക്കാത്ത സ്മരണകൾ"

(*P. V. Donald—II U. C.*)

[സുമയുടെ ഗൃഹം. മേശയ്ക്കരികിലായി ഒരു കസാലയിൽ സുമ എന്തോ ഓർത്ത് വ്യസനിച്ചിരിക്കുന്നു. ഭൃത്യ നാണി ഒരുപാത്രം കാപ്പിയുമായി പ്രവേശിക്കുന്നു.]

നാണി:— അയ്യോ! കൊച്ചമ്മ ഇതെന്തിരിപ്പാണ്. വല്ല തെരുവു തെണ്ടിയുടേയും പാട്ടുകേട്ട് ഇങ്ങനെയങ്ങു ദുഃഖിയ്ക്കാൻ തൊടങ്ങൂട്ടാലോ?

സുമ:—എടീ! നീ നിൻെറ പാടുനോക്ക്. ഉപദേശിക്കാൻ ആളില്ലാഞ്ഞിട്ട് പകരത്തിനു കേറിക്കെട്ടി വന്നിരിക്കുകയാണോടീ?

നാണി:—ഇതെന്തു കൂത്താ, എൻെറ കുഞ്ഞിനപിടച്ച ചെമ്മാന്തരം നോക്കണേ? എൻെറ പൊറാതള്ളയാണെ അവനൊരു തെണ്ടിയാണേ.

സുമ:—അതേടി തെണ്ടിയാണ്, എല്ലാപേരും തെണ്ടികളാണ്. ഒരുകൂട്ടർ പണത്തിനു തെണ്ടികളാകുമ്പോൾ മറെറാരു കൂട്ടർ ഹൃദയത്തിനു തെണ്ടികളാകുന്നു.

നാണി:— ഈ ഹൃദയവും വരച്ചാണ്ടു നടന്നാലകൊണ്ടു നാലംന്തുനാളുവച്ചുണ്ണാം. എവനെയൊക്കെക്കണ്ണുംവട്ടത്തു കണ്ടാ അന്നു അന്നം മുട്ടും. അത്രക്കു മഹാ ചീമകളാ.

സുമ:—അതെ, അതെ നീ മാത്രമാണ് ഒരു തങ്കക്കുടം. പോടീ പെണ്ണേ അടുക്കളയിൽപോയി പണി വല്ലതും നോക്ക്. തക്കുത്തരം പറഞ്ഞു ഇപ്പോൾ ഉപദേശവുമായി.

നാണി:—ഞാമ്പോണേ, ഒള്ളതുപറഞ്ഞാ ഉറിയും ചിരിക്കും എന്നു പണ്ടാരാണ്ടുപറഞ്ഞിട്ടുണ്ട്. ഞാമ്പറഞ്ഞപ്പം അതൊരു കളിതമാശായിപ്പോയി. ഈ കോഴിക്കുത്തൊന്നും നമുക്കു ചേരണതല്ല. (അണിയറയിൽ; "അഴലിൻ ചുഴിയിൽ വീഴരുതമലേ ജീവിതമേ ഒരു യാതനാ" എന്ന പാട്ടുകേൾക്കുന്നു.)

സുമ:—(സ്വപ്നത്തിലെന്നവണ്ണം) അതെ; ആ ശബ്ദംതന്നെ ഹാ! എത്ര ഹൃദ്യമായ ഗാനം. കേൾക്കുംതോറും കരളിലതലിഞ്ഞിറങ്ങുന്നു. ആ പാട്ടു കേൾക്കുമ്പോൾ അതെന്നോടായി പാടുന്നതുപോലെ തോന്നുന്നു. (അണിയറയിൽ നോക്കിയിട്ട്) അതാ, അദ്ദേഹം ആ കടത്തിണ്ണയിൽ നിന്നുപാടുകയാണ്. ചുററിനും എന്തൊരാൾക്കൂട്ടം. (നാണിയെ നോക്കി) എടീ പെണ്ണേ ഇതു കൊണ്ടുചെന്നു അദ്ദേഹത്തിനു കൊടുക്കു. (ഒരു രൂപാനോട്ടുകൊടുക്കുന്നു) എന്നിട്ട് അദ്ദേഹത്തെ ഇതുവരെ ഒന്നു കൂട്ടിക്കൊണ്ടുവരൂ.

നാണി:— എൻെറ ഭഗവാനേ! ഇതിൻെറ നടവിലെന്നെക്കൊണ്ടിടുന്നതെന്തിനു? എൻെറ സുമക്കുഞ്ഞേ എനിക്കു വയ്യ വല്ല തെണ്ടിയുടേയും ചെവീച്ചെന്നു കുശുകുശുക്കാൻ. നല്ല വെലേം നെലേ ഒള്ള കൊച്ചുങ്ങളിങ്ങനെ തൊടങ്ങൂട്ടാപ്പിന്നെ ഞങ്ങളെയൊക്കെ ഗതിയെന്തു?

സുമ:—എൻെറ നാണിയല്ലേ ഒന്നു പോകൂ. അദ്ദേഹത്തെ കൂട്ടിക്കൊണ്ടുവന്നാൽ തക്കസമ്മാനം തരാം.

നാണി:—ഈ തമ്മാനവും കിമ്മാനവും എനിക്കുവേണ്ടാ, വേണേ വിളിച്ചോണ്ടിങ്ങിട്ടുതരാം. നാലുപേരറിഞ്ഞാ പെറം പൊള്ളണകാര്യമാണ്.

സുമ:—ഈ ലോകം മുഴുവനറിഞ്ഞാലും എനിക്കൊന്നുമില്ല. ഇനിയും താമസിച്ചാൽ അദ്ദേഹം പൊയ്പ്പോകും. ഒന്നു വേഗം പോകൂ നാണി.

നാണി:—(കൈ ഉയർത്തിക്കൊണ്ട്) എൻെറ തമ്പ്രാക്കളെ നിമ്മളുതന്നെ കാപ്പീം.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# HOSTEL PICNICS



*At the Perinchani dam*



*At the Cape Comorin reefs*



*Back to the trees!*



*The honey sucklers at Marthandam*



*At the water works Aruvikkara*



*They cultivate flowers*



*At Ponmudi*



*C. S. U. Leadership Camp Group*

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

## HOSTEL DAY CELEBRATIONS.



*Rev. Fr. Warden receiving the guest of honour*



*Tea time...*



*Sri P. S. Abraham, Registrar addressing*

സുമ:—കൊണ്ടുവരാവൂ.

നാണി:—ഹോ! ആ ആകലെയുടെപാട്ടിന് ഇങ്ങനെയും രാഗം വഴിഞ്ഞുടണം. (പോകുന്നു.)

സുമ:—(ആത്മഗതം) ഈശ്വരാ എന്തുപരീക്ഷയാണിത്.? ശരീരമാകെ കുളിരിടുന്നു. കരളിലാണെങ്കിൽ എന്തോ ചുട്ടുചുടെ കുത്തുന്നതുപോലെ. (ആലോചിച്ചിട്ട്) അദ്ദേഹം വരുമോ? ആർക്കറിയാം. ഒരുപക്ഷേ വന്നാലോ? വന്നാൽ... ....ഞാനെന്തു പറയും.? ഒരു വല്ലാത്ത മനുഷ്യൻ തന്നെ. എന്തൊരിമ്പമുള്ള പാട്ട്. അതു കേൾക്കുമ്പോൾ ഹൃദയത്തുടിപ്പുപോലും നിലച്ചുപോകുന്നു. അയ്യോ! ഞാനീക്കാട്ടിക്കൂട്ടുന്നത് എന്തൊക്കെയാണ്. അദ്ദേഹം വിവാഹിതനാണെങ്കിലോ? അതെനിക്ക് ഓർക്കാൻകൂടി കഴിയുന്നില്ല.

(നാണി പ്രവേശിക്കുന്നു.)

നാണി:— ഇതാണ്ടെ കൊണ്ടുനിറുത്തീട്ടൊണ്ട്. രൂപാകൊടുത്താലും വേണ്ടാപോലും. അവനു കേറൂട്ട വലിപ്പം നോക്കണേ!

സുമ:— ചീ മിണ്ടാതിരിക്കൂ. അദ്ദേഹത്തെ ഇങ്ങു കൊണ്ടുവരൂ.

നാണി:—അയ്യോ അതുമാത്രം വേണ്ടാകുഞ്ഞേ. ആ വയ്യാവേലിയെ പിടിച്ചകത്തു കേറ്റിയാലേ പിന്നെ വെളിയത്തിറക്കാൻ പോലീസും പട്ടാളവും വേണ്ടിവരും.

സുമ:—അതൊക്കെ എനിക്കറിയാം. നിന്റെ പോലീസും പട്ടാളവും. ഇങ്ങു കൂട്ടിക്കൊണ്ടുവരൂ.

നാണി:—കൊച്ചമ്മേ അപമര്യാദക്കേടു കാണിക്കല്ലേ. നാലുപേരുടെ മുഖത്തു നോക്കാൻ വൈയ്യുന്നാവും.

സുമ:—ചീ കഴുതേ നിന്നോടു ഞാനല്ലേ പറഞ്ഞത്. പറഞ്ഞു പറഞ്ഞ് താന്തോന്നിയായി അസത്ത്.

നാണി:—തിരുവായ്ക്കെതിർവായുണ്ടോ? ഞാമ്പോണേ. വ്ളാത്തടിപ്പിക്കാൻകൊള്ളാത്ത പരിശയെ വീട്ടിക്കേറ്റൂട്ടാലത്തെക്കഥ.... എന്റെ പരണിക്കാവിലമ്മേ ഇവനൊക്കെച്ചത്തു തൊലയണില്ലല്ലോ.

(ചന്ദ്രൻ പ്രവേശിക്കുന്നു. ചീകിമിനുക്കാത്ത തലമുടി)

സുമ:—അങ്ങ്.

ചന്ദ്രൻ:—ഞാനോ? ഒരു മനുഷ്യൻ.

സുമ:—അല്ല, അങ്ങാരാണെന്ന്.?

ചന്ദ്രൻ:—ഞാൻതന്നെ അതിലിത്ര സംശയമെന്താ?

സുമ:—പേര്?

ചന്ദ്രൻ:—തെണ്ടി.

സുമ:—അല്ല. ആ പേരല്ല ഞാൻ ചോദിച്ചത് വേറേ പേരില്ലേ? അച്ഛനമ്മയും നൽകിയ പേര്.

ചന്ദ്രൻ:—ഉണ്ട്. പക്ഷേ അവരോടൊത്ത് ആ പേരും മാഞ്ഞുപോയി.

സുമ:—എങ്കിലും ആ പേരെന്താണ്?

ചന്ദ്രൻ:—ചന്ദ്രൻ.

സുമ:—(ദീർഘനിശ്വാസത്തോടെ) അങ്ങ് എന്നും ഈ പാട്ടുമായി തെരുവുനീളേ അലഞ്ഞു തിരിയുന്നതെന്തിനാണ്?

ചന്ദ്രൻ:—പാടിയതീരൂ എന്നെനിക്കു നിർബന്ധമുള്ളതുകൊണ്ട്.

സുമ:—എന്തുചോദിച്ചാലും തർക്കുത്തരം പറയുന്നതെന്തിനാണ്.

ചന്ദ്രൻ:—നേരായവ അറിഞ്ഞുകൂടാത്തതുകൊണ്ട്.

സുമ:—അങ്ങേക്ക് അച്ഛനമ്മയുമില്ലേ?

ചന്ദ്രൻ:—എന്റെ അച്ഛനും അമ്മയും എല്ലാം ഞാൻതന്നെയാണ്.

സുമ:— സ്വന്തമായി വീടുമില്ലേ?

ചന്ദ്ര:—സ്വന്തം അതാക്കും ഇല്ലാത്തതാണ്. എനിയ്ക്കുമാത്രം എങ്ങിനെ ഉണ്ടാകാനാണ്.?

സുമ:—ക്ഷമിക്കണം ഞാൻ വിളിച്ചു വരുത്തിയതു തെറ്റായിരിക്കുമോ?

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ചന്ദ്ര:—തെറ്റാണെങ്കിൽ തിരുത്താൻ ശ്രമിക്കു ശരികാണാൻ പ്രയാസമുണ്ട്. ഞാൻ പോവുകയാണ്.

സുമ:—അങ്ങ്, അങ്ങ് നാളെയും വരുമോ?

ചന്ദ്ര:—നാളെ, ഇന്നുകഴിയട്ടെ. നാളത്തേതിൽ കൈവയ്ക്കുവാൻ മനുഷ്യന് അവകാശമില്ല.

സുമ:—അയ്യോ അങ്ങു വരികയില്ലേ?

ചന്ദ്ര:—എന്തിന്?

സുമ:—എനിക്കിനിയും പലതും അറിയുവാനുണ്ട്. അങ്ങ് വരികയില്ലേ?

ചന്ദ്ര:—(ആലോചിച്ചിട്ട്.) ശ്രമിക്കാം.(പോകുന്നു.)

സുമ:—(പോയവഴി നോക്കിയിട്ട്.) എന്തൊരു മനുഷ്യൻ! ഒരു തത്വജ്ഞാനിയുടെ ഈടുണ്ട് ആ ഉത്തരങ്ങൾക്ക്.

(കർട്ടൻ)

## രംഗം 2

(സുമ ഒരു പുസ്തകം വായിച്ചുകൊണ്ടിരിക്കുന്നു. നാണി അവളുടെ മുടികെട്ടി പൂ ചൂടിക്കൊടുക്കുന്നു.)

സുമ:—(പുസ്തകം അടച്ചിട്ട്) എടി നാണീ ഇതുവരെ അദ്ദേഹം വന്നില്ലല്ലോ!

നാണി;—മണോം കൊണോം ഇല്ലാത്ത ആ കഴുകിനെ ത്യാനിച്ച് കൊച്ചമ്മ പെരുമൂച്ചുവിടണതെന്തിന്?

സുമ;—നാണീ നീ വിചാരിക്കുന്നതുപോലെ വെറും തെണ്ടിയല്ല അദ്ദേഹം. നല്ലൊരു ചെറുപ്പക്കാരൻ. ഏതോ ഒരു വേദന അദ്ദേഹത്തെ വല്ലാതെ അലട്ടുന്നുണ്ട്. അതാണ് പാവം ഈ കോലമായതു്.

നാണി:—എൻ്റെ കുഞ്ഞേ, അവനെ അപ്പടിയങ്ങു നമ്പിയേക്കല്ലേ. കണ്ണിച്ചോരയില്ലാത്ത തിരുമാലികളാണിവന്മാര്.

സുമ:—നീയെന്തറിഞ്ഞു. അദ്ദേഹത്തിൻ്റെ ഓരോ വാക്കിലും വിഷാദക്കറയുണ്ടായിരുന്നു. കടുത്ത നൈരാശ്യമാണ് അദ്ദേഹത്തെ മൂകനാക്കുന്നതു്. എന്തായാലും തികഞ്ഞ ഒരു ആത്മാഭിമാനിയാണ്.

നാണി:—കൊച്ചമ്മ ചെറുപ്പമല്ലേ? കാണുന്നതൊക്കെ കണ്ണുമടച്ചങ്ങു തമ്മതിക്കും. എൻ്റൂടെ ഇവന്മാരുടെ കൊഴഞ്ഞാട്ടം ഒന്നും നടക്കുല്ല. ഇതുപോലെ എത്ര എണ്ണത്തെ വട്ടമനയിൽ നിറുത്തിയവളാ ഈ നാണി. ഞാമ്പറഞ്ഞതെല്ലാം ഇതൊന്നും കൊണ്ടും വരുന്ന കാര്യങ്ങളല്ല.

സുമ:—നീ മനുഷ്യരെ തിരിച്ചറിയാത്തവളാണ്. അല്ലെങ്കിൽ ആ പാവത്തിനെ ഇങ്ങനെയൊക്കെപ്പഴിക്കുമോ? നിൻ്റെ അഭിപ്രായത്തിൽ നല്ലവരില്ലേ?

നാണി:—ഇപ്പഴൊണ്ടോ നീതിയും ഞായവുമൊക്കെ നടക്കണ്. ദൈവത്തെക്കൂടെ നെഷേധിക്കണ കാലത്ത് പൊല്ലാപ്പല്ലാണ്ട വരുമോ.?

(ചന്ദ്രൻ പ്രവേശിക്കുന്നു. സുമ പരവശയായി എഴുന്നേല്ക്കുന്നു.)

നാണി:—എൻ്റെ കാവുംമൂട്ടിലമ്മേ.... (പെരുമൂച്ചോടെ പോകുന്നു.)

സുമ:—അങ്ങ് എന്താണിത്ര താമസിച്ചതു്?

ചന്ദ്ര:—നേരത്തെ വരാൻ കഴിയാഞ്ഞതുകൊണ്ടുതന്നെ.

സുമ:—വീണ്ടും ആ പഴയപല്ലവിതന്നെ തുടരുകയാണോ?

ചന്ദ്ര:—ഒരു പാട്ടിന് ഒരു പല്ലവിയല്ലേ കാണുകയുള്ളു. പാട്ടുതീരുവോളം ആ പല്ലവിതന്നെ തുടന്നു കേൾക്കും.

സുമ:—ഇന്നു ഞാൻ ചിലതൊക്കെ തുറന്നു ചോദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ശരിയായ ഉത്തരം പറയണേ.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ചന്ദ്ര:—ചോദിച്ചോളൂ. തെററ പററാതിരിക്കാൻ നോക്കാം. പക്ഷേ ചോദിച്ചവ ഇനി ആവർത്തിക്കരുത്.

സുമ:—അങ്ങ് എപ്പോഴും മ്ലാനവദനനായി കാണപ്പെടുന്നതെന്തുകൊണ്ടാണ്?

ചന്ദ്ര:—അതാണ് എനിക്കും ആലോചിച്ചിട്ട് പിടികിട്ടാത്തത്. ഞാനറിഞ്ഞുകൊണ്ട് അങ്ങനെയാവുകയല്ല.

സുമ:—ചിരിക്കുന്നതിൽ തെററുകാണാത്ത കൂട്ടത്തിലാണോ ചന്ദ്രൻ?

ചന്ദ്ര:—ചിരി. അതൊരുവക മറപ്പിക്കലാണ്. ഓർമ്മ നിലനില്ക്കുന്നിടത്തോളം അഥവാ മറവിയുണ്ടാകാതിരിക്കുന്നതുവരെ ചിരി മനുഷ്യനെ അലട്ടാറില്ല.

സുമ;—ഞാനൊരു കാര്യം ചോദിച്ചാൽ തെററിദ്ധരിക്കാതിരിക്കാമോ?

ചന്ദ്ര:—തെററിൽനിന്നു വേണ്ടേ ശരി കണ്ടെത്തുവാൻ. ശരിയായിട്ടുള്ളവ എന്നും ശരിയായിരിക്കും. ഞാൻ വിചാരിച്ചാൽമാത്രം അതൊരു തെററാവുകയുമില്ല.

സുമ:—അങ്ങ.... ....വിവാഹിതനാണോ?

ചന്ദ്ര:—വിവാഹം ആ കള്ളക്കച്ചവടത്തിന് ഞാനർഹനല്ലാതായിപ്പോയി. അല്ല, ഞാനതാഗ്രഹിക്കുന്നില്ല.

സുമ;—ചന്ദ്രൻ വിവാഹത്തെ ഇത്ര വെറുക്കുന്നതെന്ത്?

ചന്ദ്ര:—ഇതെന്തുചോദ്യമാണ്? ഞാനൊന്നു ചോദിക്കട്ടെ ഭവതി വിവാഹത്തെ ഇഷ്ടപ്പെടുന്നതെന്ത്?

സുമ:—അങ്ങൊരു മനുഷ്യനല്ലേ? മാനുഷിക വികാരങ്ങൾ അങ്ങേയ്ക്കുമില്ലേ.

ചന്ദ്ര:—മനസ്സിൻെറ അനിയന്ത്രിതാവസ്ഥയാണ് വികാരം. അതില്ലാത്തവൻ മനുഷ്യനല്ലെന്നുവന്നാൽപ്പോലും എനിക്കതൊരു പോരായ്മയായി തോന്നുന്നില്ല.

സുമ:—ചന്ദ്രനെ ഹൃദയംതുറന്നു സ്നേഹിക്കുന്ന ഒരു യുവതിയുണ്ടെങ്കിലോ?

ചന്ദ്ര:—അങ്ങനെ പെട്ടന്നാരും സ്നേഹിച്ചുകളയുമെന്ന് തോന്നുന്നില്ല.

സുമ:—സ്നേഹിച്ചാൽ?

ചന്ദ്ര:—സ്നേഹിച്ചോട്ടേ, അതിനാരുടേയും വരുതിവേണ്ടല്ലോ.

സുമ:—(വിഷാദത്തോടെ) ഒരു യുവതിക്കും പറയുവാനാവാത്ത ചില വികാരങ്ങൾ... .... .... അതൊന്നും അങ്ങേയ്ക്ക് അറിഞ്ഞുകൂടാത്തതുമല്ലല്ലോ. ആശകളുള്ള ഏതൊരു യുവതിയും ആഗ്രഹിക്കുന്നതാണവയൊക്കെ. അതൊരു തെററാകുമോ ചന്ദ്രാ?

ചന്ദ്ര:—എന്തു തെററാകുമോ എന്ന്?

സുമ:—സ്നേഹിക്കുക .... ....

ചന്ദ്ര:—എനിക്കും ആഗ്രഹങ്ങളുണ്ടായിരുന്നു. .... ....സ്നേഹവും. ആ സ്നേഹത്തിൽ വിശ്വാസവും പക്ഷെ അതൊന്നും നിലനിന്നില്ല. നീറുന്ന ചില സത്യങ്ങൾ മാത്രം അവശേഷിച്ചു.

സുമ:— (വികാര വിവശയായി) അപ്പോൾ അങ്ങ് .... .... ....

ചന്ദ്ര:—അതേ സുമേ എൻേറതല്ലെങ്കിലും, എന്നിൽനിന്നകന്നു പോയെങ്കിലും ഇന്നും ഹൃദയത്തിൻെറ കൊച്ചറയിൽ ഒരു യുവതിയുടെ ചേതോവികാരം അലതല്ലുന്നുണ്ട്. അതൊന്നും പെട്ടന്നങ്ങുതണുത്താറുന്നവയുമല്ല. അതുകൊണ്ട് .... ....

സുമ:—അതുകൊണ്ട്?

ചന്ദ്ര:—പുതിയ വേദനകൾകൂടി എനിക്കു പകർന്നു തരാതിരിക്കു.

സുമ:—അങ്ങ് എന്നെ വിശ്വസിക്കുന്നില്ലേ?

ചന്ദ്ര:—ഞാനെന്തിനു ഭവതിയെ അവിശ്വസിക്കണം!

സുമ:—എങ്കിൽ അങ്ങെന്നെ വെറുക്കുന്നതെന്താണ്?

ചന്ദ്ര:—വെറുക്കപ്പെട്ട ഒരു മനുഷ്യൻെറ മനസ്സ് കാലൻെറ ശവക്കോട്ടയ്ക്കു തുല്യമാണ്. എങ്കിലും എനിക്കാരേയും വെറുക്കണമെന്നില്ല.



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

സുമ:—ചന്ദ്രാ അങ്ങെന്നോട് അല്പമെങ്കിലും കരുണ കാണിക്കൂ.

ചന്ദ്ര:—കരുണയില്ലാത്ത ഒരു വർഗ്ഗത്തിൽ പിറന്നതാണു ഭവതിയും. ആ കരുണകെട്ടിന്റെ സന്തതിയാണ് ഈ തെണ്ടിയെന്നോർത്തിരുന്നെങ്കിൽ!

സുമ:—എനിക്കിനിയും മറ്റൊരാളുടെ ഹൃദയവേദന കണ്ടു നിൽക്കുന്നതിനുള്ള ശക്തിയില്ല. ഞാനങ്ങേയ്ക്കൊരു പ്രതിബന്ധമല്ല.... പക്ഷേ....

ചന്ദ്ര:—പക്ഷേ?

സുമ:—ഇല്ല; ഞാൻ എന്റെ ജീവിതത്തിൽ വേറൊരു പുരുഷനേയും സ്പർശിക്കുകയില്ല ചന്ദ്രാ .... .... ഇതുസത്യമാണ്. അങ്ങയ്ക്കിതോർമ്മയിരിക്കട്ടെ.

ചന്ദ്ര:— ജീവിതത്തിൽ നിന്നൊളിച്ചോടിപ്പോകുന്നഎനിക്ക് ഈ മൃദുലവികാരങ്ങളൊന്നും കണ്ടു നിൽക്കുവാൻ നേരമില്ല സുമേ. ഞാൻ പോവുകയാണ്. എങ്കിലും ഭവതിയുടെഅനുഭൂതികൾ എന്നിൽനിന്നും അകന്നുപോവുകയില്ല. ഭവതിക്കു .... നല്ലതുവരട്ടെ (വേദനയോടെ നടന്നുമറയുന്നു)

സുമ:—ചന്ദ്രാ.... .... ....(സാരിത്തുമ്പിൽ മുഖം അമർത്തി വിങ്ങിവിങ്ങിക്കരയുന്നു).

(കർട്ടൻ.)

---

(3 -ാം പേജിന്റെ തുടർച്ച)

